بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 5

ലക്കം 49

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഡിസംബർ 03/ഹി.ശം. 1399 ഫതഹ് 03/1442 റബീഉൽ ആഖർ 17

## അല്ലാഹുവിന്റെ വചനം

وَمَنۡ یَّعۡمَلۡ مِنَ الصّٰلِحٰتِ مِنۡ ذَکَرٍ اَوۡ اُنۡثٰی وَہُوَ مُؤۡمِنٌ فَاُولٰٓئِکَ یَدۡخُلُوۡنَ الۡجَنَّۃَ وَلَا یُظۡلَمُوۡنَ نَقِیۡرًا (النساء:125)

‘സത്യവിശ്വാസിയായിരിക്കെ ആണിൽനിന്നും പെണ്ണിൽനിന്നും ആര് സുകൃതം പ്രവർത്തിക്കുന്നുവോ അക്കൂട്ടർ സ്വർഗത്തിൽ പ്രവേശിക്കും. അവരോടു തരിമ്പും അനീതി കാണിക്കുകയില്ല .’ (4:125)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### ഇഖാമത്ത് കൊടുക്കുമ്പോൾ നമസ്കാരത്തിലേക്ക് ഓടി പോകരുത്.

**(907)** അബായ ബിൻ രിഫാഅയിൽ നിന്ന് നിവേദനം. അദ്ദേഹം പറയുന്നു: ഞാൻ ജുമുഅയ്ക്ക് പോകുകയായിരുന്നു. എന്നെ ഹദ്റത്ത് അബൂ അബാസ് (അബ്ദുർറഹ്മാൻ ബിൻ ജബർ(റ)) കണ്ടു. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു, ‘അല്ലാഹുവിന്റെ മാർഗത്തിൽ നടന്നിട്ട് വല്ലവന്റേയും പാദങ്ങളിൽ പൊടിപറ്റിയാൽ ആ സ്ഥലം എരിച്ചുകളയരുതെന്ന് നരകത്തോടു അല്ലാഹു കല്പിക്കും.’

**(908)** ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ‘നമസ്കാരത്തിന് ഇഖാമത്ത് വിളിക്കപ്പെട്ടാൽ നിങ്ങൾ ധിറുതി കാണിക്കരുത്. നടന്നുകൊണ്ട് പുറപ്പെടുക. ലഭിച്ചത് നമസ്കരിക്കുകയും നഷ്ടപ്പെട്ടത് പൂർത്തിയാക്കുകയും ചെയ്യുക.

**(909)** ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീഖത്താദ(റ) തന്റെ പിതാവിൽനിന്ന് നിവേദനം. നബി(സ)തിരു മേനി പറഞ്ഞു: ‘എന്നെ (എഴുന്നേല്ക്കുന്നതു)കാണുന്നതുവരെ നിങ്ങൾ നമസ്കരിക്കാൻ എഴുന്നേല്ക്കരുത്. നിങ്ങൾ ശാന്തതയോടെ എഴുന്നേൽക്കേണ്ടതാണ്.’

### തിരുത്ത്

ബദ്ർ വല്യം 5 ലക്കം 46 ൽ ഒന്നാം പേജിൽ അല്ലാഹുവിന്റെ വചനം എന്നശീർഷകത്തിൽ കൊടുത്തിരിക്കുന്ന 112-ാമത്തെ വചനത്തിന്റെ തർജമ ശരിയാണെങ്കിലും അറബിവാക്യത്തിൽ ‘**വമൻയ്യക്സിബ്** ’ എന്നതിനുശേഷം ‘**ഇഥ്മൻ ഫഇന്നാമാ**’ എന്നു വരേതിനു പകരം ‘**ഖത്വീഅത്തൻ ഔ ഇഥ്മൻ**’ എന്നു തുടങ്ങുന്ന 113-ാം വചനത്തിലെ ഭാഗമാണ് വന്നിട്ടുളളത്. ലേഔട്ടിൽ സംഭവിച്ച ഈ തെറ്റിൽ ഖേദിക്കുന്നു. **(പത്രാധിപർ)**

### ഈ ലക്കത്തിൽ


ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ഖുത്ബ ജുമുഅ 2020 ഒക്ടോബർ 23 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്


**ആത്മീയമായ പരിശുദ്ധി ആഗ്രഹിക്കുന്നവർക്ക് ബാഹ്യമായ പരിശുദ്ധിയും വൃത്തിയും ആവശ്യമാണ്. കാരണം ഒരു ശക്തിയുടെ സ്വാധീനം മറ്റൊന്നിലുമുണ്ടാകുന്നു. അതുകൊണ്ട് ജുമുഅയ്ക്കെങ്കിലും കുളി നിർബന്ധമാണ്. എല്ലാ നമസ്കാരത്തിനും വുളു ചെയ്യുക. നമസ്കരിക്കുമ്പോൾ അത്തർ പൂശുക.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ത്വാഊൻ അഥവാ പ്ലേഗ് ശിക്ഷയാണ്

അല്ലാഹു ഇതിന്റെ പേര് ‘റുജ്സ്’ എന്നാണ് വെച്ചിട്ടുള്ളത്. ശിക്ഷയ്ക്കാണ് ‘റുജ്സ്’ എന്നു പറയുന്നത്. ഒട്ടകത്തിന്റെ തുടയെല്ലിന്റെ മേൽഭാഗത്താണ് ഈ രോഗം ഉണ്ടാകുന്നതെന്ന് നിഘണ്ടു ഗ്രന്ഥങ്ങളിലെഴുതിയിരിക്കുന്നു. അതിൽ ഒരു കൃമി പതിയുന്നു. അതിന് ‘നഗഫ്’ (മൂക്കിലുണ്ടാകുന്ന കൃമി) എന്നു പറയുന്നു. ഇതിൽനിന്ന് സൂക്ഷ്മമായ ഒരു പോയന്റ് മനസ്സിലാകുന്നുണ്ട്; ഒട്ടകത്തിന്റെ പ്രകൃതിയിൽ ഒരുതരത്തിലുള്ള ധിക്കാരം കാണാം. ഇതിൽനിന്ന് മനുഷ്യരിൽ ആ ധിക്കാരത്തിന്റെ ദിനങ്ങൾ കണ്ടാൽ അവരിൽ വേദനാജനകമായ ശിക്ഷയുണ്ടാകുന്നതായാണ് കാണാൻ കഴിയുന്നത്. ഈ രോഗവും ദീർഘനാൾ നിലകൊള്ളുന്നതാണ്. വീട്ടിലെ എല്ലാവരേയും കാലിയാക്കിയതിനുശേഷമേ അവിടെനിന്ന് അത് ഇറങ്ങുകയുള്ളൂ. ഈ ബലാ വീടുകളെ ഉന്മൂലനം ചെയ്യുന്നതായും കണ്ടുവരുന്നു. കുട്ടികളെ യത്തീമാക്കുകയും അബലകളായ ധാരാളം സ്ത്രീകളെ വിധവകളാക്കുകയും ചെയ്യുന്നു.

‘റുജ്സ്’ എന്ന പദത്തിന്റെ അർഥത്തിൽ ചിന്തിക്കുമ്പോൾ, അതിന്റെ കാരണവും മനസ്സിലാകുന്നതാണ്; ഈ രോഗം മാലിന്യങ്ങളിൽനിന്നും വൃത്തിയില്ലായ്മയിൽനിന്നുമാണ് ഉണ്ടാകുന്നത്. നല്ല വൃത്തിയില്ലെങ്കിൽ, വീടിന്റെ ഭിത്തികൾ അഴുക്കുപുരണ്ടതും ഖബ്റുപോലെയുള്ളതും വെളിച്ചമില്ലാത്തതും വായുകടക്കാത്തതുമാണെങ്കിൽ അവിടെ ദുർഗന്ധത്തിന്റെ വിഷലിപ്തമായ കൃമികളുണ്ടാകുന്നു. അതിൽനിന്ന് ഈ രോഗമുണ്ടാകുന്നു. വർറുജ്സ ഫഹ്ജുർ (74:6) എല്ലാതരം മാലിന്യങ്ങളിൽനിന്നും വിട്ടൊഴിയുക. ‘ഹജ്ർ’ ദൂരത്തു പോകുന്നതിനാണ് പറയുന്നത്. ഇതിൽനിന്ന് മനസ്സിലാകുന്നത്, ആത്മീയമായ പരിശുദ്ധി ആഗ്രഹിക്കുന്നവർക്ക് ബാഹ്യമായ പരിശുദ്ധിയും വൃത്തിയും ആവശ്യമാണെന്നാണ്. കാരണം ഒരു ശക്തിയുടെ സ്വാധീനം മറ്റൊന്നിലും ഒരു വശത്തിന്റെ സ്വാധീനം മറ്റൊന്നിലുമുണ്ടാകുന്നു.

### ബാഹ്യമായ പരിശുദ്ധിയുടെ സ്വാധീനം ആന്തരികതലത്തിലുമുണ്ടാകുന്നു.

രണ്ടവസ്ഥകളുണ്ട്. ആന്തരികമായ അവസ്ഥ തഖ്വായിലും ത്വഹാറത്തിലും(ദൈവഭയത്തിലും പരിശുദ്ധിയിലും) നിലനില്ക്കണമെന്ന് ആഗ്രഹിക്കുന്നവർ ബാഹ്യമായ പരിശുദ്ധിയും ആഗ്രഹിക്കുന്നു. മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: *ഇന്നല്ലാഹ യുഹിബ്ബുത്തവ്വാബീന വയുഹിബ്ബുൽമുത്തത്വഹ്ഹിരീൻ*(2:223) അല്ലാഹു പറയുന്നു: ആന്തരികവും ബാഹ്യവുമായ പരിശുദ്ധി അന്വേഷിക്കുന്നവരെ ഞാൻ സ്നേഹിക്കുന്നു. ബാഹ്യമായ പരിശുദ്ധി ആഭ്യന്തരമായ പരിശുദ്ധിയുടെ സഹായിയും

(ശേഷം പേജ് 10ൽ)

**അല്ലാഹുവിന്റേയും റസൂലിന്റേയും കാര്യങ്ങൾ നേരമ്പോക്കിന്റേയും തമാശയുടേയും അവസരത്തിൽ വിവരിക്കുക അങ്ങേയറ്റം ഭയാനകമായ കാര്യമാണ്. ഇക്കാര്യം മനസ്സിനെ കറുപ്പിച്ചു കളയുന്നു. ഇങ്ങനെ പരിഹസിക്കുക എന്നത് സൗമ്യതയില്ലാത്ത മനുഷ്യൻ മാത്രമായിരിക്കും. ആരുടെ മനസ്സിലാണോ സൗമ്യതയില്ലാത്തത്, അവൻ മതത്തിന് ഫലപ്രദനാകുകയില്ല. ലോകത്തിനും ഫലപ്രദനാകുകയില്ല.**

അല്ലാഹു ഇസ്റായീൽ സന്തതികളോടു, ‘നിങ്ങൾ ‘ഹിത്ത്വത്തുൻ എന്നു പറയാൻ’ കല്പിച്ചു. അതായത് ‘അല്ലാഹുവേ! ഞങ്ങളുടെ പാപം പൊറുത്തുതന്നാലും.’ പക്ഷേ, അവർ പരിഹസിച്ചുകൊണ്ട് ‘ഹിൻത്വത്തുൻ’ എന്നു പറയാൻ തുടങ്ങി. അതായത് ഞങ്ങൾക്ക് ‘ഗോതമ്പ്’ തന്നാലും. അവരുടെ മനസ്സിൽ ഗോതമ്പിന്റെ ചൂടുള്ള ചപ്പാത്തിയുടെ അത്യാഗ്രഹമായിരുന്നു. അങ്ങനെ അവർ ‘ഹിത്ത്വത്തുൻ’ എന്നതിനെ വിഘപ്പിടിച്ച് ‘ഹിൻത്വത്തുൻ’ എന്നു പറയാൻ തുടങ്ങി. സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു:

‘നോക്കുക! എത്ര ചെറിയ കാര്യമാണ്. എന്നാൽ, അവർ അല്ലാഹുവിന്റെ കോപത്തിന് നിമിത്തമാക്കപ്പെട്ടു. അതിനുകാരണം സൗമ്യത കാരണത്താൽ മാത്രമേ മനുഷ്യന് നന്മയിൽ അഭിവൃദ്ധിപ്പെടാൻ കഴിയുകയുള്ളു എന്നതാണ്. മനുഷ്യൻ എത്ര ആരാധനാകർമങ്ങൾ അനുഷ്ഠിച്ചാലും, എത്രമാത്രം ജനസേവനം ചെയ്താലും അവന്റെ ഉള്ളിൽ ‘സൗമ്യത’ ഇല്ലെങ്കിൽ അവനൊരിക്കലും ആത്മീയമായി അഭിവൃദ്ധിപ്പെടുകയില്ല; ജനങ്ങൾക്ക് ശരിയായ നിലയിൽ ഫലപ്രദനാകാനും കഴിയുകയില്ല. മറിച്ച് അത്തരം സൗമ്യതയില്ലാത്തയാളുകൾ ചിലപ്പോൾ ജനങ്ങളെ ഭയാനകമായ നാശത്തിന്റെ കുഴിയിൽ തള്ളിയിടുകയും ചെയ്യും. ബാഹ്യമായി ‘ഹിത്ത്വത്തൂൻ’ എന്നതിനെ ‘ഹിൻത്വത്തുൻ’ എന്നാക്കി പറയുക എന്നത് ഒരു ചെറിയ കാര്യമായി തോന്നാം. പക്ഷേ, ചിന്തിക്കുകയാണെങ്കിൽ അങ്ങേയറ്റം പ്രധാനപ്പെട്ട കാര്യമാണിത്. കാരണം അല്ലാഹുവിന്റെ വചനമാണ് പരിഹസിക്കപ്പെടുന്നത്. ഇങ്ങനെ പരിഹസിക്കാൻ കഴിയുക എന്നത് സൗമ്യതയില്ലാത്ത മനുഷ്യനുമാത്രമായിരിക്കും. ആരുടെ മനസ്സിലാണോ സൗമ്യതയില്ലാത്തത്, അവൻ മതത്തിന് ഫലപ്രദനാകുകയില്ല. ലോകത്തിനും ഫലപ്രദനാകുകയില്ല. ചെറിയ ചെറിയ പ്രകോപനമുണ്ടാകുന്ന അവസരത്തിൽ, ചെറിയ ചെറിയ അത്യാശയുടെ അവസരത്തിൽ മതത്തിനോടും രാജ്യത്തിനോടും വഞ്ചന ചെയ്യാൻ അത്തരമാളുകളെ പ്രേരിപ്പിക്കുന്നു. ഇന്ന് മുസ്ലിമീംകളുടേയും ഇതേ അവസ്ഥയാണ്. മതമില്ലാത്തവൻ, മതമില്ലാത്തവൻ തന്നെയാണ്. എന്നാൽ, മതവിശ്വാസി എന്നു പറയപ്പെടുന്നവർ, ഉലമാ ആകട്ടെ സ്വൂഫികളാകട്ടെ അവരും ദീനീപരമായ കാര്യങ്ങൾകൊണ്ട് പ

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഇ**

## ഹെൻഡ്രി മാർട്ടിൻ ക്ലാർക്കുമായി മുബാഹലയുടെ ആലോചന – പകുതി സ്വത്ത് ഇനാമായി നല്കാമെന്ന് വെല്ലുവിളി.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വെല്ലുവിളി ഞങ്ങൾ ആ മഹാത്മാവിന്റെ ഗ്രന്ഥമായ 'ഹുജ്ജത്തുൽ ഇസ്‌ലാം' റൂഹാനീ ഖസാഇൻ വാള്യം 6–ൽ നിന്നാണ് സമർപിക്കുന്നത്. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദും(അ), പാതിരി അബ്ദുല്ലാഹ് ആഥിമും തമ്മിൽ അമൃതസറിൽവച്ച് 1893 മെയ് 22 മുതൽ ജൂൺ 5വരെ ജങ്കെ മുഖദ്ദസ്(വിശുദ്ധ യുദ്ധം)എന്ന പേരിൽ 15 ദിവസംവരെ നടന്ന സംവാദത്തിന്റെ പശ്ചാത്തലം ഈ ഗ്രന്ഥത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ഈ സംവാദത്തിന്റെ സംഘാടകൻ ഡോക്ടർ മാർട്ടിൻ ക്ലാർക്കായിരുന്നു. ആ നാളുകളിൽ പഞ്ചാബിലെ 13 പ്രസിദ്ധ നഗരങ്ങളിൽ ക്രിസ്ത്യാനികളുടെ വലിയ വലിയ മിഷൻ ഉണ്ടായിരുന്നു. അവയിലൊന്ന് അമൃതസർ മിഷനായിരുന്നു. ഹെൻഡ്രി മാർട്ടിൻ ക്ലാർക്ക് അമൃതസർ ജില്ലയുടെ മെഡിക്കൽ മിഷണറി ഇൻചാർജായപ്പോൾ അദ്ദേഹം 1882–ൽ അമൃതർ മെഡിക്കൽ മിഷന്റെ ഒരു ശാഖ അമൃതസർജില്ലയിലെ ജൻഡിയാലയിലും തുറന്നു. അതുമുഖേന അവിടുത്തെ ക്രിസ്ത്യാനികൾക്ക് വൈപുല്യം കൈവന്നു. ക്രൈസ്തവ പ്രചാരകൻ മുസ്‌ലിമീങ്ങളെ പ്രബോധനം ചെയ്തു. കുറച്ച് എഴുത്തും വായനയും അറിയുന്ന ആളായിരുന്നു ജൻഡിയാലയിലെ ഒരു മുസ്‌ലിമായ മിയാൻ മുഹമ്മദ് ബഖ്ശ് പാൻദ, അയാൾ മുസ്‌ലിമീങ്ങളെ ക്രൈസ്തവർക്കെതിരിൽ ആക്ഷേപങ്ങൾ ഉന്നയിക്കാനും ചോദ്യങ്ങൾ ചോദിക്കാനും പഠിപ്പിച്ചു. ഇതുകൊണ്ട് ക്രൈസ്തവ പ്രചാരകൻ ബുദ്ധിമുട്ടിലായി. അയാൾ ഡോക്ടർ ഹെൻഡ്രി മാർട്ടിൻ ക്ലാർക്കിനെ വിവരങ്ങൾ അറിയിച്ചു. ഹെൻഡ്രി മാർട്ടിൻ ക്ലാർക്ക് മിയാ മുഹമ്മദ് ബഖ്ശ് സാഹിബ് പാൻദയുടെ പേരിൽ കത്തെഴുതി. 'ജനാബെമൻ! ഈ നാളുകളിൽ കസബ ജൻഡിയാലയിൽ ക്രിസ്ത്യാനികൾക്കും മുസ്‌ലിമീങ്ങൾക്കുമിടയിൽ ഒരുപാട് ചർച്ചകൾ നടന്നുവരികയാണ്. താങ്കളുടെ കുറച്ചാളുകൾ ക്രൈസ്തവ മതത്തിനുമേൽ ആക്ഷേപം ഉന്നയിക്കുന്നു. ധാരാളം ചോദ്യങ്ങളും ഉത്തരങ്ങളും നടന്നുവരുന്നു; നടത്താൻ ആഗ്രഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഒരു പൊതുയോഗം സംഘടിപ്പിക്കുന്നത് നല്ലതാണ്. ഇതിൽ മുസ്‌ലിമീങ്ങളും അവരുടെ കൂടെ ഉലമായും അവർക്ക് തൃപ്തരായ മറ്റു മഹാത്മാക്കളും പങ്കെടുക്കട്ടെ. ഇപ്രകാരംതന്നെ ക്രൈസ്തവപക്ഷത്തുനിന്ന് ഏതെങ്കിലും ആളെ സമർപിക്കേണ്ടതാണ്. ഇന്നു നടന്നുവരുന്ന എല്ലാ തർക്കവിതർക്കങ്ങൾക്കും അങ്ങനെ പരിഹാരമാകട്ടെ. നന്മയും തിന്മയും സത്യവും അസത്യവും സ്ഥാപിതമാകട്ടെ. മുസ്‌ലിമീങ്ങൾ അത്തരം സംവാദത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നില്ലെങ്കിൽ, ഭാവിയിൽ തങ്ങളുടെ വ്യർഥമായ ഭാഷണം സംസാരരംഗത്ത് കൊണ്ടുവരാതിരിക്കുക. പ്രബോധനരംഗത്തും മറ്റു അവസരങ്ങളിലും അടിസ്ഥാനരഹിതമായ തെളിവുകൾ കൊണ്ടുവരാതെ മൗനംപാലിക്കുക. ദയവുചെയ്ത് ഈ കത്തിന് എത്രയും വേഗം മറുപടി നല്കുക. ഞങ്ങളുടെ ഈ ക്ഷണം സ്വീകരിക്കുകയാണെങ്കിൽ ജൽസയ്ക്കും ചർച്ച ചെയ്യേണ്ട വിഷയതീരുമാനത്തിനുമുള്ള ഏർപാട് ചെയ്യേണ്ടതാണ്. (ഹുജ്ജത്തുൽ ഇസ്‌ലാം. റൂഹാനീ ഖസാഇൻ, വാള്യം 6, പേജ് 60)

മിയാൻ മുഹമ്മദ് ബഖ്ശ് പാൻദ സാഹിബ് ഈ വിവരങ്ങളെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അറിയിച്ചുകൊണ്ടെഴുതി: 'കസബ ജൻഡിയാലയിലെ ക്രിസ്ത്യാനികൾ കുറച്ചുകാലമായി വളരെയധികം ബഹളവും കോലാഹലവും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ, ഇന്ന് 1893 ഏപ്രിൽ 11ന് ജൻഡിയാലയിലെ ക്രിസ്ത്യാനികൾ അമൃതസറിലെ ഡോക്ടർ മാർട്ടിൻ ക്ലാർക്ക് സാഹിബ് മുഖേന ഒരു കത്തയച്ചിരിക്കുന്നു. അതായത് ജൻഡിയാലയിലെ മുസ്‌ലിമീങ്ങൾ തങ്ങളുടെ ഉലമാഇനേയും മതത്തിലെ മറ്റു മഹാത്മാക്കളേയും സംഘടിപ്പിച്ച് ഒരു പൊതുയോഗം വെക്കുക. അങ്ങനെ സത്യദീൻ അന്വേഷിക്കുക. ഇല്ലെങ്കിൽ തുടർന്ന് ചോദ്യങ്ങൾ ചോദിക്കുന്നതിൽനിന്ന് പിന്മാറി മൗനം പാലിക്കുക. ജൻഡിയാലയിലെ ഭൂരിഭാഗം മുസ്‌ലിമീങ്ങളും ബലഹീനരും ദരിദ്രരുമാണ്. അതുകൊണ്ട് അങ്ങയോട് അപേക്ഷിക്കുന്നത്, അങ്ങ് ജൻഡിയാലയിലെ മുസ്‌ലിമീങ്ങളെ സഹായിക്കുക. ഇല്ലെങ്കിൽ അവർ മുസ്‌ലിമീങ്ങളുടെമേൽ പ്രഹരമേല്പിക്കുന്നതാണ്. ഇപ്രകാരം തന്നെ ക്രിസ്ത്യാനികളുടെ കത്ത് വായിച്ച് അവർക്കെന്താണ് മറുപടി നല്കേണ്ടതെന്നും അറിയിക്കുക. (ഹുജ്ജത്തുൽ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 56)

ജൻഡിയാലയിലെ ദുർബലരായ മുസ്‌ലിമീങ്ങളുടെമേൽ സമ്മർദ്ദം ചെലുത്തിയും അവരെ താളംതെറ്റിച്ചും ക്രിസ്തുമതത്തിന്റെ മടിത്തട്ടിൽ ഇടാമെന്ന് ഡോക്ടർ പാതിരി മാർട്ടിൻ ക്ലാർക്ക് ആഗ്രഹിച്ചിട്ടുണ്ടാകും. ഈ ഉപായം തങ്ങൾക്കുതന്നെ വിനയാകുമെന്ന് അവർ ഒരിക്കലും വിചാരിച്ചിട്ടുണ്ടാകുകയില്ല. അവർക്ക് ദൈവത്തിന്റെ സിംഹമായ ജരിയുല്ലാഹി ഫീഹുലലിൽ അമ്പിയായുടെ മുമ്പിൽ വരേണ്ടിവരുമെന്ന് കരുതിയിട്ടുണ്ടാവില്ല. ലോകാവസാനംവരെ ക്രിസ്ത്യാനികളുടെ നെറ്റിത്തടത്തിൽ നിന്ദ്യതയുടേയും അപമാനത്തിന്റേയും കല പതിയുമെന്നും വിചാരിച്ചിട്ടുണ്ടാകുകയില്ല. ഈ കത്ത് വായിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അതീവ സന്തോഷമാണുണ്ടായത്. കാരണം ആ മഹാത്മാവ് അത്തരം സന്ദർഭം പരതിനടക്കുകയായിരുന്നു. മുഹമ്മദ് ബഖ്ശ് പാൻദയുടെ കത്ത് ലഭിച്ചുടനെ അവിടന്ന് ഇനി പാതിരി മാർട്ടിൻ ക്ലാർക്ക് ആഗ്രഹിച്ചാൽതന്നെയും സംവാദം സംഘടിപ്പിക്കുന്നതിൽനിന്ന് പിന്മാറാൻ പറ്റാത്തവിധം ഒരു കുരുക്കിട്ടു. അവിടന്ന് പാതിരി മാർട്ടിൻ ക്ലാർക്കുമായി എഴുത്തുകുത്തുകൾ ആരംഭിച്ചു. 15 പേരടങ്ങുന്ന ഒരു സംഘത്തെ അമൃതസറിൽ അദ്ദേഹത്തിന്റെ അടുത്തയച്ച് സംവാദത്തിന്റെ നിബന്ധനകളും മറ്റു കാര്യങ്ങളും തയ്യാറാക്കാൻ അറിയിച്ചു. അതിൽ മിയാൻ മുഹമ്മദ് ബഖ്ശ് പാൻദ സാഹിബുമുണ്ടായിരുന്നു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) *'ഡോക്ടർ പാതിരി ക്ലാർക്ക് സാഹിബിന്റെ വിശുദ്ധയുദ്ധവും അദ്ദേഹത്തെ നേരിടാനുള്ള വിജ്ഞാപനവും'* എന്ന ശീർഷകത്തിലെഴുതി:

'ഡോക്ടർ സാഹിബ് അദ്ദേഹത്തിന്റെ ചില കത്തുകൾ മുഖേന ഇസ്‌ലാമിലെ ഉലമായുമായി 'ജങ്കെ മുഖദ്ദസ്' എന്ന പേരിൽ ഒരു സംവാദത്തിന് തയ്യാറെടുത്തുകൊണ്ടിരിക്കുകയാണെന്ന് അറിയാൻ കഴിഞ്ഞു. അദ്ദേഹം തന്റെ കത്തിൽ ഇങ്ങനെയും വെളിപ്പെടുത്തിയിട്ടുണ്ട്, ഈ യുദ്ധം ഒരു പരിപൂർണമായ തീരുമാനമുണ്ടാകുക എന്ന ഉദ്ദേശ്യത്തോടെയാണ് നടത്തുന്നത്. മുസ്‌ലിം ഉലമാ ഈ യുദ്ധത്തിൽനിന്ന് മുഖംതിരിക്കുകയാണെങ്കിൽ അല്ലെങ്കിൽ പരാജയപ്പെടുകയാണെങ്കിൽ, ക്രിസ്ത്യൻ ഉലമാഇന്റെ മുമ്പിൽ നില്ക്കാൻ അവകാശമുണ്ടായിരിക്കുകയില്ലെന്ന ഭീഷണിയും അദ്ദേഹം മുഴക്കുകയുണ്ടായി. അല്ലെങ്കിൽ തന്റെ മതത്തെ സത്യമായി മനസ്സിലാക്കാനോ ക്രൈസ്തവ ജനതയുടെ മുമ്പിൽ നില്ക്കാനോ സാധ്യമല്ല. ഈ വിനീതനാണെങ്കിൽ അതേ ആത്മീയ യുദ്ധത്തിനുവേണ്ടിയാണ് നിയമിതനായി വന്നിട്ടുള്ളത്. അല്ലാഹുവിൽനിന്ന് വെളിപാടു കിട്ടിയതനുസരിച്ച് എല്ലാ ഓരോ മൈതാനത്തും വിജയം നമുക്കാണ് ഉണ്ടാകുക എന്നും അറിയാം. അതുകൊണ്ട് ഒട്ടും താമസിയാതെ ഡോക്ടർ സാഹിബിനെ അറിയിച്ചുകഴിഞ്ഞിരിക്കുന്നു. ഈ യുദ്ധത്തിലൂടെ സത്യാസത്യം തുറന്നനിലയിൽ പ്രകടമാകണമെന്നാണ് നാം ഉദ്ദേശിക്കുന്നത്. (Ibid,പേജ് 44)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) സംവാദത്തിനുശേഷം മുബാഹലയെ കുറിച്ച് പറഞ്ഞുകൊണ്ടെഴുതി:

'വർഷങ്ങളായുള്ള അനുഭവംകൊണ്ട് സ്ഥാപിതമായി കഴിഞ്ഞിട്ടുള്ളത് ബുദ്ധിപരവും പ്രമാണപരവുമായുള്ള സംവാദങ്ങളിൽ എത്ര വ്യക്തമായും ഒരു കക്ഷി വിജയം വരിച്ചാലും മറുകക്ഷിയിലുള്ള ആളുകൾ ഒരിക്കലും തങ്ങൾ യഥാർഥത്തിൽ പരാജയപ്പെട്ടുവെന്ന് വിശ്വസിക്കുകയില്ലന്നാണ്. പ്രത്യുത വാദങ്ങൾ പ്രസിദ്ധീകരിക്കുന്ന നേരത്ത് തങ്ങളുടെ എഴുത്തുകളിൽ അടിക്കുറിപ്പ് എഴുതിയെഴുതി തങ്ങളുടെ വിജയങ്ങളിൽതന്നെ ഉറച്ചു നില്ക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. കേവലം അതേതരത്തിലുള്ള പ്രമാണപരമായ ചർച്ചയാണെങ്കിൽ ഒരു ബുദ്ധിമാന് പ്രവചിക്കാൻ കഴിയും, ഈ സംവാദവും പാതിരി സാഹിബുമാരും ഇസ്‌ലാമിലെ ഉലമായും ഇതുവരെ നടത്തിവന്നതുപോലുള്ള സംവാദമാകുമെന്ന്.

ഇക്കാരണങ്ങൾ വിചാരിച്ചുകൊണ്ട് 6 ദിവസത്തിനുശേഷം അതായത് ഇരുകക്ഷികളും തങ്ങളുടെ ആറാറു ദിവസം പൂർത്തിയാക്കിക്കഴിഞ്ഞാൽ പരസ്പരം മുബാഹലയും നടത്തണമെന്ന് ഡോക്ടർ സാഹിബിനെ രജിസ്റ്റേർഡ് കത്തു മുഖേന അറിയിക്കുകയും ചെയ്തിരുന്നു. ഇരുകക്ഷികളും അവരവരുടെ മതത്തെ സഹായിക്കാൻ ദൈവത്തിനോടു ദൈവികദൃഷ്ടാന്തം തേടിയാൽ മാത്രം മതിയാകുന്നതാണ്. ആ ദൃഷ്ടാന്തങ്ങൾ വെളിപ്പെടാൻ ഒരു വർഷത്തെ സമയം നിശ്ചയിക്കാം. പിന്നീട് ഏതു കക്ഷിയ്ക്ക് അനുകൂലമായിട്ടാണോ ദൈവദൃഷ്ടാന്തം വെളിപ്പെടുന്നത് അത് മനുഷ്യശക്തിക്കതീതമായിരിക്കണം, അതിനെ നേരിടാൻ എതിർകക്ഷിക്ക് കഴിയാതെയുമിരിക്കണം, പരാജയപ്പെടുന്ന കക്ഷി വിജയിക്കുന്ന കക്ഷിയുടെ മതം സ്വീകരിക്കേണ്ടത് നിർബന്ധമായിരിക്കും. അല്ലാഹു ആരെയാണോ ദൈവദൃഷ്ടാന്തത്തോടുകൂടി വിജയിപ്പിക്കുന്നത് അവരുടെ മതം! മതം സ്വീകരിക്കുന്നത് നിഷേധിച്ചാൽ തന്റെ പകുതി സ്വത്ത് സത്യമതത്തെ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ വിജയിച്ച കക്ഷിക്ക് നല്കേണ്ടതാണ്. ഈ രീതി മുഖേന സത്യവും അസത്യവും തമ്മിൽ വേർതിരിച്ച് അറിയപ്പെടും. അതിനാൽ ഈ വിജ്ഞാപനം മുഖേന ഡോക്ടർ സാഹിബിന്റേയും അദ്ദേഹത്തിന്റെ എല്ലാ സംഘങ്ങളുടേയും സന്നിധിയിൽ അപേക്ഷിക്കാനുള്ളത്, ഏതൊരു അവസ്ഥയിലാണോ നിങ്ങൾ ഈ സംവാദത്തിന്റെ പേര് 'വിശുദ്ധയുദ്ധം' എന്നു വെക്കുക,മുസ്‌ലിമീങ്ങളുടേയും ക്രിസ്ത്യാനികളുടേയും ഇടയിൽ ഖണ്ഡിതമായ തീരുമാനമുണ്ടാകണമെന്ന് ആഗ്രഹിക്കുക, സത്യവാനും സർവജ്ഞനുമായ ദൈവം ആരുടെ പക്ഷത്താണെന്ന കാര്യം വ്യക്തമാകുക തുടങ്ങിയവയെല്ലാം സാധാരണ സംവാദങ്ങൾകൊണ്ട് തീരുമാനമാകുമെന്നതും അതിനെക്കാൾ നല്ലമറ്റൊരു മാർഗവുമില്ലെന്നതുമുള്ള അഭിപ്രായം സദുദ്ദേശ്യത്തോടെയാണെന്ന് പ്രതീക്ഷിക്കുന്നത് വ്യർഥമാണ്. ദൈവസ

(ശേഷം പേജ് 9ൽ)

# ഖുത്ബ ജുമുഅ

ജനങ്ങളിൽവച്ച് എനിക്കേറ്റവും അടുത്തവൻ മുത്തഖി അഥവാ ഭയഭക്തിയുള്ളവനാകുന്നു.
അത് ആരാണെങ്കിലും എവിടെയാണെങ്കിലും വേണ്ടില്ല.

ഹദ്റത്ത് മുആദ്(റ)നിവേദനം. നബി(സ)തിരുമേനി അദ്ദേഹത്തെ യമനിലേക്ക് അയക്കുമ്പോൾ പറഞ്ഞു:
'ഭൗതിക സുഖസൗഭാഗ്യങ്ങളുടെ ജീവിതം സ്വീകരിക്കുന്നതിൽനിന്ന് രക്ഷപ്പെടുക.
കാരണം അല്ലാഹുവിന്റെ ദാസന്മാർ ഭൗതികാഢംബരങ്ങളുടെ ജീവിതം സ്വീകരിക്കാറില്ല.'

ഇന്നത്തെ മുസ്ലിമീങ്ങളുടെ അവസ്ഥ നോക്കുവിൻ, ഈ പറയുന്ന നിലയിലാണോ അവർ വർത്തിക്കുന്നത്.
നബിചരിത്രവും നബിദിനവും ആഘോഷിക്കുന്നു. നബിദിനം ആഘോഷിക്കുന്നതിന്റെ യാഥാർഥ്യം
നബി(സ)തിരുമേനിയുടെ ഉത്തമ മാതൃകയും ഉപദേശങ്ങളും പ്രാവർത്തികമാക്കുക എന്നതാകുന്നു.

**ഖുത്ബ ജുമുഅ 2020 ഒക്ടോബർ 30/1399 അഖാഅ് 30**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ - اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ
الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ഖുത്ബയിൽ ഹദ്റത്ത് മുആദ് ബിൻ ജബൽ(റ)നെ കുറച്ചുള്ള അനുസ്മരണമാണ് നടന്നിരുന്നത്. ഇന്നും അതിന്റെ തുടർച്ചയാണ്.

ഹദ്റത്ത് മുആദ്(റ)ഉദാരമതിയായിരുന്നു. നല്ലവണ്ണം ചെലവഴിക്കുന്ന ആളായിരുന്നു. അതുകാരണം അദ്ദേഹത്തിന് അധികവും കടം വാങ്ങേണ്ടിവന്നിരുന്നു. കടം കൊടുത്തവർ കൂടുതൽ ബുദ്ധിമുട്ടിക്കാൻ തുടങ്ങിയപ്പോൾ കുറച്ചുദിവസം അദ്ദേഹം വീട്ടിൽത്തന്നെ നിശബ്ദനായി കഴിച്ചുകൂട്ടി. അങ്ങനെ അവർ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി കടം തിരികെ വാങ്ങിത്തരാൻ അപേക്ഷിച്ചു. നബി(സ)തിരുമേനി, ഹദ്റത്ത് മുആദിനെ ആളെ വിട്ട് വിളിപ്പിച്ചു. ഹദ്റത്ത് മുആദിന്റെ സ്വത്തിനേക്കാളും കൂടുതൽ കടമായപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, തങ്ങളുടെ ഭാഗം ഒഴിവാക്കുന്നവരോട് അല്ലാഹു കരുണ കാണിക്കുന്നതാണ്. അങ്ങനെ കുറച്ച് ആളുകൾ തങ്ങളുടെ കടം മാപ്പാക്കി. എന്നാൽ, ചിലയാളുകൾ തങ്ങൾ കൊടുത്ത കടം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ മുഴുവൻ സ്വത്തും അവർക്കിടയിൽ വിതരണം ചെയ്തു. പക്ഷേ, എന്നിട്ടും കടം മുഴുവൻ കൊടുത്തുവീട്ടാൻ കഴിഞ്ഞില്ല. മറിച്ച് എല്ലാവർക്കും അവരുടെ കടത്തിന്റെ കുറച്ചു ഭാഗം കിട്ടി. കടം കൊടുത്തവരാണെങ്കിൽ ബാക്കി തുകയും തങ്ങൾക്ക് കിട്ടണമെന്ന് ആവശ്യപ്പെടുകയാണുണ്ടായത്. അപ്പോൾ നബി(സ)പറഞ്ഞു: അദ്ദേഹത്തെ നിങ്ങൾ വിടുവിൻ! ഇനി ഇതിൽ കൂടുതൽ കിട്ടുകയില്ല. ഈ കിട്ടിയ സമ്പത്ത് കൊണ്ടുപൊയ്ക്കൊള്ളുക. ഹദ്റത്ത് മുആദിന്റെ പക്കൽ ഒന്നും ബാക്കിയാകാതായപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തെ യമനിലേക്ക് അയച്ചുകൊണ്ടു പറഞ്ഞു: 'എത്രയും വേഗം അല്ലാഹു താങ്കളുടെ നഷ്ടം നികത്തുന്നതാണ്. താങ്കളുടെ കടം വീടുന്നതാണ്.' (സയ്റുസ്സ്വഹാബ, വാള്യം 3, പേജ് 502, മുആദ് ബിൻ ജബൽ(റ), പ്രസാധകർ ദാറുൽ ഇശാഅത്ത് കറാച്ചി.)(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 5, പേജ് 188, മുആദ് ബിൻ ജബൽ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2003)(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 440 –441, മുആദ് ബിൻ ജബൽ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1990)

ആ സന്ദർഭത്തിൽ നബി(സ)തിരുമേനി, ഹദ്റത്ത് മുആദിനോട് ഇത്രയും കൂടി പറഞ്ഞു: 'മുആദേ! താങ്കൾക്ക് ഒരുപാട് കടമുണ്ട്. ആരെങ്കിലും ഉപഹാരം കൊണ്ടുവന്നാൽ അത് വാങ്ങുവാൻ താങ്കൾക്ക് അനുവാദം തന്നുകൊള്ളുന്നു.'(സയ്റുസ്സ്വഹാബ, വാള്യം 5, പേജ് 146, പ്രസാധകർ ദാറുൽഇശാഅത്ത് ലാഹോർ) നബി(സ)തിരുമേനി പറഞ്ഞു: 'ഉപഹാരം സ്വീകരിക്കാൻ താങ്കൾക്ക് അനുമതി തന്നുകൊള്ളുന്നു.'അതായത് ഉപഹാരം സ്വീകരിക്കുക എന്നത് അല്ലെങ്കിലും കുറ്റമൊന്നുമില്ല.അതുമുഖേന സ്നേഹം വർധിക്കുമെന്നാണ് പറയുന്നത്. പക്ഷേ, ഇദ്ദേഹം അവിടെ പ്രതിനിധിയായി അയക്കപ്പെട്ടതാണ്. അതുകൊണ്ടാണ് നബി(സ)തിരുമേനി ഇതെടുത്ത് പറഞ്ഞത്. ഈ പ്രാതിനിധ്യം കാരണം ആരെങ്കിലും താങ്കൾക്ക് ഉപഹാരം നൽകുകയാണെങ്കിൽ അത് സ്വന്തമായി ഉപയോഗിക്കാൻ താങ്കൾക്ക് അനുമതി തന്നുകൊള്ളുന്നു. കാരണം അത് പൊതുവിൽ ബയ്ത്തുൽ മാലിലേക്കോ, നബി(സ)തിരുമേനിക്കുവേണ്ടിയോ ആണ് നൽകപ്പെടുന്നത്.

ഹദ്റത്ത് മുആദ് ബിൻ ജബൽ(റ)നിവേദനം. നബി(സ)തിരുമേനി അദ്ദേഹത്തെ യമനിലേക്ക് അയക്കുമ്പോൾ ഉപദേശിക്കുന്നതിനുവേണ്ടി പുറത്തേക്ക് ഇറങ്ങി. ഹദ്റത്ത് മുആദ്(റ) തന്റെ വാഹനത്തിൽ ഇരിക്കുകയായിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ വാഹനത്തോടൊപ്പം നടന്നു നീങ്ങുകയായിരുന്നു. അങ്ങനെ നബി(സ) തിരുമേനി സംസാരം പൂർത്തിയാക്കിയതിനുശേഷം പറഞ്ഞു: 'ഒരുപക്ഷേ അടുത്ത ഈ വർഷം എനിക്ക് നിങ്ങളെ കാണാൻ കഴിഞ്ഞുവെന്നുവരില്ല. നിങ്ങൾ എന്റെ മസ്ജിദിന്റേയും ഖബ്റിന്റേയും അടുത്തുകൂടെ പോകാൻ സാധ്യതയുണ്ട്.' ഇതുകേട്ടപ്പോൾ നബി(സ)തിരുമേനിയിൽ നിന്ന് വിട്ട് പിരിയുന്നതു കാരണം അദ്ദേഹം വാവിട്ടു കരയാൻ തുടങ്ങി. തുടർന്ന് നബി(സ) തിരുമേനി തന്റെ മുഖം തിരിച്ച് മദീനയിലേക്ക് നോക്കിക്കൊണ്ട് പറഞ്ഞു: 'ജനങ്ങളിൽവച്ച് എനിക്കേറ്റവും അടുത്തവൻ മുത്തഖി അഥവാ ഭയഭക്തിയുള്ളവനാകുന്നു. അത് ആരാണെങ്കിലും എവിടെയാണെങ്കിലും വേണ്ടില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് മുആദ് ബിൻ ജബൽ, വാള്യം 7, പേജ് 359, ഹദീഥ് 22402, ആലമുൽകുതുബ് ബെയ്റുത്ത് 1998)

മറ്റൊരു നിവേദനത്തിൽ പറയുന്നു. നബി(സ) തിരുമേനി ഒരു സന്ദർഭത്തിൽ ഹദ്റത്ത് മുആദിനോട് പറഞ്ഞു: 'നിങ്ങൾ അടുത്തുതന്നെ അഹ്ലെ കിതാബ് (ഗ്രന്ഥാനുസാരികൾ)ന്റെ അടുക്കലൂടെ പോകുന്നതായിരിക്കും. നിങ്ങൾ അവരുടെ അടുക്കലെത്തിയാൽ അവരെ, 'അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കാൻ' ക്ഷണിക്കണം. അവർ നിങ്ങൾ പറഞ്ഞത് അംഗീകരിച്ചാൽ 'അല്ലാഹു നിങ്ങൾക്ക് രാപ്പകൽ അഞ്ചു നമസ്കാരങ്ങൾ നിശ്ചയിച്ചിരിക്കുന്നു' അവരോട് പറയുക. നിങ്ങളുടെ ഈ കാര്യവും അംഗീകരിച്ചാൽ അവരോട് പറയുക, 'അല്ലാഹു നിങ്ങൾക്ക് സ്വദഖ നിശ്ചയിച്ചിരിക്കുന്നു.' അത് അവരുടെ ധനാഢ്യരിൽ നിന്നും വാങ്ങി ദരിദ്രർക്ക് നൽകപ്പെടുന്നതാണ്. അങ്ങനെ അവർ നിങ്ങളുടെ ഈ കാര്യം അംഗീകരിച്ചാൽ അവരിൽനിന്ന് ഏറ്റവും നല്ല സമ്പത്ത് സ്വദഖയായി വാങ്ങരുത് മറിച്ച് ഇടത്തരം നിലവാരമുള്ളത് വാങ്ങുക. മർദിതന്റെ പ്രാർഥനയെ സൂക്ഷിക്കുക. കാരണം അതിനും അല്ലാഹുവിനും ഇടയിൽ ഒരുവിധ തടസ്സവുമില്ല.'(സ്വഹീഹുൽബുഖാരി, കിതാബുൽമഗാസി, ഹദീഥ് 4347)

മർദിതന്റെ രോദനത്തിൽനിന്ന് കാത്തു കൊള്ളാൻ പ്രത്യേകമായും ഉപദേശിച്ചു. കാരണം അവന്റെ രോദനത്തിലും അല്ലാഹുവിനുമിടയിൽ ഒരു മറയുമില്ല.

ഹദ്റത്ത് മുആദ് ബിൻ ജബലിനെ നബി(സ) തിരുമേനി യമനിലേക്ക് ഖാളിയായിട്ടാണ് അയച്ചത്. അദ്ദേഹം ജനങ്ങൾക്ക് ഖുർആനും ദീനും പഠിപ്പിച്ചിരുന്നു. അവർക്കിടയിൽ തീർപ്പ്(വിധി) കൽപ്പിച്ചിരുന്നു. യമനിൽ സക്കാത്ത് സ്വരൂപിക്കാൻ നിയോഗിക്കപ്പെട്ടവർ ഹദ്റത്ത് മുആദ് ബിൻ ജബലിന് അത് അയച്ചുകൊടുത്തിരുന്നു. നബി(സ)തിരുമേനി യമനിലെ കാര്യനിർവഹണം, അഞ്ചു സ്വഹാബാക്കൾ അതായത് ഹദ്റത്ത് ഖാലിദ് ബിൻ സയീദ്(റ), ഹദ്റത്ത് മുഹാജിർ ബിൻ ഉമയ്യ(റ), ഹദ്റത്ത് സിയാദ് ബിൻ ലബീദ്(റ), ഹദ്റത്ത് മുആദ് ബിൻ ജബൽ(റ), ഹദ്റത്ത് അബൂമൂസ അശ്അരി എന്നിവർക്ക് ഭാഗിച്ചു നൽകിയിരുന്നു.(അൽഇസ്തീആബ്, വാള്യം 3, പേജ് 460, മുആദ് ബിൻ ജബൽ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2010)

അതായത് ഈ അഞ്ചുപേരെ ചുമതലപ്പെടുത്തിയിരുന്നു. ഇതാണ് ഒരു നിവേദനം.

ഹദ്റത്ത് മുആദ് ബിൻ ജബൽ(റ) വിവരിക്കുന്നു: 'നബി(സ)തിരുമേനി എന്നെ യമനിലേക്ക് അയച്ചപ്പോൾ എന്നോട് പറഞ്ഞു: 30 പശുക്കൾക്ക് ഒരു വർഷം പ്രായമുള്ള പശുവിനെ സക്കാത്തായി വാങ്ങുക. 40 പശുക്കൾക്ക് രണ്ടുവർഷം പ്രായമുള്ളത്.' അതായത് സക്കാത്തിന്റെ തോത് അഥവാ

വിഹിതം വിവരിക്കുകയാണ്. അതിന്റെ നിസാബ്(കണക്ക്) വിശദീകരിക്കുകയാണ്. 'ഓരോ പ്രായപൂർത്തിയായവയിൽ നിന്നും ഒരു ദിനാർ അല്ലെങ്കിൽ അതിന്റെ വിലയ്ക്ക് തത്തുല്യമായ 'മവാഫിർ' അതായത് ഒരു യമനി തുണി വാങ്ങേണ്ടതാണ്. 'മവാഫിർ' ഒരു ഗോത്രത്തിന്റെ പേരാകുന്നു. അവരാണ് ഈ തുണി തയ്യാറാക്കിയിരിക്കുന്നത്. അവരുടെ പേരിൽ തന്നെയാണ് അത് അറിയപ്പെടുന്നത്. ഇത് മുസ്നദ് അഹ്മദ് ബിൻ ഹമ്പലിൽ ഉള്ള നിവേദനമാകുന്നു.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് മുആദ് ബിൻ ജബൽ, വാള്യം 7, പേജ് 348, ഹദീഥ് 22363, ആലമുൽകുതുബ് ബെയ്റുത്ത് 1998)(ലുഗാത്തുൽ ഹദീഥ്, വാള്യം 3, പേജ് 142, പീർ മുഹമ്മദ് കുതുബ്ഖാന, ആരാം ബാഗ് കറാച്ചി)

അല്ലാമാ ഇബ്നു ഇസ്ഹാഖ് പറയുന്നു: 'ഹദ്റത്ത് മുആദ് ബിൻ ജബൽ(റ)ന്റെ കാലിൽ മുടന്തുണ്ടായിരുന്നു. അദ്ദേഹം യമനിൽ ജനങ്ങൾക്ക് ഇമാമത്ത് വഹിച്ചപ്പോൾ തന്റെ കാൽ നീട്ടി വെച്ചു.' അതായത് കാൽ മുന്നോട്ടോ, വലത്തോട്ടോ നീട്ടി വെച്ചിട്ടുണ്ടാകും. ഹദ്റത്ത് മുആദ്, നമസ്കരിച്ചു കഴിഞ്ഞപ്പോൾ പറഞ്ഞു: 'നിങ്ങൾ നല്ല കാര്യമാണ് ചെയ്തത്. ഞാൻ ചെയ്തതു പോലെ തന്നെ നിങ്ങളും ചെയ്തു. പക്ഷേ, മേലിൽ ഇങ്ങനെ ചെയ്യരുത്. കാരണം എനിക്ക് കാലിന് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഞാൻ കാൽ നീട്ടി വെച്ചതാണ്. (അത്ത്വബഖാത്തുൽകുബ്റാലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 339, മുആദ് ബി ൻ ജബൽ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

അതായത് നിങ്ങളെന്നെ അനുകരിച്ചുകൊണ്ട് അനുസരണത്തിന്റെ മാതൃകയാണ് കാണിച്ചത്. അത് എല്ലാനിലയ്ക്കും ശ്ലാഘനീയമാണ്. ഇങ്ങനെ തന്നെയാണ് അനുസരിക്കേണ്ടത്. ഇമാമിന് പിന്നിൽ പൂർണമായും അനുസരണം കാണിക്കണം. പക്ഷേ, ഇത് എന്റെ നിർബന്ധ സാഹചര്യമാണ്, സുന്നത്തല്ല. നിർബന്ധിതാവസ്ഥ ഇല്ലാത്തവർ കല്പനയും സുന്നത്തും അനുസരിച്ച്, ശരിയായ രീതിയിൽ നമസ്കാരം അനുഷ്ഠിക്കേണ്ടതാണ്. അതായത് നമുക്ക് മുന്നിലുള്ള നബി(സ) രീതി അനുവ ർത്തിക്കേണ്ടതാണ്.ഹദ്റത്ത് മുആദ്(റ) യമനിൽ ബയ്ത്തുൽ മാലിന്റെ പൈസകൊണ്ട് കച്ചവടം നടത്തി. അതിൽ നിന്നു കിട്ടുന്ന ലാഭം കൊണ്ട് തന്റെ കടങ്ങൾ വീട്ടി കൊണ്ടിരുന്നു. അദ്ദേഹം, അല്ലാഹുവിന്റെ സമ്പത്തുകൊണ്ട് കച്ചവടം നടത്തിയ ആദ്യത്തെ വ്യക്തിയാകുന്നു. നബി(സ)തിരുമേനിയുടെ അനുമതിയോടുകൂടി ഉപഹാരങ്ങളും സ്വീകരിച്ചിരിക്കുന്നു. എത്രത്തോളമെന്നാൽ അദ്ദേഹത്തിന്റെ പക്കൽ മൂലധനമായി 30 ആടുമാടുകൾ ആയി.(സയ്റുസ്സ്വഹാബ, വാള്യം 3, പേജ് 505, ഹദ്റത്ത് മുആദ് ബിൻ ജബൽ(റ), പ്രസാധകർ ദാറുൽഇശാഅത്ത് കറാച്ചി.)(അൽഇസ്തീആബ്, വാള്യം 3, പേജ് 1404, മുആദ് ബിൻ ജബൽ, ദാറുൽജീൽ ബെയ്റുത്ത് 1992)

അദ്ദേഹത്തിന് നബി(സ)തിരുമേനി അനുമതി നൽകിയത് തീർച്ചയായും കടം വീട്ടുന്നതിന് വേണ്ടിയായിരുന്നു. കടം വീട്ടുന്നതിന് ലാഭമെടുക്കുന്നതിനുള്ള പരിധിവരെയായിരുന്നു കച്ചവടം ചെയ്തിരുന്നത്. ഇനി ലാഭം എടുത്തില്ലെങ്കിൽത്തന്നെയും തന്റെ ജോലിക്കുള്ള വേതനം എന്ന നിലയ്ക്ക് ലാഭവിഹിതം എടുത്തതായിരിക്കും. അതായത് ഞാൻ, എന്റെ അഭിപ്രായപ്രകാരം ഇന്ന രീതിയിൽ ചെലവഴിച്ചു. അതിനുള്ള എന്റെ അധ്വാനത്തിന്റെ വേതനമാണിത്. അതിന് നബി(സ)തിരുമേനി അനുമതി നൽകിയിരുന്നു. അതുകൊണ്ട് അതെടുക്കുകയുണ്ടായി. ഈ സംഗതി തന്നെയാണ് സ്വീകാര്യമായി തോന്നുന്നത്. അതായത് ലാഭവിഹിതത്തിൽനിന്ന് വേതനം സ്വീകരിച്ചത് ആയിരിക്കും. അല്ലെങ്കിൽ ഒരു പരിധിവരെ ലാഭം എടുത്തിട്ടുണ്ടായിരിക്കും. ഏതായാലും അത് നബി(സ) തിരുമേനിയുടെ അനുമതിയോടുകൂടിയാണ് ചെയ്തിരുന്നത്.

നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം, ഹദ്റത്ത് മുആദ്, ഹജ്ജ് ചെയ്യാൻ വന്നു. അദ്ദേഹം ഹദ്റത്ത് ഉമർ(റ)നെ കണ്ടു. അദ്ദേഹത്തെ ഹദ്റത്ത് അബൂബക്ർ ഹജ്ജിൽ നേതാവാക്കിയിരുന്നു. ഹദ്റത്ത് ഉമറും ഹദ്റത്ത് മുആദും യൗമുത്തുർവിയ്യ ദിവസം അതായത് ദുൽഹജ്ജ 8 ന് കണ്ടുമുട്ടി. രണ്ടുപേരും പരസ്പരം ആലിംഗനം ചെയ്തു. നബി(സ)തിരുമേനിയുടെ വഫാത്തിൽ അനുശോചിച്ചശേഷം രണ്ടുപേരും നിലത്തിരുന്ന് സംസാരിക്കാൻ തുടങ്ങി. (അത്ത്വബഖാത്തുൽകുബ്റാലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 441, മുആദ് ബിൻ ജബൽ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

അൽ ഇസ്തിആബിൽ എഴുതിയിരിക്കുന്നു: ഇത് ചരിത്ര ഗ്രന്ഥമാണ്. 'ഹദ്റത്ത് മുആദ്(റ) വളരെയേറെ ദാനശീലനായിരുന്നു. അദ്ദേഹത്തിന്റെ ഔദാര്യവും ദാനശീലവും കാരണം അദ്ദേഹത്തിന്റെ മുഴുവൻ സമ്പത്തും കടത്തിന്റെ വരുതിയിൽ വന്നു. അദ്ദേഹം നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരായി. നബി(സ)തിരുമേനിയോടു കാര്യം പറഞ്ഞു. നബി(സ)തിരുമേനി, കടം തന്നവരോട് അദ്ദേഹത്തിന്റെ കടം മാപ്പാക്കി കൊടുക്കണമെന്ന് പറയാൻ അപേക്ഷിച്ചു. ഇത് നേരത്തെയും വിവരിച്ചിട്ടുള്ളതാണ്. വിവിധ ഉദ്ധരണികളിൽ അതേ കാര്യംതന്നെ വരികയാണ്. നബി(സ)തിരുമേനി കടം നൽകിയവരോട് പറഞ്ഞുവെങ്കിലും അവർ കടം മാപ്പാക്കുന്നത് നിരാകരിച്ചു. ആരെങ്കിലും ആർക്കെങ്കിലും വേണ്ടി ആരെയെങ്കിലും പരിഗണിച്ചുകൊണ്ട് കടം മാപ്പാക്കുമെങ്കിൽ അത് നബി(സ)തിരുമേനിക്കുവേണ്ടി മാപ്പാക്കുമായിരുന്നു.' തുടർന്ന് എഴുതുന്നു: 'ആരെങ്കിലും ആർക്കു വേണ്ടിയെങ്കിലും കടം മാപ്പാക്കുമായിരുന്നുവെങ്കിൽ അവർ, നബി(സ)തിരുമേനിയെ പരിഗണിച്ചു കൊണ്ട് ഹദ്റത്ത് മുആദ് ബിൻ ജബലിന്റെ കടം ഒഴിവാക്കുമായിരുന്നു. കാരണം ഏറ്റവും വലുത് നബി(സ)തിരുമേനിയുടെ സ്ഥാനമായിരുന്നു. നബി(സ)തിരുമേനിയെ പരിഗണിച്ച് കടം ഒഴിവാക്കുമായിരുന്നു. നബി(സ)തിരുമേനി, ഹദ്റത്ത് മുആദ് ബിൻ ജബലിന്റെ കടം വീട്ടുന്നതിനുവേണ്ടി സാമ്പത്തിക ത്യാഗം ചെയ്യുമായിരുന്നു.

പക്ഷേ, എന്നിട്ടും അവരിൽ പലരും നേരത്തെ പറഞ്ഞതുപോലെ മാപ്പാക്കിയില്ല. അവർ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞങ്ങൾ കടം തിരിച്ചു വാങ്ങുന്നതാണ്.' ഏതായിരുന്നാലും നബി(സ) തിരുമേനി തുടർന്ന്, കടം കൊടുത്തു വീട്ടുന്നതിന് ഹദ്റത്ത് മുആദ് ബിൻ ജബലിന്റെ സ്വത്തും മറ്റും വിൽപ്പന നടത്തി. അദ്ദേഹത്തിന്റെ കൈ കാലിയായി. തുടർന്ന് മക്കാ വിജയത്തിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് മുആദിനെ യമനിന്റെ ഒരു ഭാഗത്ത് അമീർ ആയി നിയമിച്ചു. ഇവിടെ കാര്യം കുറേക്കൂടി വ്യക്തമാകുന്നുണ്ട്. അതായത് അദ്ദേഹത്തെ അമീർ ആയിട്ടാണ് അയച്ചത്. അതുകൊണ്ട് ഉപഹാരവും മറ്റും അമീർ എന്ന നിലയ്ക്ക് അദ്ദേഹത്തിന് ലഭിക്കുന്നവ ബയ്ത്തുൽ മാലിന്റേതായി ഗണിക്കപ്പെട്ടിരുന്നു. അല്ലാഹുവിന്റെ സമ്പത്തുകൊണ്ട് കച്ചവടം നടത്തിയ ആദ്യത്തെ ആൾ ഇദ്ദേഹമായിരുന്നു. അതായത് അദ്ദേഹം അവിടെ ഉണ്ടായിരുന്നപ്പോൾ ബയ്ത്തുൽ മാലിന്റെ സമ്പത്ത് കൊണ്ടാണ് ഇത് ചെയ്തിരുന്നത്. അങ്ങനെ നബി(സ)തിരുമേനി വഫാത്തായി. ഇദ്ദേഹം സമ്പന്നനുമായി. ഇക്കാലത്തിന്നിടയിൽ അദ്ദേഹത്തിന് കച്ചവടം കൊണ്ട് പ്രയോജനം ലഭിച്ചു. അങ്ങനെ എടുത്തിരുന്ന വിഹിതം കൊണ്ടുതന്നെ അദ്ദേഹം സമ്പന്നനായി. പിന്നീട് അദ്ദേഹം തിരിച്ചു വന്നപ്പോൾ ഹദ്റത്ത് ഉമർ, ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞു: 'അദ്ദേഹത്തെ അതായത് ഹദ്റത്ത് മുആദിനെ വിളിപ്പിക്കുക. അദ്ദേഹത്തിന് അത്യാവശ്യമുള്ളത് കൊടുത്തിട്ട് മറ്റു മുഴുവൻ സമ്പത്തും തിരികെ വാങ്ങേണ്ടതാണ്. നബി(സ)തിരുമേനി കടം വീട്ടുന്നതിനാണ് അനുമതി നൽകിയത്. ഇപ്പോൾ കടം വീട്ടിയിരിക്കുന്നു. ഇനി അദ്ദേഹത്തിന് അത്യാവശ്യമുള്ള സാധനങ്ങൾ അദ്ദേഹത്തിന്റെ പക്കൽ വെക്കാവുന്നതാണ്. പക്ഷേ, ഇങ്ങനെ സമ്പത്തുണ്ടാകുന്നത് ശരിയല്ല. അതുകൊണ്ട് ഹദ്റത്ത് ഉമറിന്റെ വീക്ഷണത്തിൽ, മേൽ സമ്പത്ത് ഒഴികെ മറ്റെല്ലാം തിരിച്ചു വാങ്ങേണ്ടതാണ്. അങ്ങനെ ഹദ്റത്ത് അബൂബക്റിന്റെ മുന്നിൽ ഈ വിഷയം വന്നു. ഹദ്റത്ത് അബൂബക്റിന്, നബി(സ) തിരുമേനിയോട് അനുരക്തി ഉണ്ടായിരുന്നു. നബി(സ)തിരുമേനി അനുമതി നൽകിയിരിക്കെ താൻ അതിന് എതിരിൽ തീർപ്പുകൽപ്പിക്കണമെന്നത് അദ്ദേഹത്തിന് അസഹനീയമായിരുന്നു. ഏതായാലും ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'അദ്ദേഹത്തെ നബി(സ)തിരുമേനിയാണ് അയച്ചത്. ഞാൻ അദ്ദേഹത്തിൽനിന്ന് ഒന്നും തിരിച്ചു വാങ്ങുന്നതല്ല. താങ്കൾക്ക് കച്ചവടം നടത്താവുന്നതാണെന്നും അതിൽനിന്ന് കുറച്ച് താങ്കൾക്ക് എടുക്കാവുന്നതാണെന്നും പറഞ്ഞിട്ടാണ് അദ്ദേഹത്തെ അയച്ചത്. അദ്ദേഹം സ്വയം നൽകുന്നുവെങ്കിൽ ആകാവുന്നതാണ്. ഞാൻ ചോദിക്കുന്നതല്ല. നബി(സ)തിരുമേനിയുടെ നിർദേശപ്രകാരമാണ് അദ്ദേഹം പോയത്. അനുമതിയോടെയാണ് ഉപഹാരം വാങ്ങിയിരുന്നതും. മറ്റു സാധനങ്ങൾ അദ്ദേഹം സ്വയം തരുകയാണെങ്കിൽ ശരി; ഞാനെന്തായാലും പറയുകയില്ല. ഹദ്റത്ത് ഉമർ വീണ്ടും ഹദ്റത്ത് മുആദിന്റെ അടുത്തുപോയി. ഹദ്റത്ത് ഉമറും ചില ചട്ടങ്ങളുടെ കാര്യത്തിൽ ഉറച്ച നിലപാട് എടുത്തിരുന്നു. അദ്ദേഹം ഹദ്റത്ത് മുആദിന്റെ അടുക്കലെത്തി. ഹദ്റത്ത് മുആദിനോട് കാര്യം പറഞ്ഞു. ഹദ്റത്ത് മുആദ് പറഞ്ഞു: 'നബി(സ)തിരുമേനി എന്നെ അവിടേക്ക് അയച്ചത് എന്റെ ആവശ്യങ്ങൾ പൂർത്തിയാകുന്നതിനാണ്. അതുകൊണ്ട് ഞാൻ ഒന്നും തന്നെ കൊടുക്കുന്നതല്ല.' നിവേദനങ്ങളിൽ നിന്നും അദ്ദേഹത്തിന്റെ ചരിത്രത്തിൽ നിന്നും മനസ്സിലാകുന്നത് അദ്ദേഹത്തിന്റെ സമ്പത്ത് ഏതാനും ദിവസങ്ങൾ മാത്രമായിരുന്നുവെന്നാണ്. കാരണം അദ്ദേഹം അധികവും ജനങ്ങൾക്കിടയിൽ അവ വിതരണം ചെയ്യുകയായിരുന്നു പതിവ്. ഇനി ചില നിവേദനങ്ങളിൽ, അദ്ദേഹം എങ്ങനെയാണ് അത് വിതരണം ചെയ്തിരുന്നതെന്നും പറയുന്നുണ്ട്. തുടർന്ന് ഹദ്റത്ത് മുആദ്, വീണ്ടും ഹദ്റത്ത് ഉമറിന്റെ അടുക്കലെത്തി, പറഞ്ഞു: 'ഞാൻ താങ്കൾ പറഞ്ഞത് അംഗീകരിക്കുന്നു. ആദ്യം പറഞ്ഞത് താനൊന്നും നൽകുകയില്ലെന്നാണ്.' അങ്ങനെയാണ് ഹദ്റത്ത് ഉമറിന് മറുപടി നൽകിയത്. കുറച്ചു കാലത്തിനുശേഷം അല്ലെങ്കിൽ സമയത്തിനുശേഷം ഹദ്റത്ത് ഉമറിന്റെ അടുക്കലെത്തി പറഞ്ഞു: 'ഞാൻ താങ്കൾ പറഞ്ഞത് അംഗീകരിക്കുന്നു. താങ്കൾ പറഞ്ഞതുതന്നെ ഞാൻ ചെയ്യുന്നതാണ്. കാരണം ഞാൻ ഒരു സ്വപ്നം കണ്ടിരിക്കുന്നു.' കുറച്ചു കാലത്തിനു ശേഷമായിരിക്കും അദ്ദേഹം പോയിട്ടുണ്ടാകുക. കാരണം ഇവിടെ സ്വപ്നത്തെ കുറിച്ച് പറയുന്നുണ്ട്. പറയുന്നു: 'ഞാൻ വെള്ളത്തിൽ മുങ്ങുന്നതും താങ്കൾ അതായത് ഹദ്റത്ത് ഉമർ എന്നെ രക്ഷിക്കുന്നതും ഞാൻ സ്വപ്നം കാണുകയുണ്ടായി.' അതിനുശേഷം ഹദ്റത്ത് മുആദ്, ഹദ്റത്ത് അബൂബക്റിന്റെ സവിധത്തിൽ വന്നു. എല്ലാ കാര്യങ്ങളും അദ്ദേഹത്തോട് പറഞ്ഞു. അല്ലാഹുവിനെ സത്യം ചെയ്തു കൊണ്ട് പറഞ്ഞു: 'ഞാൻ ഒരു കാര്യവും താങ്കളിൽനിന്നു മറച്ചു വെക്കുന്നതല്ല. ഞാൻ വാങ്ങിയതും എങ്ങനെ വാങ്ങി എന്നതുമെല്ലാം എന്റെ മുന്നിലുണ്ട്.' ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'ഞാൻ താങ്കളിൽനിന്ന് ഒന്നും വാങ്ങുന്നതല്ല. താങ്കൾ എല്ലാ കണക്കുകളും എന്നോട് പറഞ്ഞിരിക്കുന്നു. പക്ഷേ, ഞാനൊന്നും വാങ്ങുന്നതല്ല. ഞാൻ എല്ലാം സമ്മാനമായി, ഉപഹാരമായി താങ്കൾക്ക് തന്നിരിക്കുന്നു.' ഹദ്റത്ത് ഉമർ(റ)പറഞ്ഞു: 'ഇത് നല്ലൊരു പരിഹാരമാകുന്നു.'

(അൽഇസ്തീആബ്, വാല്യം 3, പേജ് 461, മുആദ് ബിൻ ജബൽ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2010)

അപ്പോൾ ഹദ്റത്ത് ഉമറും കൂടെ ഉണ്ടായിരുന്നു. കാലത്തിന്റെ ഖലീഫ തീർപ്പ് കൽപ്പിച്ചുവെന്നും, അതെല്ലാം ഹദ്റത്ത് മുആദിന് നൽകുകയാണെന്നും അദ്ദേഹത്തിന് മനസിലായി. ഹദ്റത്ത് ഉമർ പറഞ്ഞു: 'അത് പൂർണ്ണ അനുസരണത്തോടുകൂടി സ്വീകരിച്ചു കൊള്ളുക. അത് എന്തിന് അദ്ദേഹം എടുക്കുന്നു എന്നതല്ലായിരുന്നു കാര്യം. നബി(സ)തിരുമേനി വഫാത്തായിരിക്കുന്നു. അതുകൊണ്ട് അത് അദ്ദേഹം ചെലവഴിക്കാമോ ഇല്ലയോ എന്ന് അല്ലെങ്കിൽ ആ സമ്പത്ത് തന്റെ കൈയിൽ വെക്കാമോ ഇല്ലയോ എന്നത് സംബന്ധിച്ച് കാലത്തിന്റെ ഖലീഫയുടെ തീരുമാനം ഉണ്ടാകേണ്ടതാണ്. ഹദ്റത്ത് അബൂബക്കർ തീർത്തു കൽപ്പിച്ചിരുന്നു. ആദ്യം ഹദ്റത്ത് ഉമർ(റ) അത് വാങ്ങണമെന്ന് ശക്തമായി ആവശ്യപ്പെട്ടതാണ്. എന്നാൽ, താൻ അത് വാങ്ങുന്നില്ലെന്നും ഉപഹാരമായി നൽകുകയാണെന്നും തീർപ്പു കൽപ്പിച്ചപ്പോൾ പിന്നെ ഹദ്റത്ത് ഉമറിന്റെ പക്കൽ ഒരു പഴുതുമുണ്ടായില്ല. നിശബ്ദനായി. പറഞ്ഞു: 'ശരി, ഈ തീരുമാനം എല്ലാ കാര്യങ്ങൾക്കുമുള്ള ഏറ്റവും നല്ല പരിഹാരമാകുന്നു.' ഇവിടെ മറ്റൊരു കാര്യം കൂടി വ്യക്തമായി. ഹദ്റത്ത് മുആദിന് അദ്ദേഹത്തിന്റെ ആവശ്യങ്ങൾ പൂർത്തിയാകുന്നതുവരെ അല്ലാഹു ഇക്കാര്യത്തിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ കൊണ്ടുപോയില്ല. നബി(സ)തിരുമേനി വഫാത്താകുകയും അദ്ദേഹത്തിന്റെ ആവശ്യങ്ങൾ പൂർത്തിയാവുകയും സമ്പത്ത് ഉണ്ടാവുകയും കടങ്ങൾ വീട്ടുകയും ചെയ്തു കഴിഞ്ഞപ്പോൾ അല്ലാഹുതന്നെ ഹദ്റത്ത് മുആദിനെ ഇക്കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു. അതായത് ഇനി സ്വന്തം സമ്പത്ത് കൊണ്ടുതന്നെ കഴിച്ചുകൂട്ടുക. ഇനി അമീർ എന്ന നിലക്ക് നിങ്ങൾ മേലിൽ ഉപഹാരം സ്വീകരിക്കുകയോ ബയ്തുൽ മാലിന്റെ പൈസ ചെലവഴിക്കുകയോ ചെയ്യരുത്. അതിനുശേഷം അദ്ദേഹം അധികകാലം ജീവിച്ചതുമില്ല. ഏതായിരുന്നാലും ഇതാണ് ചുരുങ്ങിയ വിവരണം.

ഹദ്റത്ത് മുആദ്(റ) നിവേദനം. നബി(സ)തിരുമേനി അദ്ദേഹത്തെ യമനിലേക്ക് അയച്ചപ്പോൾ പറഞ്ഞു: 'നിങ്ങൾ എന്തെങ്കിലും കാര്യം വന്നാൽ എങ്ങനെയാണ് തീരുമാനം കൽപ്പിക്കുക?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ഗ്രന്ഥം അനുസരിച്ച് തീർപ്പു കൽപ്പിക്കുന്നതായിരിക്കും. നബി(സ)ചോദിച്ചു: 'അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ അതേക്കുറിച്ച് വിധി കാണുന്നില്ലെങ്കിലോ?' അദ്ദേഹം പറഞ്ഞു: 'അങ്ങനെ വന്നാൽ അല്ലാഹുവിന്റെ റസൂലിന്റെ സുന്നത്ത് അനുസരിച്ച് വിധി പറയുന്നതായിരിക്കും.' നബി(സ)തിരുമേനി ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലിന്റെ സുന്നത്തിലും അത് സംബന്ധിച്ച് കൽപന കിട്ടിയില്ലെങ്കിലോ?' അദ്ദേഹം പറഞ്ഞു: 'എങ്കിൽ ഞാൻ എന്റെ ഗവേഷണം അനുസരിച്ച് തീരുമാനത്തിലെത്തുന്നതായിരിക്കും. അതിൽ ഞാൻ ഒരു വീഴ്ചയും വരുത്തുന്നതല്ല.' മുആദ്(റ) പറയുന്നു: 'നബി(സ)തിരുമേനി ഈ കാര്യങ്ങൾ കേട്ടപ്പോൾ എന്റെ നെഞ്ചിൽ കൈ തട്ടിക്കൊണ്ട് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലിന്റെ പ്രതിനിധിക്ക് ഇത്തരം കാര്യങ്ങൾ നൽകിയ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. അത് അല്ലാഹുവിന്റെ റസൂലിന്റെ സന്തോഷത്തിന് നിദാനമായി.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് മുആദ് ബിൻ ജബൽ, വാല്യം 7, പേജ് 347, ഹദീഥ് 22357, ആലമുൽകുതുബ് ബെയ്റൂത്ത് 1998)

ഹദ്റത്ത് മുആദ്(റ)നിവേദനം. നബി(സ)തിരുമേനി അദ്ദേഹത്തെ യമനിലേക്ക് അയക്കുമ്പോൾ പറഞ്ഞു: 'ഭൗതിക സുഖസൗഭാഗ്യങ്ങളുടെ ജീവിതം സ്വീകരിക്കുന്നതിൽനിന്ന് രക്ഷപ്പെടുക. കാരണം അല്ലാഹുവിന്റെ ദാസന്മാർ ഭൗതികാഢംബരങ്ങളുടെ ജീവിതം സ്വീകരിക്കാറില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് മുആദ് ബിൻ ജബൽ, വാല്യം 7, പേജ് 375, ഹദീഥ് 22456, ആലമുൽകുതുബ് ബെയ്റൂത്ത് 1998)

ഇവിടെ ഇക്കാര്യത്തെ സംബന്ധിച്ചും കൂടുതൽ വ്യക്തത വന്നിരിക്കുന്നു. ഉപഹാരവും കച്ചവടമുതലും കടം വീട്ടുന്നതുവരെ മാത്രമാണ്. കാരണം ഇദ്ദേഹം ദരിദ്രരെ സഹായിക്കുന്നയാളും ഉദാരമതിയുമാണെന്നും അവർക്കുവേണ്ടി അതെല്ലാം ചെലവഴിക്കുമെന്നും നബി(സ)തിരുമേനിക്ക് അറിയാമായിരുന്നു. പക്ഷേ, എന്നിട്ടും ഉപദേശിക്കുകയാണ്. നിങ്ങൾക്ക് നൽകുന്ന ഈ അനുമതിയൊക്കെ, നിങ്ങൾ സുഖാഢംബരത്തോടെ ജീവിതം സ്വീകരിക്കാൻ വേണ്ടിയുള്ളതല്ല. മറിച്ച് അതുകൊണ്ട് നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാക്കാനാണ്. ആഢംബരജീവിതത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ ഉപദ്ദേശിക്കുകയും ചെയ്തു.

ഹദ്റത്ത് മുആദ്(റ) പറയുന്നു: 'ഞാൻ യമനിലേക്ക് പുറപ്പെടാൻ എന്റെ വാഹനത്തിൽ കാലു വച്ചു. അപ്പോൾ നബി(സ)തിരുമേനി എന്നെ അവസാനമായി ഉപദേശിച്ചുകൊണ്ട് പറഞ്ഞു: 'ജനങ്ങളോട് സൽസ്വഭാവത്തോടുകൂടി പെരുമാറുക. ജനങ്ങളോട് സൽസ്വഭാവത്തോടുകൂടി പെരുമാറുക.'

ഇന്നത്തെ മുസ്ലിമീങ്ങളുടെ അവസ്ഥ നോക്കുവിൻ, ഈ പറയുന്ന നിലയിലാണോ അവർ വർത്തിക്കുന്നത്. നബിചരിത്രവും നബിദിനവും ആഘോഷിക്കുന്നു. നബിദിനം ആഘോഷിക്കുന്നതിന്റെ യാഥാർഥ്യം നബി(സ)തിരുമേനിയുടെ ഉത്തമ മാതൃകയും ഉപദേശങ്ങളും പ്രാവർത്തികമാക്കുക എന്നതാകുന്നു.

നബി(സ)തിരുമേനി, ഹദ്റത്ത് മുആദിനെ യമനിലേക്ക് വിധികർത്താവായി അയക്കുമ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്തെ ഇങ്ങനെ വിവരിച്ചു: *'ഇന്നീ ബഅഥ്തുലക്കും ഖയ്റ അഹ്ലീ.* ഞാൻ എന്റെ ജനങ്ങളിൽ ഏറ്റവും നല്ല ആളെ നിങ്ങളിലേക്ക് അയക്കുകയാണ്.(സയ്റുസ്സഹാബ, വാല്യം 3, പേജ് 502, മുആദ് ബിൻ ജബൽ(റ), പ്രസാധകർ ദാറുൽഇശാഅത്ത് കറാച്ചി.)

ഇബ്നു അബു നജീഅ്(റ) നിവേദനം. നബി(സ) തിരുമേനി, ഹദ്റത്ത് മുആദിനെ യമനിലേക്ക് വിധികർത്താവായി അയച്ചപ്പോൾ യമൻകാർക്ക് കത്തയച്ചുകൊണ്ട് പറയുന്നു: 'തീർച്ചയായും എന്റെ ജനങ്ങളിൽ ഏറ്റവും നല്ല അറിവും ദീനുമുള്ള ആളെയാണ് വിധികർത്താവായി നിയോഗിക്കുന്നത്.' (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 438–439, മുആദ് ബിൻ ജബൽ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ 1990)

ഒരു ഹദീഥിൽ ഇങ്ങനെയാണ് നിവേദനം. അതായത് ഹദ്റത്ത് മുആദിൽ നിന്നുള്ള നിവേദനം: ഈ നിവേദനം അഹ്മദ് ബിൻ ഹമ്പലിൽ വന്നതാണ്. നബി(സ)തിരുമേനി എന്നോട് 10 കാര്യങ്ങൾ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: 'ഒന്നാമത്തെ കാര്യം നിങ്ങൾ കൊല്ലപ്പെടുകയോ കത്തിക്കപ്പെടുകയോ ചെയ്യുകയാണെങ്കിൽപോലും അല്ലാഹുവിനോട് ആരെയും പങ്കുചേർക്കരുത്. രണ്ടാമത്തെ കാര്യം, മാതാപിതാക്കൾ നിങ്ങളെ വീട്ടിൽനിന്ന് പുറത്താക്കുകയോ, സമ്പത്തിൽനിന്ന് മാറ്റി നിറുത്തുകയോ ചെയ്താൽപോലും അവരെ ധിക്കരിക്കരുത്; എന്തുതന്നെ സംഭവിച്ചാലും അവരിൽനിന്ന് ഒന്നും കിട്ടിയില്ലെങ്കിലും ശരി. ഫർള് നമസ്കാരങ്ങൾ ബോധപൂർവം ഉപേക്ഷിക്കരുത് എന്നതാണ് മൂന്നാമത്തെ കാര്യം. കാരണം ഫർള് നമസ്കാരങ്ങൾ ബോധപൂർവം ഉപേക്ഷിക്കുന്നവൻ അല്ലാഹുവിന്റെ ഉത്തരവാദിത്വത്തിൽ നിന്നും സംരക്ഷണത്തിൽനിന്നുംപുറത്തുപോകുന്നതായിരിക്കും. തുടർന്നു പറയുന്നു: മദ്യം കഴിക്കരുത്. അത് എല്ലാ ലജ്ജ ഇല്ലായ്മയുടേയും തായ്വേരാകുന്നു. തിന്മയിൽനിന്നും ധിക്കാരത്തിൽനിന്നും മാറി നിൽക്കുക. കാരണം തിന്മകൊണ്ട് ദൈവകോപം ഇറങ്ങുന്നു. ശത്രുക്കളുമായി ഏറ്റുമുട്ടേണ്ടി വന്നാൽ പുറന്തിരിയരുത്; ശത്രുക്കളുമായി ഏറ്റുമുട്ടേണ്ടി വന്നാൽ പേടിച്ചു ഓടിപ്പോകരുത്; നിങ്ങൾ വധിക്കപ്പെട്ടാലും ശരി. ജനങ്ങൾ പ്ലേഗ് പോലുള്ള പകർച്ചവ്യാധിക്ക് ഇരയാകുമ്പോൾ, നിങ്ങൾ അവർക്കിടയിൽ ഉണ്ടെങ്കിൽ അവിടെ തന്നെ തങ്ങുക. പ്ലേഗ് പരക്കുകയോ അല്ലെങ്കിൽ പകർച്ചവ്യാധി പടർന്നുപിടിക്കുകയോ ചെയ്താൽ, നിങ്ങൾ ആ രോഗം പടരുന്ന സ്ഥലത്തുണ്ടെങ്കിൽ അവിടെതന്നെ താമസിക്കുക. കഴിവനുസരിച്ച് കുടുംബത്തിനു ചെലവഴിക്കുക. കഴിവ് എത്രയാണോ അത്രമാത്രം ചെലവഴിക്കുക. അവരോടുള്ള കടമ നിറവേറ്റുക. അവരെ ശാസിക്കാനും ശിക്ഷണം നൽകാനും ഉപേക്ഷ വരുത്തരുത്. ശരിയായ ശിക്ഷണം നൽകേണ്ടതാണ്. കുറച്ചൊക്കെ കാഠിന്യം കാണിക്കേണ്ടി വന്നാൽ അതും ശരിയായ ശിക്ഷണം നൽകാൻ ചെയ്യേണ്ടതാണ്. അവരെ ദൈവഭയം ഓർമപ്പെടുത്തിക്കൊണ്ടിരിക്കുക. ഈ പത്ത് കാര്യങ്ങളാണ് നബി(സ)തിരുമേനി അദ്ദേഹത്തോട് പറഞ്ഞത്.(മുസ്നദ് ഇമാം അഹ്മദ് ബിൻ ഹമ്പൽ, മുസനദ് മുആദ് ബിൻ ജബൽ, വാല്യം 7, പേജ് 366, ഹദീഥ് 22425, ആലമുൽകുതുബ് ബെയ്റൂത്ത് 1998)

ഹദ്റത്ത് ഇബ്നു ഉമറിൽ നിന്നുള്ള നിവേദനം. നബിതിരുമേനി(സ) ഹദ്റത്ത് മുആദിനോട് പറഞ്ഞു: 'മുആദേ! ഞാൻ നിന്നോട് വാത്സല്യമുള്ള സഹോദരനെ പോലെ ഉപദേശിക്കുകയാണ്. അല്ലാഹുവിനോടുള്ള തഖ്വാ(ഭയഭക്തി) സ്വായത്തമാക്കുക. ഞാൻ താങ്കളോട് ഭയഭക്തി സ്വായത്തമാക്കാൻ ഉപദേശിക്കുന്നു. രോഗിയെ സന്ദർശിക്കാൻ ഉപദേശിച്ചുകൊള്ളുന്നു. വിധവകളുടേയും വിവശരണരുടേയും ആവശ്യങ്ങൾ പൂർത്തീകരിക്കാൻ ഉപദേശിച്ചുകൊള്ളുന്നു. ആവശ്യക്കാരുടേയും അഗതികളുടേയും കൂടെ ഇരിക്കാനും ജനങ്ങൾക്ക് തന്നിൽനിന്ന് നീതി നൽകാനും, സത്യം പറയാനും അല്ലാഹുവിന്റെ കാര്യത്തിൽ ആരോപണം ഉന്നയിക്കുന്നവരുടെ ആരോപണം തടസമാകാതിരിക്കാനും ഞാൻ നിങ്ങളെ ഉപദേശിച്ചുകൊള്ളുന്നു. (കൻസുൽഉമ്മാൽ വാല്യം 15, പേജ് 903, ഹദീഥ് 43555, കിതാബുൽമവായിള്, അൽ ഫസ്ലുസ്സാദിസ്, മുഅസ്സസത്തുർരിസാല, ബെയ്റൂത്ത് 1985)

ഹദ്റത്ത് ഉമർ(റ) ഒരിക്കൽ തന്റെ സുഹൃത്തുക്കളോട് ഏതെങ്കിലും ആഗ്രഹങ്ങൾ പ്രകടിപ്പിക്കാൻ പറഞ്ഞു. ഒരാൾ പറഞ്ഞു: 'എന്റെ വീട് സ്വർണംകൊണ്ട് നിറയണമെന്നും അത് ദൈവമാർഗത്തിൽ ചെലവഴിക്കണമെന്നുമാണ് എന്റെ ആഗ്രഹം.' മറ്റൊരാൾ പറഞ്ഞു: 'എന്റെ വീട് മുത്തുകളും പവിഴങ്ങളും കൊണ്ട് നിറയണമെന്നും അവ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുകയും സ്വദഖ കൊടുക്കുകയും ചെയ്യണമെന്നാണ് എന്റെ ആഗ്രഹം.' എത്ര കൗതുകകരവും മഹത്തരവുമായ ആഗ്രഹങ്ങളായിരുന്നു സ്വഹാബത്തിന്. തുടർന്ന് ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ ആഗ്രഹങ്ങൾ പറയൂവിൻ.' അവർ പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ, ഞങ്ങൾ എന്താണ് ആഗ്രഹിക്കേണ്ടതെന്ന് ഞങ്ങൾക്ക് അറിയില്ല.' അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'എന്റെ വീട് ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്(റ), ഹദ്റത്ത് മുആദ് ബിൻ ജബൽ(റ), സാലിം മൗലാ അബൂ ഹുദയ്ഫാ(റ), ഹദ്റത്ത് ഹുദയ്ഫ ബിൻ യമാൻ(റ), എന്നിവരെ പോലെയുള്ള ആളുകളെക്കൊണ്ട് നിറയണമെന്നാണ് എന്റെ ആഗ്രഹം. നേരത്തെയും ഇത് വിവരിച്ചിട്ടുള്ളതാണ്.(അൽമുസ്തദർക് അലസ്സഹീഹയ്ൻ, വാല്യം 3, പേജ് 252, ഹദീഥ് 5005, കിതാബ് മഅ്രിഫത്തുസ്സഹാബ, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റൂത്ത് 2002)കഴിഞ്ഞ തവണയും ഈ സംഭവം വിവരിച്ചിരുന്നു. ഇപ്രാവശ്യം ഹദ്റത്ത് മുആദ് ബിൻ ജബലിന്റെ അനുസ്മരണത്തിലും ഈ നിവേദനം വന്നിരിക്കുന്നു. ഹദ്റത്ത് മുആ

ദ് ഹിജ്റ 9 മുതൽ 11 വരെ 2 വർഷം യമനിൽ താമസിച്ചു.(സയ്റുസ്സ്വഹാബ, വാള്യം 3, പേജ് 505, മുആദ് ബിൻ ജബൽ(റ), പ്രസാധകർ ദാറുൽഇശാഅത്ത് കറാച്ചി.)

ഒരിക്കൽ ഹദ്റത്ത് ഉമർ ബിൻ ഖത്വാബ് (റ)400 ദിനാറിന്റെ ഒരു കിഴി, അതായത് ഒരു സഞ്ചിയിൽ 400 ദിനാർ നിറച്ചുകൊണ്ട് തന്റെ പരിചാരകനോടു അത് ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിന് കൊണ്ടു കൊടുക്കാൻ പറഞ്ഞു. കഴിഞ്ഞ ഒരു ഖുത്ബയിൽ ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിന്റെ അനുസ്മരണത്തിൽ ഇത് വിവരിച്ചതാണ്. അതിന്റെ കുറച്ചുഭാഗം ബാക്കിയുണ്ടായിരുന്നു. അത് മുഴുവനും വിവരിക്കുകയാണ്. (ഭൃത്യനോട്) പറഞ്ഞു: 'അദ്ദേഹത്തിന്റെ വീട്ടിൽ അൽപനേരം തങ്ങുകയും ഈ ധനം അദ്ദേഹം ചെയ്യുന്നതെന്താണെന്ന് നോക്കുകയും ചെയ്യുക. അങ്ങനെ ഭൃത്യൻ ഒരു കിഴിയുമായി അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ ഈ സമ്പത്ത് താങ്കൾക്ക് സ്വന്തമാവശ്യത്തിന് ഉപയോഗിക്കാമെന്ന് പറഞ്ഞിരിക്കുന്നു.' അദ്ദേഹം പറഞ്ഞു: 'അല്ലാഹു അദ്ദേഹത്തോട് കരുണ ചെയ്യുമാറാകട്ടെ.' തുടർന്ന് അദ്ദേഹം തന്റെ പരിചാരികയെ വിളിച്ചിട്ട് പറഞ്ഞു: 'ഈ ഏഴ് ദിനാർ ഇന്ന ആൾക്കും ഈ അഞ്ച് ദിനാർ ഇന്ന വ്യക്തിക്കും ഈ അഞ്ചു ദിനാർ ഇന്ന ആൾക്കും നൽകുക.' അങ്ങനെ അതു മുഴുവനും കഴിഞ്ഞു.' അതായത് പരിചാരികയെ വിളിച്ച് ഇന്ന ഇന്ന വീടുകളിൽ എത്തിക്കണമെന്ന് പറഞ്ഞു. അതൊക്കെ സാധുക്കളുടെ വീടുകളായിരിക്കാം.

ഭൃത്യൻ ഹദ്റത്ത് ഉമറിന്റെ അടുക്കൽ തിരിച്ചെത്തി നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. അത്രയും ദിനാർ, അതായത് അബൂ ഉബയ്ദക്ക് കൊടുത്തയച്ച അത്രയും ദിനാർ ഹദ്റത്ത് മുആദിനു വേണ്ടിയും തയ്യാറാക്കി അയച്ചു കൊടുത്തു. അതായത് മറ്റൊരു സഞ്ചി തയ്യാറാക്കി വെച്ചിരുന്നു. അദ്ദേഹം ഭൃത്യനോട് പറഞ്ഞു: 'ഇത് ഹദ്റത്ത് മുആദിന് കൊണ്ടു പോയി കൊടുക്കുക. അദ്ദേഹത്തിന്റെ വീട്ടിൽ കുറച്ചു നേരം തങ്ങി, അദ്ദേഹം ഇതുകൊണ്ട് എന്താണ് ചെയ്യുന്നതെന്ന് നോക്കുക. അങ്ങനെ ഭൃത്യൻ സഞ്ചിയുമായി ഹദ്റത്ത് മുആദിന്റെ അടുക്കൽ പോയി. അദ്ദേഹത്തോട് പറഞ്ഞു: 'ഇത് താങ്കൾക്ക് സ്വന്തമാവശ്യത്തിന് ഉപയോഗിക്കാമെന്ന് അമീറുൽ മുഅ്മിനീൻ പറയുന്നു.' ഹദ്റത്ത് മുആദ് പറഞ്ഞു: 'അല്ലാഹു അദ്ദേഹത്തോട് കരുണ ചെയ്യട്ടെ. തുടർന്ന് അദ്ദേഹം തന്റെ പരിചാരികയെ വിളിച്ചിട്ട് പറഞ്ഞു: ഇത്ര ദിനാർ ഇന്ന വീട്ടിൽ കൊണ്ടുകൊടുക്കുക. ഇത്ര ദിനാർ ഇന്ന വീട്ടിലെത്തിക്കുക.' ഇത്രയുമായപ്പോഴേക്കും അദ്ദേഹത്തിന്റെ ഭാര്യയും വന്നു, അവർ പറഞ്ഞു: 'അല്ലാഹുവാണ, ഞങ്ങളും അഗതികളാകുന്നു.' അതായത് വീട്ടിൽ ഒന്നുമില്ല. 'വീടിനു വേണ്ടിയും എന്തെങ്കിലും വെക്കുക.' നേരത്തെ ഉപഹാരം സ്വീകരിക്കുന്നതും ലാഭമെടുക്കുന്നതും സംബന്ധിച്ച് പറഞ്ഞ കാര്യങ്ങളും ഇവിടെ വ്യക്തമാകുന്നുണ്ട്, വിശദീകരിക്കപ്പെടുന്നുണ്ട്. (അവർ പറഞ്ഞു), 'വീട്ടിൽ ഒന്നുമില്ല. നമ്മളും അഗതികളിൽപ്പെട്ടവരാണ്. നമുക്കും എന്തങ്കിലും കിട്ടേണ്ടതാണ്.' ആ സഞ്ചിയിൽ അപ്പോൾ 2 ദിനാർ മാത്രമേ ബാക്കി ഉണ്ടായിരുന്നുള്ളൂ. എല്ലാം വിതരണം ചെയ്ത് കഴിഞ്ഞിരുന്നു. ഹദ്റത്ത് മുആദ് ആ രണ്ട് ദിനാർ തന്റെ ഭാര്യക്ക് കൊടുത്തു.

ഭൃത്യൻ ഹദ്റത്ത് ഉമറിന്റെ അടുക്കലെത്തി. എല്ലാ കാര്യങ്ങളും പറഞ്ഞു. ഹദ്റത്ത് ഉമർ ഏറെ സന്തോഷിച്ചു. അദ്ദേഹം പറഞ്ഞു: 'തീർച്ചയായും ഇവർ രണ്ടുപേരും ഹദ്റത്ത് അബൂ ഉബയ്ദയും ഹദ്റത്ത് മുആദും പരസ്പരം സഹോദരങ്ങളാകുന്നു. ചെലവഴിക്കുന്ന കാര്യത്തിലും ഇവരുടെ സ്വഭാവം ഒരു പോലെയാകുന്നു.'(മജ്മഉസ്സവാഇദ്, വാള്യം 3, പേജ് 234, കിതാബുസ്സക്കാത്ത്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)

ശുറയ്ഹ് ബിൻ ഉബയ്ദ്, റാശിദ് ബിൻ സഅ്ദ് മുതലായവർ നിവേദനം. അവർ പറഞ്ഞു: 'ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്, സർഗ് എന്ന സ്ഥലത്തെത്തി. ഇത് തബൂക്ക് താഴ്‌വരയിലെ ഒരു സ്ഥലമാകുന്നു. അദ്ദേഹത്തോട് പറഞ്ഞു: 'പകർച്ചവ്യാധി ശക്തമായി പടർന്നുപിടിച്ചിരിക്കുകയാണ്.' ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'സിറിയയിൽ ശക്തമായ പകർച്ചവ്യാധി പടർന്നിരിക്കുന്നുവെന്ന് എനിക്ക് അറിയാൻ സാധിച്ചു. എന്റെ മരണം വന്നാൽ അബൂ ഉബയ്ദ ബിൻ ജർറാഹ് ജീവിച്ചിരിപ്പുണ്ടെങ്കിൽ ഞാൻ അദ്ദേഹത്തെ ഖലീഫയാക്കുന്നതായിരിക്കും. അല്ലാഹു എന്നോട് എന്തുകൊണ്ടാണ് അദ്ദേഹത്തെ മുസ്‌ലിം ഉമ്മത്തിന്റെ ഖലീഫയാക്കിയതെന്ന് ചോദിച്ചാൽ, 'എല്ലാ നബിമാർക്കും ഒരു അമീൻ(വിശ്വസ്തൻ)ഉണ്ട്. എന്റെ അമീൻ, അബു ഉബയ്ദ് ബിൻ ജർറാഹ് ആകുന്നുവെന്ന് നിന്റെ റസൂൽ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ടെന്ന് ഞാൻ പറയും.' ഇത് നേരത്തേയും പരാമർശിച്ചതാണ്. ജനങ്ങൾക്ക് ഇക്കാര്യം ഇഷ്ടമായില്ല. അവർ പറഞ്ഞു: 'ഖുറയ്ശികളിലെ വലിയ ആളുകൾ അതായത് ബനൂ ഫഹറിന്റെ കാര്യം എന്താകും?' അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'എന്റെ മരണസമയം വരികയും അബൂ ഉബയ്ദ ബിൻ ജർറാഹും മരിച്ചുപോകുകയും ചെയ്തിട്ടുണ്ടെങ്കിൽ ഞാൻ മുആദ് ബിൻ ജബലിനെ ഖലീഫയായി നിശ്ചയിക്കുന്നതാണ്. എന്റെ പ്രതാപവാനായ നാഥൻ എന്നോട് അദ്ദേഹത്തെ എന്തിനാണ് ഖലീഫയാക്കിയത് എന്ന് ചോദിച്ചാൽ ഞാൻ പറയും, നിന്റെ റസൂൽ ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു, ഖിയാമത്തുന്നാൾ ഉലമാക്കളുടെ മുന്നിലായി മുന്നിലായി അദ്ദേഹത്തെ കൊണ്ടുവരുന്നതായിരിക്കും. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് അൽഖുലാഫാഉർറാശിദീൻ, മുസ്നദ് ഉമറുബ്നുൽഖത്വാബ്,വാള്യം 1, പേജ് 109, ഹദീഥ് 108, ആലമുൽകുതുബ് ബെയ്റുത്ത് 1998)(മുഅ്ജമുൽബുൽദാൻ വാള്യം 3, പേജ് 239)

ജ്ഞാനത്തിൽ അദ്ദേഹത്തിന് വലിയ സ്ഥാനമുണ്ടായിരിക്കും. ഹിജ്റ 15 ലെ യർമൂക്ക് യുദ്ധത്തിൽ, ഹദ്റത്ത് മുആദ് ബിൻ ജർറാഹ് മയ്മനയിൽ–അതായത് യുദ്ധനേരത്ത് സൈന്യത്തിന്റെ കമാന്റർ നിൽക്കുന്ന ഭാഗം, അയാളുടെ വലതുവശത്തുള്ള ഒരു ഭാഗത്ത്– ഓഫീസറായി നിയമിക്കപ്പെട്ടു. ക്രിസ്ത്യാനികളുടെ ശക്തമായ ആക്രമണം കാരണം മുസ്‌ലിമീങ്ങളുടെ വലതുഭാഗം തകർന്ന് നാലുപാടും ചിതറി. ഹദ്റത്ത് മുആദ് ഇത് കണ്ടപ്പോൾ വളരെ ധൈര്യത്തിന്റേയും സ്ഥൈര്യത്തിന്റേയും മാതൃക കാണിച്ചു കൊണ്ട് കുതിരപ്പുറത്തുനിന്ന് ഇറങ്ങി പറഞ്ഞു: 'ഞാൻ ഇനി കാലാളായി പൊരുതുന്നതാണ്. ഈ കുതിരയെ യഥാവിധി ഉപയോഗിക്കാൻ അറിയുന്ന വല്ല യോദ്ധാവുമുണ്ടോ? ഇത് അവർക്ക് നൽകുന്നതാണ്.' അദ്ദേഹത്തിന്റെ മകനും ആ യുദ്ധത്തിൽ ഉണ്ടായിരുന്നു. മകൻ പറഞ്ഞു: 'ഞാൻ അതിന്റെ കടമ നിർവഹിക്കാം. കാരണം വാഹനത്തിൽ എനിക്ക് നല്ലപോലെ യുദ്ധം ചെയ്യാൻ കഴിയും.' ഏതായാലും പിതാവും മകനും റോമൻ സൈന്യത്തെ ഭേദിച്ചുകൊണ്ട് ഉള്ളിൽ കടക്കുകയും ശക്തമായി പോരാടുകയും അങ്ങനെ മുസ്‌ലിമീങ്ങളുടെ ചുവടുകൾ വീണ്ടും ഉറയ്ക്കുകയും ചെയ്തു.(സയ്റുസ്സ്വഹാബ, വാള്യം 3, പേജ് 508, മുആദ് ബിൻ ജബൽ(റ), പ്രസാധകർ ദാറുൽ ഇശാഅത്ത് കറാച്ചി)(ഫിറോസുല്ലുഗാത്ത്, പേജ് 1332, 'മയ്മന' എന്ന പദം നോക്കുക)

ആ ഭയാവസ്ഥ പിന്നീട് അവർ വീണ്ടും ക്രിസ്ത്യാനികളെ പരാജയപ്പെടുത്തി അകറ്റുകയും മുസ്‌ലിമീങ്ങൾക്ക് വിജയം സമ്മാനിക്കുകയും ചെയ്തു.

അബൂ ഇദ്‌രീസ് ഖൂലാനി വിവരിക്കുന്നു: ഞാൻ സിറിയയിലുള്ള ഡമസ്കസിലെ മസ്ജിദിൽ പ്രവേശിച്ചപ്പോൾ അവിടെ തിളങ്ങുന്ന പല്ലുകളുള്ള ഒരു യുവാവ് ഇരിക്കുന്നതുകണ്ടു. അദ്ദേഹത്തിന്റെ ചുറ്റിലും ആളുകൾ ഒരുമിച്ചു കൂടിയിരുന്നു. ജനങ്ങൾക്കിടയിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ പരിഹാരത്തിനായി അവർ അത് അദ്ദേഹത്തിന്റെ അടുത്ത് കൊണ്ടുപോയിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തെ വിലമതിച്ചിരുന്നു. ഞാൻ അദ്ദേഹത്തെ സംബന്ധിച്ച് അന്വേഷിച്ചു. അത് ഹദ്റത്ത് മുആദ് ബിൻ ജബൽ ആണെന്ന് പറയപ്പെട്ടു. അടുത്ത ദിവസം ഞാൻ ഉച്ചനേരത്ത് പോയപ്പോൾ അദ്ദേഹം എന്നെക്കാൾ മുമ്പേ അവിടെ എത്തിയിരുന്നു. അദ്ദേഹം നമസ്കരിക്കുകയാണ്. ഞാൻ കാത്തുനിന്നു. അദ്ദേഹം നമസ്കാരം പൂർത്തിയാക്കിയപ്പോൾ ഞാൻ അദ്ദേഹത്തിന്റെ മുന്നിൽ പോയി. അദ്ദേഹത്തിന് സലാം ചൊല്ലിക്കൊണ്ടു പറഞ്ഞു: 'അല്ലാഹുവാണ! ഞാൻ അല്ലാഹുവിനെ മുൻനിറുത്തി താങ്കളെ സ്നേഹിക്കുന്നു.' ഹദ്റത്ത് മുആദ് പറഞ്ഞു: 'അല്ലാഹുവാണ സത്യമെന്നോ?' ഞാൻ പറഞ്ഞു: 'അല്ലാഹുവാണ സത്യം!' ഹദ്റത്ത് മുആദ് വീണ്ടും ചോദിച്ചു, 'അല്ലാഹുവാണ സത്യമെന്നോ?' ഞാൻ പറഞ്ഞു, 'അല്ലാഹുവാണ സത്യം!' അദ്ദേഹം എന്റെ പുതപ്പിന്റെ കോന്തല പിടിച്ചുകൊണ്ട് തന്നിലേക്ക് അടുപ്പിച്ചിട്ട് പറഞ്ഞു: 'സന്തോഷിക്കുക. കാരണം ഞാൻ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നത് കേട്ടിട്ടുണ്ട്, അല്ലാ ഹു പറയുന്നു: 'എനിക്കുവേണ്ടി പരസ്പരം സ്നേഹിക്കുകയും എന്നിട്ട് എനിക്കുവേണ്ടി അടുത്തിരിക്കുകയും എനിക്കുവേണ്ടി പരസ്പരം കൂടിക്കാഴ്ച നടത്തുകയും എനിക്കുവേണ്ടി പരസ്പരം ചെലവഴിക്കുകയും ചെയ്യുന്നവർക്ക് എന്റെ സ്നേഹം അനിവാര്യമായിത്തീർന്നിരിക്കുന്നു.' അതായത് അല്ലാഹുവിന്റെ സ്നേഹം അനിവാര്യമായിരിക്കുന്നു.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് മുആദ് ബിൻ ജബൽ(റ), വാള്യം 7, പേജ് 353–354, ഹദീഥ് 22380, ആലമുൽകുതുബ് ബെയ്റുത്ത് 1998)

ഒരു നിവേദനത്തിൽ പറയുന്നു: 'ഹദ്റത്ത് മുആദ് ബിൻ ജബലിന് 2 ഭാര്യമാരുണ്ടായിരുന്നു. ഒരാളുടെ അടുത്ത് എത്തുമ്പോൾ മറ്റൊരാളിൽ നിന്ന് വെള്ളം പോലും കുടിച്ചിരുന്നില്ല.' അത്രമാത്രം നീതിപാലിച്ചിരുന്നു. മറ്റൊരു നിവേദനത്തിൽ പറയുന്നു, ഹദ്റത്ത് മുആദ് ബിൻ ജബലിന് 2 ഭാര്യമാരുണ്ടായിരുന്നു. ഊഴമനുസരിച്ച് ആരുടെ അടുത്താണോ ഉള്ളത് അന്ന് മറ്റേ ഭാര്യയുടെ വീട്ടിൽനിന്ന് വുളു പോലും ചെയ്തിരുന്നില്ല.' ഇവർ രണ്ടുപേരും സിറിയയിൽ പകർച്ചവ്യാധി കാരണമാണ് മരണപ്പെട്ടത്. രണ്ടുപേരെയും ഒരേ ഖബറിലാണ് മറവടക്കിയത്. ആരെയാണ് ആദ്യം ഖബ്റിൽ ഇറക്കേണ്ടത് എന്ന കാര്യത്തിൽ അദ്ദേഹം നറുക്കിട്ടു. ഇതായിരുന്നു അദ്ദേഹത്തിന്റെ നീതി. (ഹുലിയത്തുൽ ഔലിയാഅ്, വാള്യം 1, ഭാഗം 1, പേജ് 204, മുത്തർറജിം മുഹമ്മദ് അസ്ഫർ മുഗൽ, ദാറുൽഇശാഅത്ത് കറാച്ചി 2006)

സയ്റുസ്സ്വഹാബയുടെ മറ്റൊരു നിവേദനമുണ്ട്. ഹദ്റത്ത് മുആദിന് രണ്ടു ഭാര്യമാരുണ്ടായിരുന്നു. അവർ രണ്ടുപേരും അമവാസിലെ പ്ലേഗ് കാരണം മരണപ്പെട്ടു. ഒരു മകനെ സംബന്ധിച്ചും മനസ്സിലാകുന്നുണ്ട്. അദ്ദേഹത്തിന്റെ പേര് അബ്ദുർറഹ്മാൻ എന്നാണ് പറയുന്നത്. അദ്ദേഹം യർമൂക്ക് യുദ്ധത്തിൽ ഹദ്റത്ത് മുആദിനോടൊപ്പം പങ്കെടുത്തിരുന്നു. അദ്ദേഹവും അമവാസിലെ പ്ലേഗ് കാരണമാണ് മരണപ്പെട്ടത്.(സയ്റുസ്സ്വഹാബ, വാള്യം 3, പേജ് 510–511, ഹദ്റത്ത് മുആദ് ബിൻ ജബൽ (റ), പ്രസാധകർ ദാറുൽ ഇശാഅത്ത് കറാച്ചി)

ഹദ്റത്ത് അബൂ ഉബയ്ദ(റ) അമവാസ് പ്ലേഗ് കാരണം മരണപ്പെട്ടപ്പോൾ, ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് മുആദിനെ സിറിയയിലെ കൈകാര്യകർത്താവാക്കി. അമവാസ് ഒരു സ്ഥലത്തിന്റെ പേരാകുന്നു. ഇത് നേരത്തെയും വിവരിച്ചതാണ്. അതായത് റംലയിൽ നിന്ന് 7 മൈൽ അകലെ ബയ്ത്തുൽ മുഖദ്ദസിലേക്കുള്ള വഴിയിലാണ് ഈ പ്രദേശം. ഹദ്റത്ത് മുആദും ഇതേവർഷം, പ്ലേഗ് കാരണം

മരണപ്പെട്ടു.(അൽഇസ്തീആബ്, വാല്യം 3, പേജ് 1405, മുആദ് ബിൻ ജബൽ, പ്രസാധകർ ദാറുൽ ജീൽ ബെയ്റുത്ത്)(മുഅ്ജമുൽ ബുൽദാൻ 4, പേജ്, പേജ് 1770178)

കഥീർ ബിൻ മുർറ നിവേദനം. ഹദ്റത്ത് മുആദ്(റ) തന്റെ രോഗാവസ്ഥയിൽ ഞങ്ങളോട് പറഞ്ഞു: 'ഞാൻ നബി(സ)തിരുമേനിയിൽ നിന്ന് ഒരു കാര്യം കേട്ടിട്ടുണ്ട്. അത് ഞാൻ നിങ്ങളിൽനിന്ന് ഗോപ്യമാക്കി വെച്ചിരിക്കുകയാണ്. നബി(സ) തിരുമേനി 'ആരാണോ തന്റെ അന്ത്യനിമിഷത്തിൽ ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറയുന്നത്, അയാൾക്ക് സ്വർഗം നിർബന്ധമാക്കപ്പെട്ടിരിക്കുന്നുവെന്ന് പറയുകയുണ്ടായി.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് മുആദ് ബിൻ ജബൽ(റ), വാല്യം 7, പേജ് 355, ഹദീഥ് 22383, ആലമുൽകുതുബ് ബെയ്റുത്ത് 1998)

മറ്റൊരു നിവേദനത്തിൽ വരുന്നു, ഹദ്റത്ത് മുആദ്(റ) പറയുന്നു: 'നിങ്ങൾ മറ്റു കർമങ്ങൾ ഉപേക്ഷിച്ച് ഇതിൽ മാത്രം പ്രതീക്ഷയർപ്പിക്കുമോ എന്ന കാര്യം മാത്രമാണ്, ഈ ഹദീഥ് നിങ്ങളോട് പറയുന്നതിൽ എനിക്ക് തടസ്സമായി നിന്നിരുന്നത്. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് മുആദ് ബിൻ ജബൽ(റ), വാല്യം 7, പേജ് 361, ഹദീഥ് 22410, ആലമുൽകുതുബ് ബെയ്റുത്ത് 1998)

സിറിയയിൽ പ്ലേഗ് പടർന്നുപിടിച്ചപ്പോൾ ഹദ്റത്ത് മുആദ് ബിൻ ജബലിനും പ്ലേഗ് പിടിപ്പെട്ടു. അങ്ങനെ അദ്ദേഹം ബോധംകെട്ടുവീണു. കുറച്ചു ബോധം തെളിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവേ! നീ നിന്റെ ദുഃഖത്തിന്റെ അധികാരം എന്നിലാക്കിയാലും. നിന്റെ അന്തസ്സാണ! ഞാൻ നിന്നെ സ്നേഹിക്കുന്നു.' പിന്നെ വീണ്ടും അബോധാവസ്ഥയിലായി. വീണ്ടും ബോധം വന്നപ്പോൾ നേരത്തേതു പോലെ തന്നെ പറഞ്ഞു.'

ഹദ്റത്ത് മുആദ് ബിൻ ജബലിന്റെ മരണം ആസന്നമായപ്പോൾ, അദ്ദേഹം ചോദിച്ചു: 'നോക്കൂ, നേരം പുലർന്നോ?' അപ്പോൾ നേരം വെളുത്തിട്ടില്ലെന്ന് പറയപ്പെട്ടു. അങ്ങനെ നേരം വെളുത്തപ്പോൾ നേരം വെളുത്തിട്ടുണ്ടെന്ന് പറഞ്ഞു. അപ്പോൾ ഹദ്റത്ത് മുആദ്(റ) പറഞ്ഞു: 'ഏതൊരു രാവിന്റെ പ്രഭാതമാണോ നരകത്തിലേക്ക് കൊണ്ടുപോകുന്നത്, ഞാൻ അതിൽനിന്ന് അല്ലാഹുവിൽ അഭയം തേടുന്നു. ഞാൻ മരണത്തെ സ്വാഗതം ചെയ്യുന്നു. ഞാൻ എന്റെ പ്രിയനെ കണ്ടുമുട്ടുന്നതിനെ സ്വാഗതം ചെയ്യുന്നു. അതൊരു നീണ്ട കാലത്തിനു ശേഷം സമാഗതമാകുകയാണ്. അല്ലാഹുവേ! ഞാൻ നിന്നെ ഭയപ്പെടുന്നുവെന്ന് നിനക്ക് അറിയാം. എന്നാൽ, ഇന്ന് ഞാൻ പ്രതീക്ഷയിലാണുള്ളത്. ഞാൻ ഭൗതിക ലോകവും നീണ്ട ജീവിതവും ആഗ്രഹിക്കുന്നത്, അതിൽ അരുവികൾ ഉണ്ടാകാനും മരങ്ങൾ നട്ടു വളർത്താനും അല്ല. മറിച്ച് ഉച്ചയ്ക്കുള്ള ദാഹവും അവസ്ഥകൾക്ക് അനുസൃതമായ ബുദ്ധിമുട്ടുകൾ സഹിക്കാനും, നിന്നെ സ്മരിക്കുന്ന ഉലമാക്കളുടെ സദസ്സിൽ ഇരിക്കുന്നതിനുമാണ്.' മറ്റൊരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് മുആദ്(റ) മരണം ആസന്നമായപ്പോൾ കരയാൻ തുടങ്ങി. അദ്ദേഹത്തോട്, താങ്കൾ നബി(സ)തിരുമേനിയുടെ സഹചാരിയാണല്ലോ എന്തിനാണ് കരയുന്നതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ മരണഭീതി കൊണ്ടല്ല കരയുന്നത്. ഇഹലോകത്തെ ഉപേക്ഷിക്കുന്നതു കൊണ്ടുമല്ല കരയുന്നത്. ഞാൻ കരയാൻ കാരണം, ഇത്രമാത്രമേയുള്ളൂ, അതായത് രണ്ടു സംഘങ്ങളുണ്ടാകും. ഞാൻ അതിൽ ഏതിലാണ് ഉയർത്തെഴുന്നേൽക്കുക എന്നെനിക്ക് അറിയില്ല.'(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 5, പേജ് 189, മുആദ് ബിൻ ജബൽ(റ), ദാറുൽകുതുബുൽ ഇൽമിയ്യാ ബെയറുത്ത്) ഒന്ന് സ്വർഗസ്ഥരായിരിക്കും. മറ്റേത് നരകവാസികളും. ഞാൻ അല്ലാഹുവിനെയാണ് ഭയപ്പെടുന്നത്. അതുകൊണ്ടാണ് കരയുന്നത്.

മുസ്നദ് അഹ്മദ് ബിൻ ഹമ്പലിലുള്ള നിവേദനമാണ്. ഹദ്റത്ത് മുആദ് (റ)പറയുന്നു: 'നബി(സ) തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു: അടുത്തുതന്നെ നിങ്ങൾ സിറിയയിലേക്ക് പലായനം ചെയ്യുന്നതായിരിക്കും. നിങ്ങളുടെ കൈകളാൽ അത് വിജയിക്കുന്നതാണ്. എന്നാൽ, അവിടെ കുരുക്കളും ചിരങ്ങുകളും അല്ലെങ്കിൽ ശക്തമായി കടിക്കുന്ന വസ്തുപോലെയുള്ള ഒരു രോഗം വെളിപ്പെടുന്നതായിരിക്കും. അത് മനുഷ്യനെ മുച്ചൂടും ബാധിക്കുന്നതാണ്. അല്ലാഹു അതു മുഖേന അവർക്ക് ശഹാദത്ത് നൽകുന്നതായിരിക്കും. അവരുടെ കർമങ്ങൾ ശുദ്ധീകരിക്കുകയും ചെയ്യും. അല്ലാഹുവേ! മുആദ് ബിൻ ജബൽ, നബി(സ)തിരുമേനിയിൽ നിന്ന് ഈ ഹദീഥ് കേട്ടതായി നിനക്ക് അറിയാം. അതുകൊണ്ട് അയാൾക്കും അയാളുടെ കുടുംബത്തിനും ഇതിൽ നല്ലൊരു പങ്ക് നൽകേണമേ!' ഇത് അദ്ദേഹം സ്വന്തം പറയുകയാണ്. അങ്ങനെ അവരെല്ലാവരേയും പ്ലേഗ് ബാധിച്ചു. അവരിൽ ആരുംതന്നെ ജീവനോടെ ബാക്കിയായില്ല. ഹദ്റത്ത് മുആദ് ബിൻ ജബലിന്റെ ചൂണ്ടുവിരലിൽ പ്ലേഗിന്റെ കുരു ഉണ്ടായപ്പോൾ അദ്ദേഹം പറഞ്ഞു: 'എനിക്ക് ഇതിനു പരകരമായി ചെമന്ന ഒട്ടകം കിട്ടുന്നതുപോലും ഇഷ്ടമല്ല. ഞാൻ ഇതിൽ തന്നെ സന്തോഷിക്കുന്നു.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് മുആദ് ബിൻ ജബൽ(റ), വാല്യം 7, പേജ് 371, ഹദീഥ് 22439, ആലമുൽകുതുബ് ബെയ്റുത്ത് 1998)

താരീഖ് ത്വബ്രിയിലുണ്ട്: അദ്ദേഹത്തിന്റെ ഉള്ളം കൈയിൽ കുരു വന്നപ്പോൾ അദ്ദേഹം തന്റെ കൈയുടെ പിറകു വശത്ത് മുത്തിക്കൊണ്ട് പറഞ്ഞു: 'നിനക്ക് പകരം ലോകത്തിലെ മറ്റെന്തെങ്കിലും കിട്ടുന്നത് എനിക്കിഷ്ടമല്ല.'(താരീഖ് അത്ത്വബരി, ഭാഗം 4, പേജ് 238, ഖുറൂജ് ഉമറുബ്നുൽ ഖത്വാബ് ഇലസ്സാമി, ദാറുൽ ഫിക്ർ ബെയ്റുത്ത്)

ഹദ്റത്ത് മുആദ് ബിൻ ജബൽ(റ) ഹിജ്റ 18–ൽ വഫാത്തായി. അദ്ദേഹത്തിന്റെ പ്രായത്തെ പറ്റി വ്യത്യസ്ത നിവേദനങ്ങൾ വന്നിട്ടുണ്ട്. അവയനുസരിച്ച് 33, 34, 38 എന്നാണ് പ്രായം പറയുന്നത്. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 5, പേജ് 190, മുആദ് ബിൻ ജബൽ(റ), ദാറുൽകുതുബുൽ ഇൽമിയ്യാ ബെയറുത്ത്, ലബ്നാൻ 2003)

ഹദ്റത്ത് മുആദ് ബിൻ ജബൽ(റ)നിവേദനം ചെയ്ത ഹദീഥുകളുടെ എണ്ണം 157 ആകുന്നു. അതിൽ 2 ഹദീഥുകളെ പറ്റി ബുഖാരിക്കും മുസ്ലിമിനും അഭിപ്രായ ഐക്യമുണ്ട്. രണ്ട് ഗ്രന്ഥങ്ങളിലും അത് വന്നിട്ടുണ്ട്.(സയ്റുസ്സ്വഹാബ, വാല്യം 3, പേജ് 156, അദാര ഇസ്ലാമിയാത്ത് ലാഹോർ)

ഇനി ഞാൻ അനുസ്മരിക്കാൻ പോകുന്ന സ്വഹാബി അബ്ദുല്ലാഹ് ബിൻ അംറ്(റ) ആകുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് അൻസ്വാറിലെ ഖസ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂ സലിമയിലെ ആളായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അംറ് ബിൻ ഹറാം എന്നും മാതാവിന്റെ പേര് റിബാബ് ബിൻത് ഖയ്സ് എന്നുമായിരുന്നു. (അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 3, പേജ് 423, അബ്ദുല്ലാഹ് ബിൻ അംറ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2012) , ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ) മദീന ഹിജ്റത്തിന് 40 വർഷം മുമ്പേ ജനിച്ചു.(സ്വഹാബയെക്റാം എൻസൈക്ലോപീഡിയ, ഡോക്ടർ ദുൽഫിഖാർ കാളിം പേജ് 486, അബ്ദുല്ലാഹു ബിൻ അംറ്, ബയ്ത്തുൽ ഉലൂം പുരാനീ അനാർക്കലി ലാഹോർ)

അതായത് ഹിജ്റത്ത് വേളയിൽ അദ്ദേഹത്തിന് 40 വയസ്സായിരുന്നു പ്രായം. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ), സുപ്രസിദ്ധ സ്വഹാബിയായ ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലായുടെ പിതാവാകുന്നു. (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ ഭാഗം 4, പേജ് 162, അബ്ദുല്ലാഹ് ബിൻ അംറ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2005)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്, ഹദ്റത്ത് അംറ് ബിൻ ജമൂഹിന്റെ സഹോദരി ഭർത്താവായിരുന്നു.(ഖുത്ബാത്തെ ത്വാഹിർ,(തഖാരീർ ജൽസസാലാന ഖബ്ൽ അസ് ഖിലാഫത്ത്) തഖ്രീർ ജൽസാസസാലാന 1979, പേജ് 349)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്, രണ്ടാം അഖബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. നബി(സ)തിരുമേനി നിശ്ചയിച്ച 12 നേതാക്കന്മാരിൽ ഒരാൾ അദ്ദേഹമായിരുന്നു. ഇദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. ഉഹുദ് യുദ്ധത്തിൽ ശഹീദായി. ചിലരുടെ അഭിപ്രായമനുസരിച്ച് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്, ഉഹുദ് യുദ്ധത്തിൽ മുസ്ലിമീങ്ങളുടെ ഭാഗത്തു നിന്നുള്ള ആദ്യത്തെ ശഹീദാകുന്നു.(അൽഇസ്തീആബ്, വാല്യം 3, പേജ് 84, അബ്ദുല്ലാബ് ബിൻ അംറ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)

അദ്ദേഹം സത്യവിശ്വാസം സ്വീകരിച്ചതു സംബന്ധിച്ച സംഭവം, ഹദ്റത്ത് കഅ്ബ് ബിൻ മാലിക്(റ) വിവരിക്കുന്നു: ഞങ്ങൾ 'അയ്യാമുത്തശ്രീഖി'ൽ അതായത് ഹജ്ജിന്റെ അവസാന മൂന്ന് ദിവസങ്ങളിൽ, ദുൽഹജ്ജ് 11 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ മധ്യദിനത്തിൽ അഖബയിൽവച്ച് നബി(സ)തിരുമേനിയെ കാണാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. അഖബ മക്കയ്ക്കും മദീനയ്ക്കും ഇടയിലുള്ള സ്ഥലമാണ്. നേരത്തെയും ഇതു പറഞ്ഞിട്ടുള്ളതാണ്. ഞങ്ങൾ ഹജ്ജിൽ നിന്ന് വിരമിച്ചപ്പോൾ രാത്രിയായിരുന്നു. ഞങ്ങൾ നബി(സ)തിരുമേനിയോട് വരുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. ഞങ്ങളോടൊപ്പം അബ്ദുല്ലാഹ് ബിൻ അംറും ഉണ്ടായിരുന്നു. അദ്ദേഹം ഞങ്ങളുടെ നേതാക്കന്മാരിൽ ഒരു നേതാവും ഞങ്ങളുടെ ആദരണീയ വ്യക്തിത്വങ്ങളിൽ ഒരാളുമായിരുന്നു. ഞങ്ങൾ അദ്ദേഹത്തേയും കൂടെ കൂട്ടിയിരുന്നു. ഞങ്ങൾ കൂടെയുണ്ടായിരുന്ന മുശ്രികീങ്ങളിൽനിന്ന് കൂടിക്കാഴ്ച സംബന്ധിച്ച കാര്യം മറച്ചുവെച്ചിരുന്നു. ഞങ്ങൾ അദ്ദേഹത്തോട് പറഞ്ഞു: 'അബൂ ജാബിറേ! താങ്കൾ ഞങ്ങളുടെ നേതാവാകുന്നു. ഞങ്ങളിൽ ആദരണീയനുമാണ്. അദ്ദേഹത്തിന്റെ വിളിപ്പേര് അബു ജാബിർ എന്നുമുണ്ടായിരുന്നു. അതുകൊണ്ടാണ് അബൂ ജാബിർ എന്ന് പറയുന്നത്. പറയുന്നു: 'അബു ജാബിറേ! താങ്കൾ ഞങ്ങളുടെ നേതാക്കന്മാരിൽ ഒരാളാകുന്നു. ഞങ്ങളിൽ ആദരണീയനുമാണ്. താങ്കൾ നരകത്തിന്റെ ഇന്ധനമാകുന്നത് ഞങ്ങളാഗ്രഹിക്കുന്നില്ല. അങ്ങനെ ഞങ്ങൾ അദ്ദേഹത്തെ ഇസ്ലാമിലേക്ക് ക്ഷണിച്ചു. നബി(സ)തിരുമേനിയെ അഖബ എന്ന സ്ഥലത്ത് കാണാൻ പോകുകയാണെന്ന് അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം പറയുന്നു; അദ്ദേഹം ഇസ്ലാം സ്വീകരിച്ചു. രണ്ടാം അഖബ ബയ്അത്തിൽ പങ്കെടുത്തു. നേതാവായി നിശ്ചയിക്കപ്പെടുകയും ചെയ്തു.(സീറത്തു ഹിബ്നു ഹിശാം ഭാഗം 1, പേജ് 236, അംറുൽ അഖബത്തുൽഥാനിയ, ദാറു ഇബ്നു ഹസം, ബെയ്റുത്ത് 2009)(ഉർദു ദാഇറയെ മആരിഫ് ഇസ്ലാമിയ്യ, വാല്യം 6, പേജ് 413, പ്രസാധകർ ശുഅ്ബയെ ഉർദു ദാഇറയെ ഉർദു ലാഹോർ)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് പറയുന്നു, 'ഞാനും എന്റെ പിതാവും എന്റെ രണ്ട് മാതുലന്മാരും അഖബയിൽ പങ്കെടുത്ത അസ്ഹാബിൽപ്പെട്ടവരാകുന്നു. ഇബ്നു ഉയയ്ന ഒരു നിവേദകനാണ്. അദ്ദേഹം പറയുന്നു, 'അവരിൽ ഒരാൾ ഹദ്റത്ത് ബറാഅ് ബിൻ മഅ്റൂർ(റ) ആകുന്നു.(സ്വഹീഹ് ബുഖാരി, കിതാബു മനാഖിബുൽഅൻസ്വാർ, ബാബു വുഫൂദുൽ അൻസ്വാർ ഇലന്നബിയ്യി സ്വല്ലല്ലാഹു അലയ്ഹിവസല്ലം ബിമക്കത്ത വ ബയ്അത്തുൽ അഖബ ഹദീഥ് 3890 –3891)

രണ്ടാം അഖബയെ സംബന്ധിച്ച്, സീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിലെ വിശദീകരണം ഒന്ന് രണ്ട് സ്വഹാബാക്കളുടെ വിശദീകരണത്തിൽ അനുസ്മരിച്ചതാണ്. ഇവിടെ കുറച്ചു ഭാഗം വിവരിക്കാം. രണ്ടാം അഖബ ബയ്അത്തിനെ സംബന്ധിച്ച് സീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ

അംറിനെ കുറിച്ച് വന്ന ഭാഗമാണ് വിവരിക്കുന്നത്: 'നബ്‌വി 13-ാം വർഷം ദുൽഹജ്ജ് മാസത്തിൽ ഹജ്ജിന്റെ അവസരത്തിൽ ഔസ്, ഖസ്റജ് ഗോത്രങ്ങളിലെ നിരവധി ആളുകൾ മക്കയിൽ വന്നു. അവരിൽ മുസ്‌ലിമീങ്ങളായ അല്ലെങ്കിൽ മുസ്‌ലിമീങ്ങളാകാൻ ആഗ്രഹിക്കുന്ന 70 പേരുമുണ്ടായിരുന്നു. അവർ നബി(സ)തിരുമേനിയെ കാണുന്നതിനാണ് മക്കയിൽ വന്നത്.

ആ അവസരത്തിൽ ഒറ്റക്കും കൂട്ടമായുമുള്ള കൂടിക്കാഴ്ച ആവശ്യമായിരുന്നു. അതുകൊണ്ട് ഹജ്ജ് അനുഷ്ഠിച്ചതിനുശേഷം ദുൽഹജ്ജിലെ മധ്യത്തിലെ ഒരു തീയതി നിശ്ചയിക്കപ്പെട്ടു. അന്ന് ഏകദേശം അർധ രാത്രി ഇവരെല്ലാവരും കഴിഞ്ഞ വർഷത്തെ അതെ താഴ്‌വരയിൽ നബി(സ)തിരുമേനിയെ കാണാമെന്ന് നിശ്ചയിച്ചുറച്ചു. അങ്ങനെ സമാധാനത്തോടെ, വെവ്വേറെ സംസാരിക്കാൻ കഴിയുന്നതാണ്. നബി(സ)തിരുമേനി അൻസ്വാറിനോട് ഒന്നിച്ചു വരരുതെന്നും ഒറ്റയ്ക്കോ, ഈരണ്ടു പേർ വീതമോ നിശ്ചിത സ്ഥലത്ത് എത്തണമെന്ന് നിർദേശിച്ചിരുന്നു. ഉറങ്ങുന്നവരെ ഉണർത്തരുതെന്നും സന്നിഹിതരല്ലാത്തവരെ കാത്തു നിൽക്കരുതെന്നും പറഞ്ഞിരുന്നു. അങ്ങനെ നിശ്ചിത ദിവസം വന്നെത്തി. രാത്രി സമയത്ത് മൂന്നിലൊരു ഭാഗം കഴിഞ്ഞപ്പോൾ, നബി(സ)തിരുമേനി ഒറ്റയ്ക്ക് വീടിനു പുറത്തിറങ്ങി. വഴിയിൽ പിതൃവ്യനായ അബ്ബാസിനേയും കൂട്ടിയിരുന്നു. അദ്ദേഹം അപ്പോഴും മുശ്‌രിക് ആയിരുന്നു. പക്ഷേ, നബി(സ) തിരുമേനിയെ സ്നേഹിച്ചിരുന്നു. ഹാശിം കുടുംബത്തിലെ നേതാവുമായിരുന്നു. അങ്ങനെ അവർ രണ്ടുപേരും ആ താഴ്‌വരയിലെത്തി. അധികനേരം ആകുന്നതിനുമുമ്പേ, അൻസ്വാറും ഓരോരുത്തരായും ഈരണ്ടുപേർ വീതവും എത്തി. ഇവർ 70 പേർ ഉണ്ടായിരുന്നു. അവർ ഔസ്, ഖസ്റജ് ഗോത്രക്കാർ ആയിരുന്നു.

ഏറ്റവുമാദ്യം അബ്ബാസാണ് സംസാരം തുടങ്ങിയത്. പറഞ്ഞു: 'ഖസ്റജ് ഗോത്രക്കാരേ! മുഹമ്മദ്(സ) തന്റെ കുടുംബത്തിൽ ആദരണീയനും ഏറെ പ്രിയങ്കരനുമാണ്. ആ കുടുംബം ഇന്നേവരേയും അദ്ദേഹത്തിന്റെ സംരക്ഷണത്തിന് ജാമ്യമായിരുന്നു. അവർ എല്ലാ പ്രയാസഘട്ടത്തിലും നെഞ്ചുവിരിച്ചു നിന്നിരുന്നു. പക്ഷേ, ഇപ്പോൾ മുഹമ്മദ്, തന്റെ നാട് ഉപേക്ഷിച്ച് നിങ്ങളുടെ അടുക്കൽ വരാൻ ആഗ്രഹിക്കുന്നു. ആയതിനാൽ നിങ്ങൾ അദ്ദേഹത്തെ കൂടെ കൊണ്ടു പോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ നല്ലതുപോലെ അദ്ദേഹത്തെ സംരക്ഷിക്കേണ്ടിവരും. സകല ശത്രുവിനു മുന്നിലും നെഞ്ചുവിരിച്ചു നിൽക്കേണ്ടിവരും. നിങ്ങൾ അതിന് തയ്യാറാണെങ്കിൽ നല്ലത്. അല്ലെങ്കിൽ തുറന്നു പറയുക. കാരണം തുറന്ന് പറയുന്നതാണ് എപ്പോഴും ഗുണപ്രദം. അൻസ്വാർ ഗോത്രത്തിലെ പ്രായാധിക്യമുള്ള, പ്രഭാവമുള്ള ബറാഅ് ബിൻ മഅ്റൂർ എന്ന ആൾ ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: 'അബ്ബാസേ! ഞങ്ങൾ നിങ്ങൾ പറയുന്നത് കേട്ടു. പക്ഷേ, നബി(സ)തിരുമേനി തന്റെ പരിശുദ്ധ നാവുകൊണ്ട് എന്തെങ്കിലും പറയണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഞങ്ങൾക്ക് നൽകുന്ന ഉത്തരവാദിത്തങ്ങളെ സംബന്ധിച്ച് നബി(സ)തിരുമേനി തന്നെ വിവരിക്കട്ടെ.' അപ്പോൾ, നബി(സ)തിരുമേനി വിശുദ്ധ ഖുർആനിലെ ഏതാനും ആയത്തുകൾ പാരായണം ചെയ്തശേഷം ഒരു ഹ്രസ്വഭാഷണം നടത്തി. അതിൽ ഇസ്‌ലാമിന്റെ അധ്യാപനം വിവരിച്ചു. അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമകൾ വിശദീകരിച്ചു. തുടർന്നു പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ കുടുംബക്കാരേയും ബന്ധുക്കളേയും സംരക്ഷിക്കുന്നതുപോലെ ആവശ്യം വന്നാൽ എന്നോടും പെരുമാറണമെന്നു മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്.' നബി(സ)തിരുമേനി പ്രഭാഷണം അവസാനിപ്പിച്ചപ്പോൾ, ബറാഅ് ബിൻ മഅ്റൂർ അറേബ്യൻ രീതി അനുസരിച്ച് നബി(സ) തിരുമേനിയുടെ കൈ തന്റെ കൈയിലെടുത്ത് പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങയെ സത്യവും സത്യസാക്ഷ്യവുമായി അയച്ച അല്ലാഹുവാണ! ഞങ്ങൾ ഞങ്ങളുടെ ജീവനെ കാക്കുന്നതുപോലെ അങ്ങയെ സംരക്ഷിക്കുന്നതാണ്.' അതിന്നിടയിൽ ഒരാൾ പറഞ്ഞു: 'ഇത് ഞങ്ങൾ ഉടമ്പടി ചെയ്യുന്നു. പക്ഷേ, അങ്ങയ്ക്ക് വിജയം ലഭിക്കുമ്പോൾ ഞങ്ങളെ ഉപേക്ഷിച്ചു പോകുമോ?' അപ്പോൾ നബി(സ)തിരുമേനി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: 'നിങ്ങളുടെ രക്തം എന്റെ രക്തമായിരിക്കും. നിങ്ങളുടെ സുഹൃത്ത് എന്റെ സുഹൃത്തായിരിക്കും. നിങ്ങളുടെ ശത്രു എന്റെ ശത്രുവായിരിക്കും.' തുടർന്ന് അബ്ബാസ് ബിൻ ഉബാദ അൻസ്വാരി തന്റെ സുഹൃത്തുക്കൾക്കിടയിൽ കണ്ണോടിച്ചു കൊണ്ട് പറഞ്ഞു: 'ജനങ്ങളേ! ഈ ഉടമ്പടിയുടെ അർഥം എന്താണെന്നാണ് നിങ്ങൾക്ക് മനസിലാകുന്നത്? ഇതിന്റെ അർഥം, ഇനി നിങ്ങൾ കറുത്തവനേയും വെളുത്തവനേയും എതിരിടാൻ തയ്യാറായിരിക്കണമെന്നും സർവ ത്യാഗത്തിനും തയ്യാറായിരിക്കണമെന്നുമാണ്.' ജനങ്ങൾ പറഞ്ഞു: 'അതേ. ഞങ്ങൾക്കറിയാം. പക്ഷേ, യാ റസൂലല്ലാഹ്! ഇതിനുപകരം ഞങ്ങൾക്ക് എന്താണ് ലഭിക്കുക?' നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾക്ക് അല്ലാഹുവിന്റെ സ്വർഗം ലഭിക്കുന്നതായിരിക്കും. അത് അല്ലാഹുവിന്റെ സകല അനുഗ്രഹങ്ങളേക്കാളും വലിയ അനുഗ്രഹമാകുന്നു.' അപ്പോൾ എല്ലാവരും ഒന്നടങ്കം പറഞ്ഞു: 'ഞങ്ങൾക്ക് ഈ കച്ചവടം സമ്മതമാണ്. യാ റസൂലല്ലാഹ്! അങ്ങ് കൈ നീട്ടിയാലും.' തുടർന്ന് നബി(സ)തിരുമേനി തന്റെ കൈനീട്ടി. ജീവൻ ബലിയാർപിക്കാൻ സന്നദ്ധരായ ഈ 70 പേരുടെ സംഘം ഒരു പ്രതിരോധ കരാറിൽ നബി(സ)തിരുമേനിയുടെ കൈയിൽ തങ്ങളെ വിൽക്കുകയുണ്ടായി. ഈ ബയ്അത്തിന്റെ പേരാണ് രണ്ടാം അഖബ ബയ്അത്ത്.

ബയ്അത്ത് ചെയ്തു കഴിഞ്ഞപ്പോൾ നബി(സ) തിരുമേനി അവരോട് പറഞ്ഞു: മൂസാ തന്റെ സമൂഹത്തിൽ 12 നേതാക്കന്മാരെ തിരഞ്ഞെടുത്തിരുന്നു. അവർ മൂസായുടെ ഭാഗത്തുനിന്ന് അവർക്ക് മേൽനോട്ടക്കാരും സംരക്ഷകരുമായിരുന്നു. ഞാൻ നിങ്ങളിൽ 12 നേതാക്കന്മാരെ നിശ്ചയിക്കാൻ ആഗ്രഹിക്കുകയാണ്. ഇവർ നിങ്ങൾക്ക് മേൽനോട്ടക്കാരും നിങ്ങളുടെ സംരക്ഷകരുമായിരിക്കും. ഇവർ എന്നെ സംബന്ധിച്ചിടത്തോളം ഈസായുടെ ഹവാരീങ്ങളെ പോലെയാകുന്നു. ഇവർ തങ്ങളുടെ സമുദായത്തെ പറ്റി എന്നോട് സമാധാനം പറയേണ്ടതാണ്. ആയതിനാൽ നിങ്ങൾ ഉചിതമായ ആളുകളുടെ പേരുകൾ നിർദ്ദേശിച്ച് എനിക്ക് സമർപ്പിക്കുക. അങ്ങനെ 12 പേർ നിർദേശിക്കപ്പെട്ടു. അത് നബി(സ)തിരുമേനി അംഗീകരിച്ചു. അവരെ ഓരോരോ ഗോത്രത്തിന്റെ മേൽനോട്ടക്കാരാക്കി നിശ്ചയിക്കുകയും അവരുടെ കടമകൾ അവർക്ക് മനസ്സിലാക്കി കൊടുക്കുകയും ചെയ്തു. ചില ഗോത്രങ്ങൾക്ക് ഈരണ്ടുവീതം നേതാക്കന്മാർ നിശ്ചയിക്കപ്പെട്ടിരുന്നു. ഏതായിരുന്നാലും ഈ 12 നേതാക്കന്മാരിൽ അബ്ദുല്ലാഹ് ബിൻ അംറിന്റെ പേരുമുണ്ട്. അദ്ദേഹത്തെയും നേതാവായി നിശ്ചയിച്ചിരുന്നു.(സീറത്തു ഖാത്തുമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ), പേജ് 227-231)

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: ഉഹുദ് യുദ്ധാവസരത്തിൽ മദീനയിൽ കപടവിശ്വാസികളുടെ നേതാവ് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ കലാപമുണ്ടാക്കി. അപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് ജനങ്ങളെ ഉപദേശിക്കാൻ ശ്രമിച്ചിരുന്നു.(ഗസ്‌വ ഉഹുദ് അല്ലാമ മുഹമ്മദ് അഹ് മദ് ബാശമീൽ, പേജ് 215, നഫീസ് അക്കാഡമി, ഉർദു ബാസാർ, കറാച്ചി, 1989)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) വിവരിക്കുന്നു: 'എന്റെ പിതാവ് അബ്ദുല്ലാഹ് ബിൻ അംറും മാതുലനും ഉഹുദ് യുദ്ധത്തിൽ ശഹീദായിരുന്നു. അപ്പോൾ എന്റെ മാതാവ്, മറ്റൊരു നിവേദനത്തിൽ പിതൃസഹോദരി അതായത് അംറ് ബിൻ ജമൂഹിന്റെ ഭാര്യ അവരെ രണ്ടുപേരേയും പിതാവിനേയും മാതുലനേയും ഒട്ടകപ്പുറത്ത് മദീനയിലേക്ക് കൊണ്ടുവരികയായിരുന്നു. ആ സന്ദർഭത്തിൽ നബി(സ)തിരുമേനി നിയോഗിച്ച വിളംബരംചെയ്യുന്നയാൾ ഇങ്ങനെ വിളംബരം ചെയ്തു: 'വധിക്കപ്പെട്ടവരെ അവർ യുദ്ധം ചെയ്തിരുന്ന സ്ഥലത്തുതന്നെ ഖബ്റടക്കുക. അപ്പോൾ അവർ രണ്ടുപേരേയും തിരിച്ചുകൊണ്ടുപോയി. അവർ യുദ്ധം ചെയ്ത സ്ഥലത്തുതന്നെ അവരെ ഖബ്റടക്കുകയുണ്ടായി.(അത്ത്വബഖാത്തിൽകുബ്റാ, ഭാഗം 3, പേജ് 423, അബ്ദുല്ലാഹ് ബിൻ അംറ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2012)(അൽ ഇസ്വാബ ഫീ തമീസിസ്സ്വഹാബ വാല്യം 2, പേജ് 287, അബ്ദുല്ലാഹ് ബിൻ അംറ്,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 1995)

മറ്റൊരു നിവേദനത്തിലുണ്ട്: ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു; ഉഹുദ് യുദ്ധാവസരത്തിൽ, നബി(സ)തിരുമേനി ശഹീദാക്കപ്പെട്ടുവെന്ന് മദീനയിൽ ഒരു കിംവദന്തി പരക്കാനിടയായി. ഇതുകേട്ടപ്പോൾ മദീനക്കാർ കരയാൻ തുടങ്ങി. അൻസ്വാറിലെ ഒരു സ്ത്രീ ഉഹുദിലേക്ക് പുറപ്പെട്ടു. വഴിയിൽ അവർ തന്റെ പിതാവ്, മകൻ, ഭർത്താവ്, സഹോദരൻ എന്നിവരുടെ മൃതദേഹങ്ങൾ കാണുകയുണ്ടായി. നിവേദകൻ പറയുന്നു: 'അവരുടെ മൃതദേഹമാണ് താൻ കണ്ടതെന്ന് അവർ അറിഞ്ഞിരുന്നില്ല. അവരുടെ മുന്നിലൂടെ അത് കൊണ്ടുപോകുമ്പോൾ അവർ അത് ആരാണെന്ന് ചോദിച്ചിരുന്നു. ആളുകൾ ഇത് നിങ്ങളുടെ പിതാവാണ്, നിങ്ങളുടെ സഹോദരനാണ്, നിങ്ങളുടെ ഭർത്താവാണ്, നിങ്ങളുടെ മകനാണ് എന്ന് പറയുകയും ചെയ്തിരുന്നു. നിവേദകൻ പറയുന്നു: നബി(സ)തിരുമേനിക്ക് എങ്ങനെയുണ്ടെന്നാണ് അവർ ചോദിച്ചുകൊണ്ടിരുന്നത്. ജനങ്ങൾ പറഞ്ഞു: നബി(സ)തിരുമേനി നിങ്ങളുടെ മുന്നിൽ തന്നെയുണ്ടല്ലോ? അവരെ നബി(സ)തിരുമേനിയുടെ സവിധത്തിൽ എത്തിച്ചു. അപ്പോൾ നബി(സ)തിരുമേനിയുടെ കോന്തല പിടിച്ചുകൊണ്ട് അവർ പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങേക്ക് തെണ്ടമായിരിക്കട്ടെ! അങ്ങ് സുരക്ഷിതനാണെങ്കിൽ ഇനി എനിക്ക് ആരുടെ മരണത്തെപ്പറ്റിയും വേവലാതിയില്ല.'(മജ്മഉസ്സവാഇദ്, ഭാഗം 6, പേജ് 120, കിതാബുൽമഗാസി വസ്സയ്ർ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഖിലാഫത്തിനു രണ്ടു മൂന്നു വർഷം മുമ്പേ ജൽസാ സാലാനയിൽ 'നബി(സ)തിരുമേനിയുടെ ചരിത്രവും യുദ്ധങ്ങളും' എന്ന പേരിൽ പ്രഭാഷണം നടത്തിയിരുന്നു. അതിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറിനെ പറ്റി പറഞ്ഞ ഭാഗം ഞാനും ഇവിടെ വായിച്ചുകേൾപ്പിക്കാം: 'ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറിന്റെ സഹോദരി, അതായത് ഹദ്റത്ത് അംറ് ബിൻ ജമൂഹിന്റെ ഭാര്യ, തന്റെ സഹോദരനെപോലെ നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിൽ ലീനയായിരുന്നു. ഈ യുദ്ധത്തിൽ അവരുടെ ഭർത്താവും സഹോദരനും പുത്രനും ശഹീദാക്കപ്പെട്ടു. പക്ഷേ, നബി(സ)തിരുമേനി സമാധാനത്തിലാണെന്ന സന്തോഷം ഈ എല്ലാ ദുഃഖങ്ങളേയും അതിജയിച്ചു. ഹദ്റത്ത് ആഇശാ സിദ്ദീഖ(റ) വിവരിക്കുന്നു: 'ഞാൻ യുദ്ധമൈതാനത്തിലേക്ക് കാര്യങ്ങൾ അറിയാൻ പോവുകയായിരുന്നു. വഴിയിൽ അംറ് ബിൻ ജമൂഹിന്റെ ഭാര്യ ഹിന്ദ്, ഒരു ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ച് മദീനയിലേക്ക് പോകുന്നതുകണ്ടു. ഞാൻ അവരോട് ചോദിച്ചു: 'എന്താണ് യുദ്ധ മൈതാനത്തിലെ അവസ്ഥ?' അവർ പറഞ്ഞു: 'അൽഹംദുലില്ലാഹ്! എല്ലാവരും സൗഖ്യത്തിലാകുന്നു. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യും സുഖത്തിൽത്തന്നെ. ഇത്രയുമായപ്പോഴേക്കും എന്റെ ദൃഷ്ടികൾ ഒട്ടകത്തിനുമേൽ പതിച്ചിരുന്നു. അതിനുമേൽ എന്തൊക്കെയോ വെച്ചിട്ടുണ്ട്. ഞാൻ ചോദിച്ചു: 'ഒട്ടകപ്പുറത്ത് എന്താണ്?' അവർ പറഞ്ഞു:

'എന്റെ ഭർത്താവ് അംറ് ബിൻ ജമൂഹിന്റേയും എന്റെ സഹോദരൻ അബ്ദുല്ലാഹ് ബിൻ അംറിന്റേയും എന്റെ മകൻ ഖല്ലാദിന്റേയും മൃതദേഹങ്ങളാകുന്നു.' ഇത്രയും പറഞ്ഞ് അവർ മദീനയിലേക്ക് പോകാൻ ഒരുങ്ങി. പക്ഷേ, ഒട്ടകം അവിടെ തന്നെ ഇരുന്നു. അത് എഴുന്നേൽക്കുന്നുണ്ടായിരുന്നില്ല. അവസാനം അത് എഴുന്നേറ്റെങ്കിലും മദീനയിലേക്ക് പോകാൻ കൂട്ടാക്കുന്നുണ്ടായിരുന്നില്ല. അപ്പോൾ അവർ അതായത് ആ സ്ത്രീ അതിന്റെ കടിഞ്ഞാൺ ഉഹുദിലേക്ക് തിരിച്ചു. അത് ഉന്മേഷത്തോടെ നടക്കാൻ തുടങ്ങി. വീണ്ടും എഴുതുന്നു: 'ഇവിടെ ഇതാണ് നബി(സ)തിരുമേനിയോടുള്ള സ്നേഹാതിരേകത്തിന്റെ കഥയെങ്കിൽ മറുഭാഗത്ത് നബി(സ)തിരുമേനി സ്വഹാബാക്കളോട് പറയുന്നു: 'നിങ്ങൾ പോയി അംറ് ബിൻ ജമൂഹിന്റേയും അബ്ദുല്ലാഹ് ബിൻ അംറിന്റേയും മൃതദേഹങ്ങൾ അന്വേഷിക്കുവിൻ. അവരെ ഒന്നിച്ചു ഖബ്റടക്കുന്നതായിരിക്കും. കാരണം ഇവർ ഈ ലോകത്തും പരസ്പരം സ്നേഹിച്ചിരുന്നു.'(ഖുത്ബാത്തെ ത്വാഹിർ,(ത്വാരീർ ജൽസസാലാന ഖബ്ൽ അസ് ഖിലാഫത്ത്)തഖ്രീർ ജൽസാസസാലാന 1979, പേജ് 350–351)

നബി(സ)തിരുമേനിയ്ക്ക് അവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ടായിരുന്നു. ഒരു നിവേദനത്തിലുണ്ട്: 'ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്, ഉഹുദ് യുദ്ധത്തിന് പുറപ്പെടാൻ ആഗ്രഹിച്ചപ്പോൾ തന്റെ മകൻ ഹദ്റത്ത് ജഅ്ഫറിനെ വിളിച്ചു വരുത്തി. അദ്ദേഹത്തോട് പറഞ്ഞു: 'എന്റെ മകനേ! ഞാൻ ആദ്യത്തെ ശഹീദാകുമെന്ന് പ്രതീക്ഷിക്കുന്നു. അല്ലാഹുവാണ! എനിക്ക് പിന്നിൽ റസൂലുല്ലാഹ്(സ)ന്റെ പരിശുദ്ധ അസ്തിത്വത്തിനു ശേഷം, നിന്നെയല്ലാതെ മറ്റൊന്നും ഞാൻ ഉപേക്ഷിച്ച് പോകുന്നില്ല. അത് എനിക്ക് ഏറെ പ്രിയങ്കരമാകുന്നു. എനിക്ക് കുറച്ച് കടങ്ങളുണ്ട്. അത് എനിക്കുവേണ്ടി വീട്ടണം. നിന്റെ സഹോദരിമാരോട് നല്ല നിലയിൽ വർത്തിക്കാൻ ഞാൻ നിന്നെ ഉപദേശിക്കുന്നു.' ഹദ്റത്ത് ജാബിർ നിവേദനം ചെയ്യുന്നു. അടുത്ത ദിവസം രാവിലെ എന്റെ പിതാവ് ഏറ്റവുമാദ്യം ശഹീദായി. ശത്രുക്കൾ അദ്ദേഹത്തിന്റെ കാതും മൂക്കും അരിഞ്ഞെടുത്തിരുന്നു. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സഹാബ വാല്യം 3, പേജ് 344, അബ്ദുല്ലാഹ് ബിൻ അംറ്(റ), ദാറുൽകുതുബുൽ ഇൽമിയ്യാ ബെയറുത്ത്)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) പറയുന്നു: 'നബി(സ)തിരുമേനി ഉഹുദിലെ ശുഹദാക്കളെ ഖബ്റടക്കാൻ വന്നപ്പോൾ പറഞ്ഞു: 'അവരെ ആ പരിക്കുകളോടെതന്നെ ഖബ്റടക്കുക. കാരണം ഞാൻ സാക്ഷിയാകുന്നു; അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദാകുന്ന മുസൽമാൻ ഖിയാമത്തുനാൾ രക്തമൊലിക്കുന്ന നിലയിൽ വരുന്നതാണ്. അവരുടെ നിറം കടും മഞ്ഞനിറമുള്ളതുപോലെയും മണം കസ്തൂരിയുടേതുമായിരിക്കും. അതായത് അല്ലാഹുവിന്റെ സവിധത്തിൽ സന്നിഹിതരാകുന്ന ഇഷ്ടദാസന്മാരാകുന്നു അവർ. അവരെ കുളിപ്പിക്കേണ്ടതില്ല. അവരെ കഫൻ ചെയ്യുകയും വേണ്ട. അവരുടെ വസ്ത്രം തന്നെയാണ് അവരുടെ കഫൻ.'

ഹദ്റത്ത് ജാബിർ(റ) പറയുന്നു: 'എന്റെ പിതാവിനെ ഒരു പുതപ്പുകൊണ്ട് കഫൻ ചെയ്തു.' അദ്ദേഹം പറയുന്നു: ശുഹദാക്കളെ ഖബ്റടക്കുമ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഇവരിൽ ആർക്കാണ് ഏറ്റവുമധികം ഖുർആൻ അറിയുക?' ആരെയോ ഒരാളെ ചൂണ്ടിക്കാണിച്ചപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഖബ്റിൽ അദ്ദേഹത്തിന്റെ സുഹൃത്തുക്കളേക്കാൾ ഏറ്റവുമാദ്യം അദ്ദേഹത്തെ ഇറക്കുക. അതായത് ഖുർആൻ അറിയുന്നവരെ ആദ്യം ഖബ്റടക്കാൻ നബി(സ)തിരുമേനി പറയുകയായിരുന്നു. ആളുകൾ പറയുന്നു: 'ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്, ഉഹുദ് ദിവസം ഏറ്റവുമാദ്യം ശഹീദായി. അതായത് ആദ്യത്തെ ശഹീദ് അബ്ദുല്ലാഹ് ബിൻ അംറ് ആണെന്ന് ജനങ്ങൾക്കിടയിൽ സംസാരമുണ്ടായിരുന്നു. സുഫ്യാൻ ബിൻ അബ്ദുശ്ശംസാണ് അദ്ദേഹത്തെ ശഹീദാക്കിയത്. നബി(സ)തിരുമേനി യുദ്ധം പരാജയപ്പെടുന്നതിന് മുമ്പേതന്നെ ജനാസ നമസ്കരിപ്പിച്ചു. അതായത് വീണ്ടും ആക്രമണം ഉണ്ടാകുന്നതിനു മുമ്പേ ജനാസ നമസ്കാരം നടത്തി. നബി(സ)തിരുമേനി പറഞ്ഞു: 'അബ്ദുല്ലാഹ് ബിൻ അംറിനേയും അംറ് ബിൻ ജമൂഹിനേയും ഒരേ ഖബ്റിൽ അടക്കുക. കാരണം അവർക്കിടയിൽ ആത്മാർഥമായ സ്നേഹബന്ധമുണ്ടായിരുന്നു. തുടർന്ന് നബി(സ)തിരുമേനി പറഞ്ഞു: 'ഇവർ ഇഹലോകത്ത് പരസ്പരം സ്നേഹിക്കുന്നവരായിരുന്നു. രണ്ടു പേരേയും ഒരേ ഖബ്റിൽ അടക്കം ചെയ്യുക.' പറയുന്നു: അബ്ദുല്ലാഹ് ബിൻ അംറ്, ചെമന്ന നിറമുള്ള ആളായിരുന്നു. തലയുടെ മുൻഭാഗത്ത് മുടി ഇല്ലായിരുന്നു. വലിയ ഉയരമില്ലായിരുന്നു. പക്ഷേ, അംറ് ബിൻ ജമൂഹ് ഉയരമുള്ള ആളായിരുന്നു. അതുകൊണ്ട് രണ്ടുപേരും തിരിച്ചറിയപ്പെട്ടിരുന്നു. രണ്ടുപേരേയും ഒരേ ഖബ്റിൽ അടക്കം ചെയ്തു.(അത്ത്വബഖാത്തിൽകുബ്റാ, ഭാഗം 3, പേജ് 424, അബ്ദുല്ലാഹ് ബിൻ അംറ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2012) അവശേഷിക്കുന്ന അദ്ദേഹത്തിന്റെ സ്മരണ പിന്നീട് വിവരിക്കുന്നതാണ്. (വിവർത്തകൻ: എച്ച്. ശംസുദ്ദീൻ, കാവശ്ശേരി, ടൈപ് സെറ്റിംഗ്: ഹാശിം അശ്റഫ്, ആലപ്പുഴ)

---

(പേജ് 2ൽനിന്ന്)

ഹായത്തോടൊപ്പം സത്യവും കളവും തിരിച്ചറിയുക എന്നതിനുള്ള ഈ മാർഗം ഹൃദയംഗമമായി എനിക്കു സമ്മതമാണ്. പക്ഷേ, പ്രമാണപരവും ബുദ്ധിപരവുമായ നിലയിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഈ സംവാദരീതി എന്റെ അഭിപ്രായങ്ങൾ ആവശ്യമില്ലാത്തതാണ്. എന്നാൽ, അതും ഞാൻ സമ്മതിക്കുന്നു. പക്ഷേ, അതിനോടൊപ്പം ഞാൻ ഈ പറയുന്നതും അനിവാര്യമാണ്. അതായത് ഇരുകക്ഷികളും ആറാറു ദിവസം പൂർത്തിയാക്കിയതിനുശേഷം മുകളിൽ പറഞ്ഞനിലയിൽ എന്റേയും എതിർകക്ഷിയുടേയും ഇടയിൽ മുബാഹലയും ഉണ്ടായിരിക്കേണ്ടതാണ്. നമ്മൾ മുബാഹല നടത്തുന്നതായിരിക്കുമെന്ന് ഇരുകക്ഷിയും ആദ്യമെതന്നെ പ്രസിദ്ധീകരിക്കുകയുംവേണം.

ഒരു വർഷത്തിനുള്ളിൽ ഇരുഭാഗത്തും ദൃഷ്ടാന്തമൊന്നും വെളിപ്പെടാതിരിക്കുകയും അല്ലെങ്കിൽ ഇരുകക്ഷികളിലും ഒരുപോലെ വെളിപ്പെടുകയുമാണെങ്കിൽ പിന്നെന്ത് തീരുമാനം ആയിരിക്കും എടുക്കുക എന്നു ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി ഇതാണ്. അങ്ങനെയുള്ള അവസ്ഥയിൽ ഈ എഴുതുന്നയാൾ സ്വയം താൻ പരാജയപ്പെട്ടതായി മനസ്സിലാക്കുകയും വിവരിച്ചു കഴിഞ്ഞിട്ടുള്ള ശിക്ഷക്കർഹനാകുകയും ചെയ്യുന്നതായിരിക്കും. മുബാഹലയ്ക്കുശേഷം ഒരു വർഷത്തിനുള്ളിൽ തീർച്ചയായും ദൃഷ്ടാന്തം വെളിപ്പെടണമെന്നത് എന്റെ സത്യത തെളിയിക്കാൻ എനിക്ക് നിർബന്ധമുണ്ട്. ദൃഷ്ടാന്തം വെളിപ്പെട്ടില്ലെങ്കിൽ ഞാൻ ദൈവത്തിൽ നിന്നുവന്നവനല്ല. നിശ്ചിത ശിക്ഷ മാത്രമല്ല പ്രത്യുത വധശിക്ഷയ്ക്കും അർഹനായിരിക്കും. അതിനാൽ ഇന്ന് ഞാൻ ഇപ്പറഞ്ഞ സകല കാര്യങ്ങളും സ്വീകരിച്ചുകൊണ്ട് വിജ്ഞാപനം നല്കുകയാണ്.

തങ്ങളെക്കുറിച്ച് മൃദുലമായ നിബന്ധനകളും ഞാനെന്റെ ഭാഗത്തുനിന്ന് എന്നെക്കുറിച്ച് വളരെ കർശനമായ നിബന്ധനകൾ വെച്ചിരിക്കുന്നതും ഡോക്ടർ സാഹിബ് ചിന്തിക്കുന്നുണ്ടാകും. അതായത് എനിക്കെതിരിൽ അദ്ദേഹം അടയാളം കാണിക്കണം. ഞാനും കാണിക്കുന്നതായിരിക്കും. ഈ നിബന്ധന കാരണത്താലും അദ്ദേഹംതന്നെ സത്യവാനായി നിശ്ചയിക്കപ്പെടുന്നതായിരിക്കും. ഒരു വർഷംവരെ എനിക്കും അദ്ദേഹത്തിനും അടയാളം കാണിക്കാൻ കഴിഞ്ഞില്ലെങ്കിൽ അപ്പോഴും അദ്ദേഹം തന്നെയായിരിക്കും സത്യവാനെന്ന് നിശ്ചയിക്കപ്പെടുക. എന്റെ ഭാഗത്തുനിന്ന് ഒരു വർഷത്തിനുള്ളിൽ ഡോക്ടർ സാഹിബിന് കാണിക്കാൻ പറ്റാത്ത ദൃഷ്ടാന്തം വെളിപ്പെടുമ്പോഴായിരിക്കും ഞാൻ സത്യവാനാണെന്ന് നിശ്ചയിക്കപ്പെടുക.' (Ibid 46–50)

ഇതിനുള്ള മറുപടിയായി ഡോക്ടർ പാതിരി മാർട്ടിൻ ക്ലാർക്ക് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെഴുതി: 'നമ്മുടെ വാദം താങ്കളോടല്ല. ജൻഡിയാലയിലെ മുഹമ്മദീയരുമായിട്ടാണ്. താങ്കളുടെ ക്ഷണം സ്വീകരിക്കുന്നതിൽ ഞാൻ അശക്തനാണ്. ഇനി അവർ താങ്കളെ അംഗീകരിച്ച് ഈ 'വിശുദ്ധയുദ്ധ'ത്തിന് തങ്ങളുടെ ഭാഗത്തുനിന്ന് താങ്കളെ കൊണ്ടുവരികയാണെങ്കിൽ ഞങ്ങൾക്കൊന്നും പറയാനില്ല. എന്നല്ല വളരെ സന്തോഷമാണ്.'

ഇതിനുള്ള മറുപടി സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ), ഡോക്ടർ പാതിരി മാർട്ടിൻ ക്ലാർക്ക് സാഹിബിനെഴുതി: 'ജൻഡിയാലയിലെ മുസ്ലിമീങ്ങൾക്ക് താങ്കളെഴുതിയ ആദ്യത്തെ കത്ത് എനിക്ക് കിട്ടി. ആ കത്തിൽ ഞാൻ വായിച്ചത് നിങ്ങളെ നേരിടാൻ ആരെങ്കിലുമുണ്ടോ? എന്നാണ്. അപ്പോൾ ഞാനുണ്ടെന്നും എന്റെ കൈയാൽ അല്ലാഹു മുസ്ലിമീങ്ങൾക്ക് വിജയം നല്കുന്നതാണെന്നും സത്യം വെളിപ്പെടുത്തുന്നതായിരിക്കുമെന്നും എന്റെ ആത്മാവ് വിളിച്ചുപറഞ്ഞു. അതുകൊണ്ടുതന്നെ നിങ്ങൾ മുസ്ലിംമീങ്ങളെ പോരാട്ടത്തിന് ക്ഷണിക്കുക എന്നത് അങ്ങേയറ്റം അനുഗൃഹീതവും നല്ലപരിപാടിയുമാണ്. നിങ്ങൾ ഇതിൽ ശാഠ്യം പിടിക്കുമെന്ന് ഞാൻ കരുതുന്നില്ല. നിങ്ങൾ പറഞ്ഞത് ജൻഡിയാലയിലെ മുസ്ലമീങ്ങളോടാണെന്നും മറ്റാരോടുമല്ലെന്നുമല്ല ആ കത്തിൽ പറഞ്ഞത്. ജൻഡിയാലയിൽ പ്രസിദ്ധരും പേരുകേട്ടവരുമായ പണ്ഡിതന്മാരില്ലെന്ന് നിങ്ങൾക്കറിയാം. സാധാരണക്കാരുമായി സംസാരിച്ചു നടക്കുക എന്നത് നിങ്ങളുടെ അന്തസ്സിന് ചേർന്നതുമല്ല. എന്റെ അവസ്ഥ നിങ്ങളിൽനിന്ന് മറഞ്ഞതല്ല, നിങ്ങളുമായി മത്സരിക്കാൻ 10 വർഷമായി ഞാൻ ദാഹിച്ചിരിക്കുകയാണ്. ഞാൻ തി കച്ചും 10 വർഷമായി മൈതാനത്തു നില്ക്കുന്നു. എന്റെ അറിവിൽ രണാങ്കണത്തിലെ പോരാളിയായി സങ്കല്പിക്കാൻ ജൻഡിയാലയിൽ ഒരാളു പോലുമില്ല. അതുകൊണ്ട് വിനയമായി അഭ്യർഥിക്കുകയാണ് നിത്യവുമുള്ള കോലാഹലങ്ങൾ പരിഹരിക്കുക എന്നതാണ് ഉദ്ദേശ്യമെങ്കിൽ ഏതു മതത്തിന്റെ കൂടെയാണോ ദൈവമുള്ളതെന്നും ആരാണോ സത്യവാനായ ദൈവത്തിൽ വിശ്വസിക്കുന്നതെന്നും അറിയാൻ അവരുടെ കുറച്ച് പ്രത്യേകമായ പ്രകാശങ്ങൾ വെളിപ്പെടുന്നതിന് ഈ വിനീതനുമായി പോരാടുക.' (Ibid പേജ് 65)

ഡോക്ടർ പാതിരി ഹെൻഡ്രി മാർട്ടിൻ ക്ലാർക്ക് സാഹിബും സംവാദകൻ ഡെപ്യൂട്ടി അബ്ദുല്ലാഹ് ആഥിമും മുബാഹലക്ക് തയ്യാറായില്ല. അബ്ദുല്ലാഹ് ആഥിം എഴുതി: 'മുഅ്ജിസത്ത് ആവശ്യമുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നില്ല. ദിവ്യദൃഷ്ടാന്തം കാണിക്കാൻ ഞങ്ങൾക്ക് കഴിവില്ല. ഇനി താങ്കൾ എന്തെങ്കിലും ദിവ്യദൃഷ്ടാന്തം കാണിച്ചാൽ അതു കണ്ട് ഞാൻ കണ്ണടയ്ക്കുകയുമില്ല. ഞങ്ങളുടെ തെറ്റ് എത്രത്തോളം പരിഹരിക്കാൻ കഴിയുമോ അത് തിരുത്തേണ്ടത് നിർബന്ധമായി മനസ്സിലാക്കുകയും ചെയ്യും.' പരിഷ്കരണം അവരുടെ വിധിയിലുണ്ടായിരുന്നില്ല. ഇസ്ലാമിന്റേയും സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും സത്യത്തിന് അടയാളം കണ്ട് നിന്ദ്യതയോടെ ഈ ലോകത്തുനിന്ന് വിടപറഞ്ഞുപോകുക എന്നതാണ് അവർക്ക് വിധിക്കപ്പെട്ടിരുന്നത്.'

**(മൻസൂർ അഹ്മദ് മസ്റൂർ)**



# മർയം ബീവി (മറ്റുമ്മ) സാഹിബ (1940–2020)

ചേലക്കരയിൽ 1940-കളുടെ തുടക്കത്തിൽ മുഹമ്മദ് ഹസ്സൻ-മർയുമ്മ ദമ്പതികളുടെ 8 മക്കളിൽ 4-ാമത്തെ മകളായിട്ടായിരുന്നു മർയം ബീവി സാഹിബയുടെ ജനനം. പിന്നീട് 1950-കളുടെ അവസാനത്തിൽ ചേലക്കര ജമാഅത്തിന്റെ രൂപീകരണത്തോട് അനുബന്ധിച്ച് അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിൽ ബയ്അത്ത് ചെയ്തു പ്രവേശിച്ചു. മർഹൂം മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ്. എച്ച്.എ.(റഹ്)യുടെ ശിക്ഷണത്തിന് സൗഭാഗ്യം ലഭിച്ചിരുന്നു. കൂടാതെ മർഹൂം മൗലാനാ മുഹമ്മദ് അബുൽ വഫാ സാഹിബ് തുടങ്ങി നിരവധി പ്രമുഖ വ്യക്തിത്വങ്ങളുടെ ശിക്ഷണഫലമായി ചെറുപ്പത്തിൽത്തന്നെ അസാമാന്യ ധീരതയും ആത്മാർഥതയും കാഴ്ചവച്ചിരുന്നു. ചേലക്കര ജമാഅത്തിലെ ആദ്യ ലജ്‌ന സ്വദ്റായി നിയോഗിക്കപ്പെടുകയും ദീർഘകാലം ആ സേവനത്തിൽ തുടരുവാൻ അവർക്ക് ഭാഗ്യം ലഭിക്കുകയും ചെയ്തിരുന്നു. അതോടൊപ്പംതന്നെ 18-ാം വയസ്സിൽ ചേലക്കര ജമാഅത്തിന്റെ ആദ്യ സ്വദ്റായി അവരോധിക്കപ്പെട്ട മർഹൂം ഡോക്ടർ പി. പി. മുഹമ്മദ് സാഹിബുമായുള്ള വിവാഹവും നടന്നു. അക്കാലത്ത് ചേലക്കരയിലും പ്രാന്തപ്രദേശങ്ങളിലും നിലനിന്നിരുന്ന എതിർപ്പും പന്തിവിരോധവും പക്വതയാർന്ന സഹനത്തോടും, ദുആയോടും മറികടന്നു. അടിയുറച്ച വിശ്വാസവും ക്ഷമയും കൈമുതലായിരുന്ന അവർ താൻ വിശ്വസിക്കുന്ന സത്യദീനിനെ ദൈവിക കല്പന അനുസരിച്ചുകൊണ്ട് മറ്റുള്ളവരിലേക്ക് എത്തിക്കുക തന്റെ ബാധ്യതയായി മനസ്സിലാക്കി തബ്‌ലീഗ് രംഗത്ത് ശ്ലാഘനീയമായ മാതൃക കാഴ്ചവച്ചിരുന്നു. കുടുംബക്കാരും, നാട്ടുകാരും വളരെ സ്നേഹത്തോടെ 'കുഞ്ഞുമ്മതാത്ത' എന്ന് വിളിച്ചിരുന്ന അവർ ആതിഥ്യമര്യാദ കാണിക്കുന്നതിൽ മുൻപന്തിയിൽ നിന്നിരുന്നു. അതിൽ വീട്ടിൽ വരുന്ന പണിക്കാരെന്നോ ഡ്രൈവർമാരെന്നോ മറ്റു അതിഥികളെന്നോ ഉള്ള വ്യത്യാസം കാണിക്കാറുണ്ടായിരുന്നില്ല. പരമദാരിദ്ര്യത്തിലുള്ള സമയത്തുപോലും വീട്ടിൽ ഡോക്ടറെ കാണിക്കാനും മരുന്നിനും മറ്റുമായി വരുന്ന അതിഥികൾക്ക് ചായയോ ഭക്ഷണമോ കഴിയുന്ന വിധത്തിൽ കൊടുക്കുവാൻ അതിഥികളുടെ സമ്മതം ചോദിക്കാറുണ്ടായിരുന്നില്ല. പരിശുദ്ധഖുർആനോടുള്ള അനുരക്തി അസാധാരണമായിരുന്നു. ഖുർആൻ വചനങ്ങളും മറ്റ് ദുആകളും ഹദീഥുകളും ഹൃദിസ്തമാക്കുന്നതിന് സ്വന്തം കൈപടയിൽ എഴുതിയ കുറിപ്പുകൾ എപ്പോഴും കൈവശം വെക്കുകയും അത് വായിച്ചുകൊണ്ട് പഠിക്കുകയും മറ്റുള്ളവരെ അവ പഠിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുമായിരുന്നു. ചില സമയങ്ങളിൽ ഖുർആനിൽ പ്രതിപാദിക്കപ്പെട്ട ഏതെങ്കിലും പ്രത്യേക വിഷയത്തെ സംബന്ധിച്ച് ചർച്ച ചെയ്യുമായിരുന്നു. കുട്ടികൾക്കാണെങ്കിൽ കഥാരൂപേണയും പറഞ്ഞുകൊടുക്കുമായിരുന്നു. അപ്രകാരം തന്നെ സാധുജനങ്ങളോട് അനുകമ്പ കാണിക്കുകയും തന്നാലാവുംവിധമുള്ള സഹായങ്ങൾ അവർക്ക് ചെയ്തുകൊടുക്കുകയും അതോടൊപ്പം കഴിവുള്ളവരിലേക്ക് അത്തരം ആളുകളെ പരിചയപ്പെടുത്തിക്കൊണ്ട് ദരിദ്രരിൽ കാരുണ്യത്തിന്റെ നിമിത്തമാവാൻ ശ്രമിക്കുകയും ചെയ്യുമായിരുന്നു. മേൽപ്പറഞ്ഞ രണ്ട് കർമങ്ങളും അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ടാണ് അവർ ചെയ്തിരുന്നത്. അവ പലപ്പോഴും വീട്ടുകാർപോലും അറിഞ്ഞിരുന്നുമില്ല. നീണ്ട തഹജ്ജുദ് നമസ്കാരത്തോടുകൂടിയാണ് അവരുടെ ഒരു ദിവസം ആരംഭിച്ചിരുന്നത്. കൂടാതെ ഇശ്റാഖ് -ളുഹാ തുടങ്ങിയ നഫ്ലുകളും വീഴ്ച കൂടാതെ എന്നും അനുഷ്ഠിക്കുമായിരുന്നു. അപ്രകാരംതന്നെ നിത്യേന ഖുർആൻ പാരായണം ചെയ്യുന്നതിൽ വീഴ്ച വരുത്തിയിരുന്നില്ല. എന്തെങ്കിലും കാരണത്താൽ രാവിലെ ഓതുവാൻ സാധിച്ചില്ലെങ്കിൽ ദിവസത്തിന്റെ മറ്റേതെങ്കിലും ഭാഗത്ത് അത് പൂർത്തിയാക്കുവാൻ ശ്രദ്ധിച്ചിരുന്നു. അതുപോലെ കഴിവതും നഫ്ൽ നോമ്പ് അനുഷ്ഠിക്കുന്ന കാര്യത്തിലും ശ്രദ്ധിച്ചിരുന്നു. ഏതാണ്ട് 20 വർഷക്കാലം ഇഅ്തിക്കാഫ് ഇരുന്നിരുന്നു. ഇത്തവണ ലോക്ക്ഡൗൺ പരിമിതികൾ ഉണ്ടായിരുന്നതുകൊണ്ട് വീട്ടിൽ തന്റെ മുറിയിലായിരുന്നു ഇഅ്തിഖാഫ് ഇരുന്നത്. ആരോഗ്യം അനുവദിച്ച സമയംവരേയും മുടങ്ങാതെ പരിശുദ്ധ ഖാദിയാനിൽ ജൽസയ്ക്ക് പോവുമായിരുന്നു. ഖിലാഫത്തിനോട് ആത്മാർഥ സ്നേഹം പ്രകടിപ്പിച്ചിരുന്ന അവർ തുടർച്ചയായി കാലത്തിന്റെ ഖലീഫയ്ക്ക് ദുആകൾക്ക് വേണ്ടി കത്തുകൾ എഴുതുമായിരുന്നു. അതോടൊപ്പം കുട്ടികളേയും മറ്റും ഖലീഫയ്ക്ക് കത്തെഴുതുവാൻ ഉപദേശിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുമായിരുന്നു. കൂടാതെ ഹുദൂർ തിരുമനസ്സിന്റെ ഖുത്വ്ബ കേൾക്കുന്നതിൽ പ്രത്യേകം താൽപര്യം പ്രകടിപ്പിച്ചിരുന്നു. 2005-ൽ അൽവസിയ്യത്ത് പദ്ധതിയിൽ ഭാഗഭാക്കാകുകയും വസിയ്യത്തിന്റെ എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ട് തന്റെ ജീവിതം ചിട്ടപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തിരുന്നു. ജമാഅത്ത് നമസ്കാരങ്ങൾക്കും യോഗങ്ങൾക്കും മസ്ജിദിൽ പോകുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ജമാഅത്തിലെ മൗലവിമാരോട് ആത്മാർഥ സ്നേഹവും അതിരറ്റ അടുപ്പവും പുലർത്തിയിരുന്ന മർയം സാഹിബ ജാമിഅ വിദ്യാർഥികളോടും ജമാഅത്ത് ഉദ്യോഗസ്ഥരോടും അളവറ്റ സ്നേഹവും ആത്മാർഥ ആദരവും പ്രകടിപ്പിക്കുകയും അവർക്കുവേണ്ടി സ്ഥിരമായി ദുആ ചെയ്യുകയും ചെയ്യുമായിരുന്നു.

ഭർത്താവിന്റെ മരണശേഷം 2001-ൽ ചേലക്കരയിൽനിന്ന് മകളുടെ കൂടെ താമസിക്കുന്നതിന് കണ്ണൂർ ജില്ലയിലെ കടലായിലേക്ക് താമസം മാറിയിരുന്നു. അന്ന് തൊട്ടേ കടലായി ജമാഅത്തിന്റേയും കണ്ണൂർ ജില്ലയുടെതന്നെയും സ്നേഹിതയായി മാറുവാനും സാധിച്ചു. കടലായിലേക്ക് വന്നതു മുതൽ തന്റെ പേരക്കുട്ടികൾ സംബോധന ചെയ്യുന്നത് പ്രകാരം 'മറ്റുമ്മ' എന്നായിരുന്നു അവർ അറിയപ്പെട്ടിരുന്നത്. രക്തബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിൽ അതീവ ശ്രദ്ധപുലർത്തിയിരുന്നു. കുടുംബത്തിലെ മുതിർന്നവർ തൊട്ട് ചെറിയ കുട്ടികളുടെപോലും പേരുകൾ അവർക്കറിയാമായിരുന്നു. എല്ലായ്പ്പോഴും അല്ലാഹുവിന്റെ തീരുമാനങ്ങളിൽ പൂർണ്ണ തൃപ്തയായിരുന്നു. തന്റെ ജീവിതകാലത്തുതന്നെ മാതാപിതാക്കളുടെയും ഭർത്താവിന്റെയും സഹോദരങ്ങളുടെയും മകന്റേയും പേരക്കുട്ടിയുടേയുമടക്കം അടുത്ത ബന്ധുക്കളിൽ പലരുടേയും വേർപാടിൽ ക്ഷമയും സ്ഥൈര്യവും കാണിക്കുകയും ഒരിക്കൽപോലും അല്ലാഹുവിന്റെ തീരുമാനങ്ങളെ തള്ളിപ്പറയുകയോ ചെയ്തിരുന്നില്ല. എല്ലാത്തിനേയും വിനയത്തോടെ സ്വീകരിക്കുകയായിരുന്നു പതിവ്. ഒരു പുഞ്ചിരിയോടെയല്ലാതെ അവരെ സ്മരിക്കാൻ ആർക്കും സാധ്യമാവുകയില്ല.

നേരത്തെ സൂചിപ്പിച്ചതുപോലെ, അവരിലെ തബ്‌ലീഗിനോടുള്ള താൽപര്യം പ്രഗത്ഭമായതിനാൽ അവർ ദീർഘകാലം കടലായി ജമാഅത്തിലെ ലജ്നയുടെ തബ്‌ലീഗ് സെക്രട്ടറിയുമായിരുന്നു. ആ കാലയളവിൽ 2006-ൽ കണ്ണൂർ പോലീസ് മൈതാനിയിൽവെച്ച് നടന്ന അൽഖുർആൻ എക്സിബിഷനിൽ സ്ത്രീകളുടെ ഭാഗത്ത് സംശയ നിവാരണ കേന്ദ്രത്തിന്റെ മേൽനോട്ടം വഹിക്കുവാനുള്ള ഭാഗ്യവും ഉണ്ടായിരുന്നു. അതിന്റെ ഫലമായി അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ ഒരു ബയ്അത്ത് നടക്കുകയും ചെയ്തിരുന്നു. നിത്യവും ഇബാദത്തും ദുആയിലും മുഴുകിയിരുന്ന അവരോട് ജമാഅത്തിന്റെ അകത്തും പുറത്തുമുള്ളവരും യാത്രാവേളകളിൽ പരിചയപ്പെടുന്ന സഹയാത്രികർപോലും ദുആക്ക് അപേക്ഷിക്കുകയും മറ്റും ചെയ്യുമായിരുന്നു. അവരുടെ ദുആ സ്വീകാര്യത അനുഭവിച്ചറിഞ്ഞവർ ധാരാളമുണ്ട്. അവർ ദുആ ചെയ്യാൻ പറഞ്ഞവരുടെ പേരെടുത്തുതന്നെ അവർക്കുവേണ്ടി ദുആ ചെയ്യുകയും പിന്നീട് അതേപറ്റി (ദുആ ചെയ്ത കാര്യത്തെ പറ്റി) ഫോൺ ചെയ്തോ മറ്റോ അവരോട് അന്വേഷിക്കുകയും ചെയ്യുമായിരുന്നു. അധികം അസുഖ ബാധിതയായി കിടക്കാതേയും മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാതേയും എത്രയും വേഗം സുഗമമായ നിലയിൽ ഈ ലോകത്തോട് വിടപറയണമെന്നായിരുന്നു എപ്പോഴും ദുആ ചെയ്തിരുന്നത്. അവരുടെ മറ്റെല്ലാ ദുആയും സ്വീകരിച്ചിരുന്നതുപോലെതന്നെ അവസാന ദുആയും അല്ലാഹു സ്വീകരിച്ചു. ഒരു വെള്ളിയാഴ്ച അതായത് 23.10.2020ന് മഗ്‌രിബിന്റെയും ഇശായുടേയും ഇടയിൽ കടലായിലെ മകളുടെ വീട്ടിൽ ഹൃദയാഘാതത്തെ തുടർന്ന് സമാധാനത്തോടും ശാന്തിയോടുംകൂടി ഇഹലോകവാസം വെടിഞ്ഞു. (ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ) തുടർന്ന് അവരുടെ ആഗ്രഹപ്രകാരം ജന്മനാടായ ചേലക്കരയിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഖബ്ർസ്ഥാനിൽ 24.10.2020ന് ഖബറടക്കി. അല്ലാഹു പരേതയ്ക്ക് മഗ്ഫിറത്ത് നല്കുമാറാകട്ടെ. പരലോകജീവിതം വിശാലമാക്കി കൊടുക്കുമാറാകട്ടെ. ദുഃഖാർത്തരായ കുടുംബാംഗങ്ങൾക്കും മറ്റുളളവർക്കും സഹനവും ക്ഷമയും പ്രദാനം ചെയ്യുമാറാകട്ടെ. മക്കൾ: മർഹൂം അബൂബക്കർ സാഹിബ് ചേലക്കര, ബുശ്റ മാലിക്ക് സാഹിബ കടലായി. മരുമക്കൾ: അബ്ദുൽ മാലിക്ക് സാഹിബ് (സ്വദ്ർ ജമാഅത്ത് കടലായി), റുഖ്‌യാ ബക്ർ സാഹിബ ചേലക്കര. പേരക്കുട്ടികൾ: സജിൽ അഹ്മദ് (ചേലക്കര), ജുനയ്ദ് അഹ്മദ് (കടലായി), ഫെമിന സമീർ, മുബശി ഉമയ്ർ, മർഹൂം അഹ്സൻ അഹ്മദ്.(ജുനയ്ദ് അഹ്മദ് കടലായി)

---

(പേജ് 1ൽനിന്ന്)

തുണക്കാരനുമാകുന്നു. മനുഷ്യൻ അതിനെ ഉപേക്ഷിക്കുകയും ശുചിമുറിയിൽ പോയിട്ടും വൃത്തിയാക്കുന്നില്ലെങ്കിൽ, ആന്തരികമായ പരിശുദ്ധി തൊട്ടുതീണ്ടുകപോലുമില്ല. അതിനാൽ ഓർമിക്കുക! ആന്തരികമായ പരിശുദ്ധിയ്ക്ക് ബാഹ്യമായ പരിശുദ്ധി നിർബന്ധമാണ്. അതുകൊണ്ടാണ് ജുമുഅയ്ക്കെങ്കിലും കുളിക്കേണ്ടത് നിർബന്ധമാണെന്ന് പറഞ്ഞത്. എല്ലാ നമസ്കാരത്തിനും വുളു ചെയ്യേണ്ടതാണ്. നമസ്കരിക്കുമ്പോൾ അത്തർ പൂശുക. പെരുന്നാളുകളിലും ജുമുഅയിലും അത്തർപൂശാനുള്ള കല്പന ഇതിന്റെ അടിസ്ഥാനത്തിലാണ് നിലകൊള്ളുന്നത്. യഥാർഥ കാരണം ഒത്തുചേരുമ്പോൾ ദുർഗന്ധം ഉണ്ടാകുമോ എന്ന ആശങ്കയുണ്ട്. അതിനാൽ കുളിക്കുകയും വൃത്തിയുള്ള വസ്ത്രം ധരിക്കുകയും അത്തർ പൂശുകയും ചെയ്യുമ്പോൾ ദുർഗന്ധവും ചീത്തമണവും തടയുന്നതായിരിക്കും. ജീവിതത്തിൽ അല്ലാഹു ഇതു നിശ്ചയിച്ചതുപോലെയുള്ള നിയമം മരിച്ചതിനുശേഷവും നിശ്ചയിച്ചിരിക്കുന്നു. **(മൽഫൂളാത്ത്, വാള്യം 1, പേജ് 230–231 ഖാദിയാൻ 2018)**

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂസഈദ് ഖുദ്‌രി(റ)നിവേദനം.
നബി(സ)തിരുമേനി പറഞ്ഞു:
'പുലരും മുമ്പേ നിങ്ങൾ വിത്ർ നമസ്കാരം നിർവഹിക്കുക.'
(മുസ്‌ലിം, ഹദീഥ് 394)**

**ത്വാലിബെ ദുആ:
Rahman Shakeer & Family, Ahmadiyya Jama-ath Karulai, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂസഈദ് ഖുദ്‌രി(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'പ്രായപൂർത്തിയായ എല്ലാവരും വെള്ളിയാഴ്ച കുളിക്കേണ്ടതാണ്. പല്ലുതേക്കലും കഴിവിൽപ്പെട്ട സുഗന്ധലേപനവും അപ്രകാരംതന്നെ.' (മുസ്‌ലിം, ഹദീഥ് 405)**

**ത്വാലിബെ ദുആ:
P.P.Raheem & Family,Ahmadiyya Jama-ath Payangadi, Kerala**

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ യൂറോപ്യൻ പര്യടനം- 2015 ഒക്ടോബർ

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2015 ഒക്ടോബർ 16 ശനിയാഴ്ച:**

(കഴിഞ്ഞലക്കം തുടർച്ച....)സ്വന്തം മതത്തെ സംരക്ഷിക്കുന്നതിനും അല്ലെങ്കിൽ ദീൻ കാരണത്താൽ ജീവിതം രക്ഷിക്കാൻ വേണ്ടിയുമാണ് ഈ യാത്ര നിങ്ങൾ ചെയ്തത്. ഈ രാജ്യത്ത് നിങ്ങൾ വന്നത് ഏതെങ്കിലും സാമർഥ്യം കൊണ്ടാണെന്നും പറയാൻ കഴിയില്ല. അധികപേർക്കും ഈ രാജ്യങ്ങളിൽ എത്തിപ്പെടാനുള്ള സാമർഥ്യവുമില്ല. അപ്പോൾ മതസ്വാതന്ത്യം ലഭിക്കണമെന്നും അതു മുഖേന അല്ലാഹുവിനോടുള്ള കടമ നിർവഹിക്കണമെന്നുമുള്ള കാരണത്താലാണ് പലായനം ചെയ്തതെന്നുള്ള ദൈവത്തിന്റെ കാര്യങ്ങൾ അംഗീകരിക്കേണ്ടത് നിർബന്ധമാണ്. ഇവിടെ വന്നതിന്നു ശേഷം ലഭ്യമായ സാമ്പത്തിക ഔന്നത്യവും അധികപേർക്കും ലഭിച്ചിട്ടുള്ള ജീവിതവിശാലതയും അല്ലാഹുവിന്റെ കല്പനയനുസരിച്ച് കൂടുതൽ പ്രവർത്തിക്കാൻ നമ്മെ പ്രേരിപ്പിക്കേണ്ടതാണ്.

അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും കാര്യങ്ങൾ മനസ്സിലാക്കുന്നവരും അതനുസ്സരിച്ച് പ്രവർത്തിക്കുന്നവരും ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടു ചെയ്ത ബയ്അത്തിനോടുള്ള കടമകൾ നിർവഹിക്കുന്നവരും ഈ ലോകത്തെ കളിതമാശകളിൽനിന്നും അനാവശ്യങ്ങളിൽനിന്നും വിട്ടു നില്ക്കുന്നവരും സ്വന്തം തലമുറയെ രക്ഷപ്പെടുത്തുന്നവരും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അംഗീകരിച്ചുകൊണ്ട് നമ്മൾ ചെയ്ത കരാറുകൾ പാലിക്കുന്നവരും അത് പൂർത്തിയാക്കുന്നവരുമാകാൻ നമ്മെയെല്ലാവരേയും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഹുദൂറിന്റെ ഈ പ്രഭാഷണം 1.20 വരെ നീണ്ടു. അവസാനം ഹുദൂർ ദുആ ചെയ്തു. ഇതിന്നു ശേഷം ലജ്നാ നാസിറാത്ത് ചുവടെ ചേർക്കുന്ന സംഘങ്ങൾ അവരവരുടെ ഭാഷകളിൽ പ്രാർഥനാ ഗാനങ്ങളാലപിച്ചു. സംഘഗാനങ്ങളും ആലപിച്ചു; ആഫ്രീക്കൻ, അറബി, ഉർദു, പഞ്ചാബി, ജർമൻ, ഇംഗ്ലീഷ്, സ്പാനിഷ്, തുർക്കി, ബോസ്നിയൻ, മാസിഡോണിയൻ, ഇന്തൊനേഷ്യൻ, ബംഗ്ല, ജുമയിക്ക തുടങ്ങിയ ഭാഷകളിൽ! ഈ അവസരത്തിൽ ലജ്നാ അംഗങ്ങൾ മുദ്രാവാക്യങ്ങളും വിളിക്കുകയുണ്ടായി.

അതുകഴിഞ്ഞ് കൊച്ചുകുട്ടികളുടെ ഹാളിൽ ഹുദൂറെത്തി. ഹുദൂർ അവിടെ വന്നപ്പോൾ കുട്ടികളുടേയും അവരുടെ മാതാക്കളുടേയും സന്തോഷം കാണേണ്ടതു തന്നെയായിരുന്നു. ഇവിടേയും നാസിറാത്തു കുട്ടികൾ സംഘഗാനങ്ങൾ ആലപിക്കുകയുണ്ടായി.

1.45-ന് പുരുഷന്മാരുടെ ജൽസാഗാഹിലേക്ക് പോയ ഹുദൂർ ളുഹ്ർ അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു.

വൈകുന്നേരം 04.00 മണിക്ക് ജർമൻകാരും മറ്റു രാജ്യക്കാരും ഒരു പരിപാടിയിൽ പങ്കെടുക്കാൻ പോയി. ഇത് പുരുഷന്മാരുടെ ജൽസാ ഗാഹിലാണ് നടന്നത്. ഹുദൂർ എത്തുന്നതിനു കുറച്ചു മുമ്പേ ഈ പരിപാടി തുടങ്ങിയിരുന്നു. 1179 ആളുകൾ ഇതിൽ പങ്കെടുത്തു. ജർമനിയുടെ വിവിധ പട്ടണത്തിൽ നിന്ന് വന്ന 502 ആളുകൾ ഇതിൽ ഉൾപ്പെടുന്നു. യൂറോപ്യൻ രാജ്യങ്ങളായ ബൾഗേറിയ, മാസിഡോണിയ, മാൾട്ട, അൽബേനിയ, ബോസ്നിയ, കൊസോവൊ, ഹങ്കറി, ക്രൊയേഷ്യ, ലിത്വാനിയ, എസ്റ്റോണിയ, സ്ലോവേനിയ രാജ്യങ്ങളിൽ നിന്നു 341 പേർ പങ്കെടുത്തു. അറബ് രാജ്യങ്ങളിൽ നിന്നുമുള്ള 157 പേരും ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള 75 പേരും വിവിധ ഏഷ്യൻ രാജ്യങ്ങളിൽനിന്നുള്ള 104 പേരും പങ്കെടുത്തിരുന്നു. മൊത്തത്തിൽ 67 വിവിധ ജനവിഭാഗങ്ങളിൽ നിന്നുള്ളവരാണ് ഇതിൽ പങ്കെടുത്തത്. ഹുസൂറിന്റെ വരവിനു ശേഷം പ്രോഗ്രാം ആരംഭിച്ചു.

സാവോ ടോമെ ആൻഡ് പ്രിൻസിപ്പേ(S A O Tome and PRINCIPE) എന്ന രാജ്യത്തിന്റെ പ്രസിഡന്റിന്റെ പ്രതിനിധി ഉർബിനോ ജോസ് ഗൊൺകാൾവസ് ബൊടേൽഹൊ(URBINO JOSE GONCALVES BOTELHO) ജർമൻ ജൽസയിൽ പങ്കെടുത്തു. അദ്ദേഹം തന്റെ ലഘുപ്രഭാഷണത്തിൽപറയുന്നു: 'ഞങ്ങളുടെ രാജ്യത്തിന്റെ പ്രസിഡന്റിന്റെ ഭാഗത്തു നിന്നുള്ള നന്ദി നിങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. നിങ്ങളെനിക്ക് ഈ ജൽസയിൽ പങ്കെടുക്കാനുള്ള ക്ഷണം നല്കി. തന്റെ തിരക്കുകൾ കാരണത്താൽ നേരിട്ട് ഇതിൽ പങ്കെടുക്കാൻ സാധിക്കാത്തതിൽ അദ്ദേഹം തന്റെ വ്യസനം അറിയിച്ചിരിക്കുന്നു.

ഇപ്രകാരം ജർമൻ അഹ്മദിയ്യാ ജമാഅത്തിനോടു പ്രസിഡന്റിന്റെ ഭാഗത്തു നിന്നുള്ള ഭാവുകങ്ങൾ ഞാൻ അറിയിക്കാനാഗ്രഹിക്കുന്നു. വളരെ ഗംഭീരമായ നിലയിൽ 2019-ലെ ഈ ജൽസ സംഘടിപ്പിക്കാൻ ഭാഗ്യം ലഭിച്ചിരിക്കുന്നു. ജൽസയിൽ ഞങ്ങൾ കണ്ട സാഹോദര്യത്തിന് നിങ്ങളോട് നന്ദി പറയുന്നു.

അഹ്മദിയ്യാ ജമാഅത്ത് ജർമനിയുടേയും ഹ്യൂമാനിറ്റി ഫസ്റ്റിന്റേയും സേവനങ്ങളെ വളരെ സന്തോഷത്തോടെ ഞാൻ വാഴ്ത്തുന്നു. നമ്മുടെ രാജ്യത്തിലെ ജനങ്ങളുടെ ജീവിതത്തിനും വിദ്യാഭ്യാസത്തിനും ശ്രേയസ്സിനും വേണ്ടിയാണ് ഈ ജീവകാരുണ്യപ്രവർത്തനം നടത്തിവരുന്നത്. ഈ സേവനങ്ങളിൽ നിന്ന് ചിലത് ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഉദാഹരണമായി ഹ്യൂമാനിറ്റി ഫസ്റ്റ് നമ്മുടെ രാജ്യത്തിന്റെ ഗ്രാമീണ മേഖലകളിൽ സ്കൂളുകളുടെ നിർമാണവും ഇതിലേക്ക് ആവശ്യമായ അടിസ്ഥാന ആവശ്യങ്ങളും പൂർത്തിയാക്കാൻ ശ്രമിച്ചു വരുന്നു. ഇതേപോലെതന്നെ ഹൈസ്കൂളിലെ മുന്നൂറിലധികം കുട്ടികൾക്കു സ്കോളർഷിപ്പിനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുന്നു. രാജ്യത്താകമാനം തുടർച്ചയായി മെഡിക്കൽ ക്യാമ്പുകളും സർജറി ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നു. ആവശ്യക്കാർക്കും ദുരന്തബാധിതർക്കും നമ്മുടെ രാജ്യത്തുള്ള ഹ്യൂമാനിറ്റി ഫസ്റ്റിന്റെ സാന്നിധ്യം വളരെയധികം ഫലദായകമാണെന്നത് സ്ഥിരീകരിക്കുന്ന കാര്യങ്ങളാണ്.

പ്രകൃതി ക്ഷോഭം ബാധിച്ചവർക്കും തീപിടിത്തം അനുഭവിച്ചവർക്കും വേണ്ടി ഹ്യൂമാനിറ്റി ഫസ്റ്റ് വീടുകൾ നിർമിക്കുന്നു. അതിന് ഖലീഫത്തുൽ മസീഹിനോട് നന്ദി പറയുന്നു. നിങ്ങൾ ഈ സേവനം മുഖേന നമ്മുടെ രാജ്യത്തെ സഹായിച്ചിരിക്കുന്നു. ഹ്യൂമാനിറ്റി ഫസ്റ്റിന്നു കീഴിൽ നമ്മുടെ രാജ്യത്ത് നടക്കുന്ന ഹോസ്പിറ്റൽ നിർമാണ പ്രോഗ്രാം ആരോഗ്യ വകുപ്പിൽ ചരിത്രപരമായിരിക്കും. ഈ ലക്ഷ്യത്തിനുവേണ്ടി നിലവിലുള്ള ഭരണകൂടം ഹ്യൂമാനിറ്റി ഫസ്റ്റിനു വേണ്ടി റോസ ഉബ ബുഡോയിൽ (ROSA UBA BUDO) ഒരു കെട്ടിടം ഉപഹാരമായി നല്കി.

അവസാനമായി ഞാൻ നിങ്ങൾക്ക് ഉറപ്പു നല്കാനാഗ്രഹിക്കുന്ന കാര്യം സാവോ ടോമെ ആൻഡ് പ്രിൻസിപ്പേ(S A O Tome and PRINCIPE) ഭരണകൂടം ഹ്യൂമാനിറ്റി ഫസ്റ്റിനോടും അഹ്മദിയ്യാ ജമാഅത്തിനോടും ഒരു സുശക്തവും സുസ്ഥിരവുമായ ബന്ധം നിലനിറുത്താൻ ആഗ്രഹിക്കുന്നു.

ഈ അവസരത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഭരണകൂടത്തിന്റെ പ്രസിഡന്റിന്റെ ഭാഗത്തു നിന്ന് ഖലീഫത്തുൽമസീഹിനെ ക്ഷണിക്കാൻ ആഗ്രഹിക്കുന്നു. അങ്ങ് ഈ ഹോസ്പിറ്റലിന്റെ ഉൽഘാടന പരിപാടിയിൽ പങ്കെടുക്കണമെന്നത് ഞങ്ങളുടെ സീമാതീതമായ അന്തസ്സിനും അഭിമാനത്തിനും സാഹചര്യമോരുക്കും. അങ്ങ് ശ്രദ്ധിച്ചതിന് വളരെ നന്ദി.'

ശേഷം പ്രോഗ്രാമിന്റെ ഔദ്യോഗിക ഉൽഘാടനം ജർമനി ജമാഅത്ത് മുബല്ലിഗ് അസീസം ശക്കീൽ അഹ്മദ് ഉമർ സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. ജർമൻ ഭാഷയിൽ അതിന്റെ തർജമയും കേൾപ്പിക്കപ്പെട്ടു. 04.45-ന് ഹുദൂർ ഇംഗ്ലീഷിൽ സദസ്സിനെ സംബോധന ചെയ്തു. അതിന്റെ തർജമ ഇപ്രകാരമാണ്:

**ഹുദൂർ അൻവറിന്റെ പ്രഭാഷണം.**

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ എന്നതിനു ശേഷം ഹുദൂർ പറഞ്ഞു: എല്ലാ ആദരണീയ അതിഥികൾക്കും അസ്സലാമു അലയ്ക്കും. അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹങ്ങളും നിങ്ങൾക്കു മേൽ വർഷിക്കുമാറാകട്ടെ!

ഇന്ന് നമ്മുടെ ജൽസ സാലാനയിൽ പങ്കെടുക്കാൻ വന്ന നിങ്ങളെല്ലാ അതിഥികൾക്കും നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ജൽസ സാലാന സവിശേഷമായ ഒരു മതപരമായ സമ്മേളനമാണ്. ഇതിൽ അഹ്മദി മുസ്ലിമിങ്ങൾ തങ്ങളുടെ ആത്മീയവും സ്വഭാവപരവും മതപരവുമായ അറിവ് വർധിപ്പിക്കാൻ ഒരുമിച്ചു കൂടുന്നു. ഇവിടെ ജൽസ സാലാന ജർമനിയിൽ ഇപ്പോൾ ഇതൊരു രീതിയായി തീർന്നിട്ടുണ്ട്. സവിശേഷമായ രീതിയിൽ മുസ്ലീം-അമുസ്ലിം അതിഥികൾക്ക് പ്രയോജനപ്പെടാൻ വേണ്ടി ഒരു പ്രത്യേക സെഷനും വെക്കപ്പെട്ടിരിക്കുന്നു. അതിന്നുവേണ്ടി നാമിന്ന് ഇവിടെ സമ്മേളിച്ചിരിക്കുകയാണ്. മുമ്പേയും ഇവിടെ വന്നിട്ടുള്ള നിങ്ങളിലെ അതിഥികൾക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെ കുറിച്ച് അറിവുണ്ടാകും. കൂടാതെ ആദ്യമായി പങ്കെടുക്കുന്ന കുറച്ച് അതിഥികളും ഉണ്ടാകും. അവർ അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസങ്ങൾ അറിയാൻ ആഗ്രഹിക്കുന്നുണ്ടാകും. അവർക്കും അഹ്മദിയ്യാ ജമാഅത്ത് ഒരു ഇസ്ലാമിക വിഭാഗമാണെന്ന് മനസ്സിലായിക്കാണും. ഇസ്ലാം മത സ്ഥാപകർ ഹദ്റത്ത് മുഹമ്മദ് (സ)അവസാന കാലത്തെ സംബന്ധിച്ച് നല്കിയ സുവാർത്തയനുസരിച്ച് മനുഷ്യ കുലത്തിന്റെ സംസ്കരണത്തിനു വേണ്ടി സ്ഥാപിതമായ വിഭാഗമാണിത്.

കാലപ്പോക്കിൽ ഒരു പ്രത്യേക വിശ്വാസത്തേയെ ജമാഅത്തിനേയോ അംഗീകരിക്കുന്നവർ അവരുടെ അടിസ്ഥാന വിശ്വാസങ്ങളിൽ നിന്ന് അകലാൻ തുടങ്ങുന്നു എന്നത് ഒരു സ്വാഭാവികമായ

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ)തിരുമേനി പറഞ്ഞു: 'സൂര്യനുദിക്കുന്ന ദിവസങ്ങളിൽ ഏറ്റം ശ്രേഷ്ഠം വെള്ളിയാഴ്ചയാകുന്നു. അന്നാണ് ആദം സൃഷ്ടിക്കപ്പെട്ടത്. അദ്ദേഹം സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടതും അന്നാണ്. അവിടെനിന്ന് പുറത്താക്കപ്പെട്ടതും അന്നുതന്നെ. ലോകാവസാനം സംഭവിക്കുന്നതും വെള്ളിയാഴ്ചയായിരിക്കും.' (മുസ്ലിം, ഹദീഥ് 400)**

ത്വാലിബെ ദുആ
P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ര്‍ വീക്കിലി ഖാദിയാന്‍ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 03 December 2020 Issue-49

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

പ്രതിഭാസമാണ്. തല്‍ഫലമായി ഈ എല്ലാ ജമാഅത്തുകളേയും ആദ്യം മുതല്‍ ജീവിപ്പിക്കേണ്ടി വരുന്നു. അല്ലെങ്കില്‍ ക്രമേണയായി അതിന്റെ യഥാര്‍ഥ അസ്തിത്വംതന്നെ നഷ്ടപ്പെടുകയോ പുതിയ രൂപം പ്രാപിക്കുകയോ ചെയ്യുന്നു. അതിന് അതിന്റെ യഥാര്‍ഥ രൂപം ബാക്കിയാകുകയുമില്ല.

മതപരമായ ജമാഅത്തുകള്‍ക്ക് ഈ പ്രതിസന്ധി നേരിടേണ്ടി വരുമ്പോള്‍ അല്ലാഹുവിന്റെ നടപടി ക്രമം അനുസരിച്ച് യഥാര്‍ഥ അധ്യാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന്നുവേണ്ടി തന്റെ തിരഞ്ഞെടുത്ത ദൂതന്മാരെ ജനതയുടെ സംസ്കരണത്തിനു വേണ്ടിയും യഥാര്‍ഥ അധ്യാപനങ്ങളിലേക്ക് മാര്‍ഗദര്‍ശനം നല്കുന്നതിന്നുമായി അല്ലാഹു നിയോഗിക്കുന്നു എന്നതാണ് നമ്മുടെ വിശ്വാസം. ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം ഹദ്റത്ത് മുഹമ്മദ്(സ) അവസാനത്തെ ശരീഅത്ത് കൊണ്ടുവന്ന നബിയാണെന്നാണ് ഞങ്ങളുടെ വിശ്വാസം. പിന്നീട് പത്തൊന്‍പതാം നൂറ്റാണ്ടിന്റെ അവസാനത്തില്‍ യഥാര്‍ഥ അധ്യാപനങ്ങളേയും വിശ്വാസത്തേയും പുനരുജ്ജീവിപ്പിക്കുന്നതിന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരെ ഒരു പരിഷ്കര്‍ത്താവ് എന്ന നിലയില്‍ ദൈവം അയച്ചു. അദ്ദേഹം ഇസ്‌ലാമിനെ പഠിപ്പിക്കുകയും അതനുസരിച്ച് പ്രവര്‍ത്തിക്കാന്‍ ഉപദേശിക്കുകയും ചെയ്തു.

ഞങ്ങള്‍ ഞങ്ങളുടെ ജമാഅത്തിന്റെ സ്ഥാപകരെ വാഗ്ദത്ത മസീഹെന്നും മഹ്ദി(നേരിട്ട് നേര്‍മാര്‍ഗം ലഭിച്ച വ്യക്തി) എന്നും വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ സര്‍വതോന്മുഖമായ ലക്ഷ്യം ഇസ്‌ലാമിന്റെ യഥാര്‍ഥ അധ്യാപനങ്ങളെ പുനരുജ്ജീവിപ്പിക്കുകയും മനുഷ്യകുലത്തെ അല്ലാഹുവിലേക്ക് മടക്കിക്കൊണ്ടു വരികയും ചെയ്യുക എന്നതാണ്. ഞങ്ങളുടെ ജമാഅത്തിനെ ഹ്രസ്വമായി പരിചയപ്പെടുത്തിയതിനുശേഷം ലോകത്തിന്റെ നിലവിലുള്ള സാഹചര്യത്തെ കുറിച്ച് ഇനി പറയാം.

സ്വാതന്ത്ര്യത്തോടും തന്നിഷ്ടത്തോടും സുഖമായും ജീവിക്കാന്‍ ആഗ്രഹിക്കുക എന്നത് ഓരോ മനുഷ്യന്റേയും പ്രകൃതിയാണ്. എല്ലാ വിധ തര്‍ക്കവിതര്‍ക്കങ്ങളില്‍ നിന്നും മുക്തമായതും സമാധാന പൂരിതവും ശാന്തനിര്‍ഭരവുമായ ജീവിതത്തിനോടുള്ള ആഗ്രഹം ഒരു സ്വാഭാവികമായ വസ്തുതയാണ്. സമാധാന പൂരിതവും സുരക്ഷിതവുമായ സ്ഥലത്ത് താമസിക്കണമെന്നും ഓരോ വ്യക്തിയും ആഗ്രഹിക്കുന്നു. തന്റെ പ്രദേശം അഥവാ പട്ടണം സുരക്ഷിതമായിരിക്കണമെന്നതും സഹവര്‍ത്തിത്വത്തോടെ ജീവിക്കണമെന്നതും തന്റെ രാജ്യം സമാധാന പൂരിതമായി വളരണമെന്നതും വികസിക്കണമെന്നതും ജീവിത സൗകര്യങ്ങള്‍ നേടണമെന്നതും ഓരോ വ്യക്തിയുടേയും ആഗ്രഹമാണ്. മുഴുലോകവും സമാധാന പൂരിതമാകണമെന്നാണ് ജനങ്ങള്‍ ആഗ്രഹിച്ചു പോരുന്നതും! സമാധാനത്തിനു വേണ്ടിയുള്ള ഈ സ്വാഭാവികമായ ആഗ്രഹം നലിനില്ക്കുമ്പോഴും ഭിന്നിപ്പുകളും കുഴപ്പങ്ങളും തര്‍ക്കവിതര്‍ക്കങ്ങളും ലോകത്തിന്റെ നാനാഭാഗത്തും വ്യപിച്ചിരിക്കുന്നു. ആഭ്യന്തര കലഹം കാരണത്താല്‍ മോശമായിത്തീര്‍ന്ന രാഷ്ട്രങ്ങളുമുണ്ട്. കുഴപ്പം വിതയ്ക്കുന്ന വിഭാഗങ്ങള്‍ ഇതര വിഭാഗക്കാര്‍ക്കോ ഭരണകൂടത്തിനോ എതിരെ ഉയര്‍ത്തെഴുന്നേല്ക്കുന്നു. ചില രാജ്യങ്ങളിലെ സംസ്ഥാനങ്ങള്‍ക്കും വിവിധ പ്രദേശങ്ങള്‍ക്കുമിടയില്‍ വളര്‍ന്നു വന്നിരിക്കുന്ന അതികഠിനമായ ശത്രുത അവരുടെ സ്വന്തം സമൂഹത്തിന്റെ തന്നെ സമാധാനത്തെ തകര്‍ത്തിരിക്കുകയാണ്. ഈ രാജ്യങ്ങളില്‍ കൂടുതല്‍ വ്യക്തികള്‍ പലായനം ചെയ്തും എത്തിയിരിക്കുന്നു. തദ്ദേശ വ്യക്തികള്‍ക്കും അഭയാര്‍ഥികള്‍ക്കും ഇടയില്‍ പ്രശ്നങ്ങളും കണ്ടു വരുന്നു.

(തുടരും)

---

(പേജ് 1ല്‍നിന്ന്)

രിഹസിക്കാറുണ്ട്. ചിലപ്പോള്‍ അനവസരത്തില്‍ വിശുദ്ധഖുര്‍ആനിന്റെ വചനമോതുന്നു. ചിലപ്പോള്‍ നേരമ്പോക്കിന്റെ അവസരത്തില്‍ നബി(സ)തിരുമേനിയുടെ ഹദീഥ് വായിക്കുന്നു. വാസ്തവത്തില്‍ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും സ്ഥാനം വളരെ ഉന്നതമാണ്. അവര്‍ പറഞ്ഞ കാര്യങ്ങള്‍ നേരമ്പോക്കിന്റേയും അവഹേളനത്തിന്റേയും അവസരത്തില്‍ വിവരിക്കുക അങ്ങേയറ്റം ഭയാനകമായ കാര്യമാണ്. ഇക്കാര്യം മനസ്സിനെ കറുപ്പിച്ചുകളയുന്നു. ആത്മീയതയെ കൊല്ലുന്നു. തഖ്‌വയെ മെതിച്ചുകളയുന്നു. ഈ പാപത്തെ അതിജയിക്കാന്‍ ഏതെങ്കിലും വലിയ അധ്വാനത്തിന്റെ ആവശ്യമില്ല. ഏതെങ്കിലും അതിമോഹത്തെ അമര്‍ത്തുക എന്നതല്ല ഇവിടെ പ്രശ്നം. ഒരു നിസാരമായ ശ്രദ്ധയുടെ ആവശ്യമുണ്ട്. ആരിലാണോ ഈ രോഗമുള്ളത് അവര്‍ക്ക് ഒരു ചെറിയ ശ്രദ്ധകൊണ്ട് ഈ പോരായ്മ അകറ്റാന്‍ കഴിയും. കുറച്ച് അധ്വാനത്തോടുകൂടി മനസ്സിനെ ഏറെക്കുറെ പരിഷ്കരിക്കാന്‍ കഴിയുമെന്നാല്‍, അത് അവരെ വലിയ വലിയ ജോലികള്‍ ചെയ്യാന്‍ പ്രാപ്തരാക്കും.

അതിനാല്‍ അല്ലാഹുവിന്റെ കാര്യങ്ങളേയും അവന്റെ റസൂലിന്റെ കാര്യങ്ങളേയും നേരമ്പോക്കാക്കുകയും തമാശ കാണിക്കുകയും ചെയ്യുന്നത് തികച്ചും ഉപേക്ഷിക്കുക. ഈ പാപം അരുചികരവും മനുഷ്യമനസ്സിനെ തികച്ചും മൃതമാക്കിക്കളയുന്നതുമാണ്. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും സ്മരണ എപ്പോഴുണ്ടായാലും അതിനോടൊപ്പം മനസ്സില്‍ ദൈവഭയം ഉണ്ടാകേണ്ടതാണ്. ആരോടാണോ സ്നേഹമുള്ളത് അവനെ കുറിച്ചുള്ള സ്മരണ ഒരിക്കലും ആകര്‍ഷിക്കാതിരിക്കുകയില്ല. തന്റെ മാതാപിതാക്കളെ ആരും നേരമ്പോക്കാക്കുകയില്ല. തന്റെ മാതാപിതാക്കള്‍ പറയുന്ന കാര്യങ്ങളെ ആരും നേരമ്പോക്കാക്കുകയില്ല. പിന്നെന്തിനാണ് അല്ലാഹുവിന്റേയും റസൂലിന്റേയും കാര്യങ്ങളെ നേരമ്പോക്കിന്റെ അവസരങ്ങളില്‍ ഉപയോഗിക്കുന്നത്. ഒരു സെക്കന്റ് നേരത്തേക്കുള്ള തമാശയ്ക്കുവേണ്ടി ജീവിതം മുഴുവനുമുള്ള ആരാധനകളെ എന്തിന് പാഴാക്കിക്കളയണം.അല്‍ഹദ്റ ഥുമ്മല്‍ ഹദറ(തഫ്സീര്‍ കബീര്‍, വാള്യം 1, പേജ് 469- 470, ഖാദിയാന്‍ 2010)

# തിരുത്ത്

ബദ്ര്‍ വീക്കിലിയില്‍ 2020 സെപ്തംബര്‍ 24–ാം ലക്കത്തില്‍ ഒന്നാം പേജില്‍ ഈ ഹദീഥ് പ്രസിദ്ധീകരിച്ചിരുന്നു. 'അബൂഖത്താദ(റ)യില്‍നിന്ന് നിവേദനം. നബി(സ) തിരുമേനി ളുഹ്റിന്റേയും അസ്റിന്റേയും രണ്ട് റക്അത്തുകളില്‍ സൂറ ഫാത്തിഹയും ഏതെങ്കിലും സൂറത്തും ഓതാറുണ്ടായിരുന്നു. ചിലപ്പോള്‍ ഞങ്ങളേയും ഏതെങ്കിലും ആയത്ത് കേള്‍പ്പിക്കുമായിരുന്നു.'

ഇതിനെക്കുറിച്ച് ഹദ്റത്ത് ഖലീഫത്തുല്‍ മസീഹ് അല്‍ഖാമിസ് അയ്യദഹുല്ലാഹുതആലായുടെ പ്രൈവറ്റ് സെക്രട്ടറിയില്‍നിന്ന് കത്ത് ലഭിച്ചിരിക്കുന്നു. ഇതുസംബന്ധമായി നിര്‍ദ്ദേശമനുസരിച്ച് അന്വേഷണം നടത്തിയതിനുശേഷം ഹദീഥില്‍ രേഖപ്പെടുത്തിയ വാക്കുകള്‍ *'വയുസ്മിഉല്‍ആയത്ത അഹ്‌യാ നന്‍'* അതായത് ഇടയ്ക്കിടെ നബി(സ)തിരുമേനി ഞങ്ങളെ ഏതെങ്കിലും വചനം കേള്‍പ്പിക്കാറുണ്ടായിരുന്നു. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഉറക്കെ ഖുര്‍ആന്‍ പാരായണം ചെയ്യുക എന്നതല്ല. മറിച്ച് അതിന്റെ ഉദ്ദേശ്യം നബി(സ)തിരുമേനി സ്വഹാബത്തിനെ ദീന്‍ പഠിപ്പിക്കുന്നതിനുവേണ്ടി ഇടയ്ക്ക് കുറച്ചു വാക്കുകള്‍ ഉറക്കെ പറയുമായിരുന്നുവെന്നാണ്. അല്ലെങ്കില്‍ അതില്‍ ഖുര്‍ആന്‍ പാരായണം Whiper(കുശുകുശുക്കുന്നതു)പോലെ ഓതിയിരുന്നുവെന്നാണ്. ഇതില്‍നിന്ന് നബി(സ)തിരുമേനി ഏത് ആയത്തുകളാണ് ഓതിയിരുന്നതെന്ന് കേള്‍ക്കുന്നവര്‍ക്ക് മനസ്സിലാകുമായിരുന്നു.

ഹുദൂര്‍ അന്‍വര്‍ പറഞ്ഞു: 'ഈ ഹദീഥ് വിശദീകരിക്കപ്പെടേണ്ടതാണ്. ഇതനുസരിച്ച് ശരിയാക്കുകയും ഭാവിയില്‍ വിഷയത്തെ ശ്രദ്ധിച്ച് വായിക്കുകയും പിന്നീട് പ്രസിദ്ധീകരിക്കുകയും ചെയ്യുക.'

ഈ തെറ്റു സംഭവിച്ചതില്‍ ഞങ്ങള്‍ ഖേദിക്കുന്നു. അല്ലാഹു നമുക്ക് ഹുദൂര്‍ അയ്യദഹുല്ലായുടെ ഇച്ഛയ്ക്കനുസരിച്ച് നല്ലനിലയില്‍ സ്വീകാര്യമായ സേവനങ്ങള്‍ ചെയ്യാന്‍ തൗഫീഖ് നല്കുമാറാകട്ടെ. ആമീന്‍ (പത്രാധിപര്‍)

**നൂറുല്‍ ഇസ്‌ലാംവകുപ്പിന്റെ പ്രവര്‍ത്തന സമയം:**

രാവിലെ 9 മണിമുതല്‍ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോള്‍ഫ്രീ നമ്പറില്‍ വിളിച്ച് താങ്കള്‍ക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങള്‍ മനസ്സിലാക്കാവുന്നതാണ്.

## തിരുനബിയുടെ തിരുമൊഴികള്‍:

**ഹദ്റത്ത് ഇബ്നു അബ്ബാസില്‍നിന്ന്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി വെള്ളിയാഴ്ച ദിവസം പ്രഭാതനമസ്കാരത്തില്‍ അലിഫ് ലാം മീം തന്‍സീലു..., അസ്സജദ, ഹല്‍ അത്താ അലല്‍ ഇന്‍സാനീ ഹീനുമ്മിനദ്ദഹ്രി ...എന്നീ സൂറത്തുകള്‍ ഓതാറുണ്ടായിരുന്നു. ജുമുഅ നമസ്കാരത്തില്‍ സൂറ ജുമുഅയും അല്‍മുനാഫിഖീനും ഓതുമായിരുന്നു.(മുസ്‌ലിം, ഹദീഥ് 403)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

## തിരുനബിയുടെ തിരുമൊഴികള്‍:

**ഹദ്റത്ത് നുഅ്മാന്‍ ബിന്‍ ബശീര്‍(റ)ല്‍നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: 'നബി(സ)തിരുമേനി രണ്ടു പെരുന്നാള്‍ നമസ്കാരങ്ങളിലും സബ്ബിഹിസ്മ റബ്ബിക്കല്‍ അഅ്‌ലായും ഹല്‍ഹത്താക്കഹദീഥുല്‍ ഗാശിയയുമാണ് ഓതാറുണ്ടായിരുന്നത്; ഈദും ജുമുഅയും ഒരു ദിവസം ഒരുമിച്ചു വന്നാലും.' (മുസ്‌ലിം, ഹദീഥ് 416)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin